## കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത്




# വികസനരേഖ '96

# കണ്ണൂർ ജില്ല



# കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത്

## വികസന റിപ്പോർട്ട് '96

'96 ഡിസംബർ 8

### ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ജനകീയാസൂത്രണം

26-11-1996ന് ചേർന്ന ഭരണസമിതി 275/96 നമ്പർ പ്രമേയപ്രകാരം അംഗീകരിച്ചു.

# റിപ്പോർട്ട് തയ്യാറാക്കുന്നതിന് നേതൃത്വം വഹിച്ചവർ

1. ഡോ: ഇ.പി. അനന്തൻ നമ്പൂതിരി (ഡെ. ഡയരക്റ്റർ[എ.എച്ച്] (റിട്ടയർഡ്)
2. ഡോ: ടി. ബാലൻ (മെിക്കൽ ഓഫീസർ)
3. ജമീല കുന്നത്ത് (കൃഷി ഓഫീസർ)
4. പ്രൊ: എൻ.കെ. അബ്ദുറഹ്മാൻ
5. സി. സത്യനാരായണൻ മാസ്റ്റർ (കൺവീനർ)
6. ഒ.എം. ബാലകൃഷ്ണൻ നമ്പ്യാർ
7. എസ്.പി. രമേശൻ
8. കെ.യു. ത്രേസ്യാമ്മ
9. കെ.സി. വാസുദേവൻ മാസ്റ്റർ
10. ജെയ്സൺ എം. ജോർജ്
11. ഐ.വി. നാരായണൻ
12. എം.വി. ജാനകി
13. എ. ഗോപാലൻ
14. വി.വി. ഗോവിന്ദൻ

ഭൂപടം

15. കെ.എം. ഗംഗാധരൻ (സർവ്വെയർ)

കവർ

16. എ.കെ. ദിവാകരൻ മാസ്റ്റർ

ലേഔട്ട് ആൻറ് ടൈപ്പ് സെറ്റിംഗ്

ടൈം ഡി.ടി.പി. സെൻറർ

പ്രിൻറിംഗ്

ടൈം ഓഫ്സെറ്റ് പ്രിൻേറർസ്, തളിപ്പറമ്പ

# കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതി.

1. സി. ഗോവിന്ദൻ നമ്പ്യാർ : പ്രസിഡൻറ്
2. എൻ.കെ. ഭാരതി : വൈസ് പ്രസിഡൻറ്
3. എം.കെ. സൈബുന്നിസ : സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ
4. ആലിക്കുഞ്ഞി പന്നിയൂർ : മെമ്പർ
5. കെ.വി. ജോസഫ് ,,
6. എം.എൻ. പൂമംഗലം ,,
7. കെ. വിജയലക്ഷ്മി ,,
8. എം.വി. ശകുന്തള ,,
9. പി.വി. നാരായണൻ ,,
10. കെ.പി. താജുദ്ദീൻ ,,

സെക്രട്ടറി

പി.പി. കുഞ്ഞിക്കണ്ണൻ

## കുറുമാത്തൂർ പഞ്ചായത്ത് ദേശം അതിർത്തികളും തോടുകളും



# കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി

പി. ഗോവിന്ദൻ നമ്പ്യാർ
പ്രസിഡണ്ട്



എൻ.കെ. ഭാരതി
വൈസ് പ്രസിഡണ്ട്



[illegible]
[illegible]



## മെമ്പർമാർ

വിജയലക്ഷ്മി



ആലിക്കുഞ്ഞി പനിയൂർ



എം.വി. ശകുന്തള



കെ.പി. നാസറുദ്ദീൻ



പി.വി. നാരായണൻ



എം.എൻ. പുഷ്പമംഗലം



കെ.വി. ജോസഫ്



# കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് ജീവനക്കാർ



പി.പി. കുഞ്ഞിക്കണ്ണൻ
[illegible]



പി. നാരായണൻ
ഹെഡ് ക്ലർക്ക്



പി. [illegible]കൃഷ്ണൻ
[illegible] ക്ലർക്ക്



പി. അശോകൻ
[illegible] ക്ലർക്ക്



[illegible]
[illegible]



സി. [illegible]
[illegible] കലക്ടർ



[illegible]
[illegible]



[illegible]
[illegible]



[illegible]
[illegible]

## ഉള്ളടക്കം


1. ആമുഖം
2. പൊതുവിവരങ്ങൾ
3. ചരിത്ര പശ്ചാത്തലം
4. കൃഷിയും ജലസേചനവും
5. മൃഗസംരക്ഷണവും മത്സ്യബന്ധനവും
6. വ്യവസായം
7. വിദ്യാഭ്യാസം
8. ആരോഗ്യം, കുടിവെള്ളം
9. ഗതാഗം, ഊർജ്ജം, മാർക്കറ്റ്
10. പാർപ്പിടം, സാമൂഹ്യക്ഷേമം
11. സംസ്കാരം
12. വനിതാക്ഷേമം
13. സഹകരണം
14. പട്ടികജാതി ക്ഷേമം
15. വിഭവസമാഹരണം

# കുറുമാത്തൂർ പഞ്ചായത്ത് പൊതുസ്ഥാപനങ്ങൾ




1. ഹോമിയോ ഡിസ്പൻസറി
2. കുടുംബക്ഷേമ ഉപകേന്ദ്രം പന്നിയൂർ
3. പള്ളിവയൽ പോസ്റ്റ്ഓഫീസ്
4. പന്നിയൂർ വില്ലേജ് ഓഫീസ്
5. കുറുമാത്തൂർ സർവ്വീസ് സഹകരണബേങ്ക് പന്നിയൂർ ബ്രാഞ്ച്
6. പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രന്ദ്രം
7. വികസന പരിശീലന കേന്ദ്രം
8. ജില്ലാ കൃഷിത്തോട്ടം
9. കൃഷിഭവൻ
10. മുയ്യം പോസ്റ്റ് ഓഫീസ്
11. കുടുംബ ക്ഷേമ ഉപകേന്ദ്രം വടക്കാഞ്ചേരി
12. പന്നിയൂർ പോസ്റ്റ് ഓഫീസ്
13. കുറുമാത്തൂർ സർവ്വീസ് സഹകരണബേങ്ക് ഹെഡ്ഓഫീസ്
14. കുറുമാത്തൂർ പഞ്ചായത്ത് ഓഫീസ്
15. ഊർജ്ജിത കന്നുകാലി വികസനപദ്ധതി ഉപകേന്ദ്രം
16. കുറുമാത്തൂർ വില്ലേജ് ഓഫീസ്
17. നോർത്ത് മലബാർ ഗ്രാമീൺബേങ്ക്
18. പ്രാഥമികാരോഗ്യ കേന്ദ്രം
19. കുടുംബക്ഷേമ ഉപകേന്ദ്രം. ബാവുപ്പറമ്പ്
20. കുറുമാത്തൂർ പോസ്റ്റ്ഓഫീസ്
21. പ്രാദേശിക കാർഷിക സാങ്കേതിക പരിശീലന കേന്ദ്രം

# ആമുഖം

സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം 49 വർഷങ്ങൾ നാം പിന്നിടുന്നു. കൊളോണിയൽ ഭരണത്തിൻെറ ഫലമായി തകർന്ന നമ്മുടെ സമ്പദ് വ്യവസ്ഥയെ പുനരുദ്ധരിക്കുന്നതിനും അതിൻെറ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനും ആസൂത്രിത വികസനത്തിനു രൂപം നൽകി. ഇതിനകം 8 പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കിയെങ്കിലും ജനപങ്കാളിത്തത്തിൻെറയും ലക്ഷ്യബോധത്തിൻെറയും അഭാവം മൂലം അവയൊക്കെ കേവലം സർക്കാർ വകുപ്പുകളുടെ പ്രവർത്തനം എന്ന നിലയിലേക്ക് ചുരുങ്ങിപ്പോവുകയാണുണ്ടായത്. കേന്ദ്രീകൃതമായ ആസൂത്രണവും നടത്തിപ്പും ജനങ്ങളുടെ താൽപര്യത്തെയും അഭിലാഷങ്ങളെയും അവഗണിച്ചു. സ്കീമുകൾ തയ്യാറാക്കിയതും മുൻഗണനാക്രമം നിശ്ചയിച്ചതും ശാസ്ത്രീയ മാനദണ്ഡങ്ങൾക്കനുസരിച്ചോ പ്രാദേശികാവശ്യങ്ങൾ പരിഗണിച്ചോ ആയിരുന്നില്ല. തത്ഫലമായി പദ്ധതികളുടെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായ അളവിൽ നിറവേറ്റപ്പെട്ടില്ല. യഥാർത്ഥ ഗുണഭോക്താക്കളാകേണ്ട സാധാരണക്കാർ കൈവരിച്ച നേട്ടം തുലോം തുച്ഛവും.

എന്നാൽ അധികാര വികേന്ദ്രീകരണം സ്ഥിതിഗതികളെ മാറ്റിമറിക്കുന്നതിന് കളമൊരുക്കിയിരിക്കുന്നു. 73, 74 ഭരണഘടനാ ഭേദഗതികൾ പഞ്ചായത്ത് രാജ് ആക്ട് സംവിധാനങ്ങളെ കേവലം മാർഗ്ഗ നിർദ്ദേശക തത്വങ്ങളാൽ രൂപീകരിക്കപ്പെട്ടവ എന്നനിലയിൽ നിന്ന് ഇന്ത്യൻ ഭരണകൂടത്തിൻെറ അവിഭാജ്യവും അനിവാര്യവുമായ ഘടകങ്ങളാക്കി മാറ്റിയിരിക്കുന്നു. 1994 ലെ കേരളാ പഞ്ചായത്ത് ആക്റ്റ് 175ാം വകുപ്പ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് പഞ്ചായത്തുകൾക്ക് വിപുലമായ അധികാരം നൽകുന്നുണ്ടെങ്കിലും 97 ഏപ്രിൽ 1ന് ആരംഭിക്കുന്ന 9ാം പദ്ധതിയുടെ ആസൂത്രണത്തിൽ ഈ ചുമതല നിർവ്വഹിക്കുന്നതിന് ഒട്ടേറെ തടസ്സങ്ങളുണ്ട്. താഴെ തട്ടിൽനിന്നുള്ള ആസൂത്രണത്തിൻെറ മുൻഅനുഭവമില്ലായ്മ, നിയമപരവും സാങ്കേതികവുമായ തടസ്സങ്ങൾ, വിദഗ്ദരുടെ അഭാവം , വികസനത്തെക്കുറിച്ച് ശരിയായ അവബോധമില്ലായ്മ ഇവയൊക്കെ ഗൗരവമായ പ്രശ്നങ്ങളാണ്. ഈ പ്രത്യേക സാഹചര്യത്തിലാണ് ബഹുജന പ്രവർത്തകരേയും ഉദ്യോഗസ്ഥരേയും വിദഗ്ദരേയും സംയോജിപ്പിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിൻെറ 9ാം പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നത്. പദ്ധതി അടങ്കലിൻെറ 35-40% തുകയ്ക്കുള്ള സ്കീമുകൾ ത്രിതല പഞ്ചായത്ത് സമിതികൾവഴി രൂപപ്പെടുത്തുന്നതിന്നും നടപ്പിലാക്കുന്നതിനും അവയെ കഴിവുറ്റതാക്കുന്നതോടൊപ്പം പരിശീലനം, പ്രചരണം, സന്നദ്ധ സേവനം, തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിലൂടെ കേരളത്തിൽ ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുന്നതിനും ഈ പ്രസ്ഥാനം ലക്ഷ്യമിടുന്നു.

പദ്ധതികളുടെ ലക്ഷ്യം കൈവരിക്കുന്നതിന് ജനപങ്കാളിത്തം അനിവാര്യമാണെന്ന തിരിച്ചറിവിൻെറ വെളിച്ചത്തിൽ കേരളാ സർക്കാർ ആവിഷ്ക്കരിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി ആവേശകരമായ പ്രവർത്തനങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ നടന്നത്. ജില്ലാതല പരിശീലനം ലഭിച്ച പരിശീലകരുടേയും പഞ്ചായത്ത് ഭരണസമിതിയുടെയും നേതൃത്വത്തിൽ 14/9/96ന് തിരഞ്ഞെടുക്കപ്പെട്ട 60 പ്രവർത്തകർക്ക് ഏകദിന പരിശീലനം നൽകി. 15/9/96 മുതൽ 2/11/96 വരെയുള്ള തീയ്യതികളിൽ പഞ്ചായത്തിലെ 10 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേരുകയും വാർഡുകളുടെ 12 വികസന തുറകളിലെ പ്രശ്നങ്ങൾ സമഗ്രമായി ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്തു. ഗ്രാമ സഭകളിൽ മൊത്തം 967 പേർ പങ്കെടുത്തു. ഈ ഗ്രാമ സഭകളിൽ ജനങ്ങളുടെ അനുഭവങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും ഉയർന്നുവന്നു. 29/10/96 നടന്ന 2ാം ഘട്ട പരിശീലത്തെ തുടർന്നു ദ്വിതീയ വിവര ശേഖരണം, പഠനപര്യടനം എന്നിവ നടത്തുകയും ചെയ്തു.

വിശേഷാൽ ഗ്രാമസഭകളിൽ നടന്ന ക്രിയാത്മക ചർച്ചകളിലെ റിപ്പോർട്ടുകളും വിവിധ ഓഫീസുകളിൽ നിന്നും ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളും ദ്രുത ഗ്രാമ പഠനത്തിലൂടെയും നാട്ടറിവിലൂടെയും ലഭിച്ച വിവരങ്ങളുമാണ് ഈ വികസനറിപ്പോർട്ടിന്നടിസ്ഥാനം. നമ്മുടെ പഞ്ചായത്തിൻെറ 9ാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് സഹായകമായ ഈ വികസന റിപ്പോർട്ട് വികസന സെമിനാറിൻെറ പരിഗണനയ്ക്കും ചർച്ചയ്ക്കുമായി സമർപ്പിക്കുന്നു.

# പഞ്ചായത്തിൻെറ പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | | കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | | കുറുമാത്തൂർ, പന്നിയൂർ |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | | പരിയാരം ഡിവിഷൻ |
| ജില്ല | | കണ്ണൂർ |
| ബ്ലോക്ക് പഞ്ചായത്ത് | | തളിപ്പറമ്പ് |
| താലൂക്ക് | | തളിപ്പറമ്പ് |
| അസംബ്ലി മണ്ഡലം | | തളിപ്പറമ്പ് |
| ലോകസഭ മണ്ഡലം | | കാസർഗോഡ് |
| ജനസംഖ്യ | | 22391(1991) |
| വിസ്തീർണ്ണം | | 50.79 ച.കി.മീ |
| വാർഡുകൾ | | 10 |
| അതിരുകൾ | : വടക്ക് | പരിയാരം, ചപ്പാരപ്പടവ് പഞ്ചായത്തുകൾ |
| | : കിഴക്ക് | ചെങ്ങളായി പഞ്ചായത്ത് |
| | : തെക്ക് | ആന്തൂർ, മയ്യിൽ പഞ്ചായത്തുകൾ |
| | : പടിഞ്ഞാർ | തളിപ്പറമ്പ് മുൻസിപ്പാലിറ്റി, പരിയാരം, ചപ്പാരപ്പടവ് പഞ്ചായത്തുകൾ |
| പ്രസിഡൻറിൻെറ പേര് | | ശ്രീ. സി. ഗോവിന്ദൻ നമ്പ്യാർ |
| വൈ: പ്രസിഡൻറിൻെറ പേര് | : | ശ്രീമതി. എൻ.കെ. ഭാരതി |

1954ൽ രൂപീകരിക്കപ്പെട്ട കുറുമാത്തൂർ, മുയ്യം, പന്നീയൂർ എന്നീ മൂന്നു പഞ്ചായത്തുകൾ 1960ലെ കേരള പഞ്ചായത്ത് നിയമം നടപ്പായതിൽ പിന്നീട്, ഏകീകരിക്കുകയും ഇന്നത്തെ കുറുമാത്തൂർ പഞ്ചായത്ത് രൂപീകരിക്കുകയും ചെയ്തു. 1961ലെ വില്ലേജ് പുന:സംഘടനയുടെ ഭാഗമായി കുറുമാത്തൂർ, മുയ്യം, റവന്യൂവില്ലേജുകൾ ഏകീകരിച്ച് കുറുമാത്തൂർ വില്ലേജിന് രൂപം നൽകി. പന്നിയൂർ വില്ലേജ് അതേപടി നിലനിന്നു. ഈ രണ്ടു വില്ലേജുകൾ ചേർന്നതാണ് ഇന്നത്തെ കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിൻെറ അതിർത്തികൾ ഈ രണ്ടു റവന്യൂ വില്ലേജുകളുടെ പൊതു അതിർത്തികൾ തന്നെ. കൂനം, കുറുമാത്തൂർ പ്രദേശം ഭൂരിഭാഗവും ഉയർന്ന പീഠഭൂമികളാണ്. ചപ്പാരപ്പടവ്, നടുവിൽ എന്നീ പഞ്ചായത്തുകളിലെ മലമടക്കുകളിൽ രൂപം കൊണ്ട് വടക്കുനിന്ന് തെക്കോട്ട് സമാന്തരമായി ഒഴുകുന്ന രണ്ടു തോടുകൾ മഴൂർ എന്ന സ്ഥലത്ത് യോജിച്ചു പഞ്ചായത്തിൻെറ സുപ്രധാനമായ ജലസ്രോതസായി വീണ്ടും തെക്കോട്ടൊഴുകുന്ന കുറ്റിക്കോൽ പുഴ പഞ്ചായത്തിനെ നീളത്തിൽ രണ്ടായി വിഭജിക്കുന്നു. പഞ്ചായത്തിൻെറ കിഴക്ക് തെക്ക് വളപട്ടണം പുഴ അതിരിടുന്നു.

**സംയോജനത്തിന് മുമ്പുള്ള പഞ്ചായത്തുകൾ-പ്രസിഡൻറുമാർ**

| | |
|---|---|
| പന്നിയൂർ | ശ്രീ. പി.വി. ഗോവിന്ദൻ നമ്പ്യാർ 15-5-1954 മുതൽ |
| കുറുമാത്തൂർ | ശ്രീ. പാട്ടത്തിൽ മാധവൻ നമ്പ്യാർ 17-5-1954 മുതൽ |
| മുയ്യം | ശ്രീ. സി.കെ. കുഞ്ഞിരാമൻ നമ്പ്യാർ 12 5-54 മുതൽ |

സംയോജനത്തിന് ശേഷം

| | | |
|---|---|---|
| കുറുമാത്തൂർ | | ശ്രീ. എം.യം. കൃഷ്ണൻ നമ്പ്യാർ 17-12-63 മുതൽ |
| ,, | : | ശ്രീ. കീറ രാമൻ 21-9-79 മുതൽ |
| ,, | | ശ്രീ. കെ. മുഹമ്മദ്കുഞ്ഞി 9-2-88 മുതൽ |
| ,, | | ശ്രീ. സി. ഗോവിന്ദൻ നമ്പ്യാർ 2-10-95 മുതൽ |

ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള സ്ഥാപനങ്ങൾ

| | | സ്ഥിതിചെയ്യുന്ന സ്ഥലം |
|---|---|---|
| 1. | കൃഷിഭവൻ | കരിമ്പം |
| 2. | പ്രാഥമികാരോഗ്യ കേന്ദ്രം | മുയ്യം പള്ളിവയൽ |
| 3. | കുടുംബക്ഷേമ ഉപകേന്ദ്രം | വടക്കാഞ്ചേരി |
| 4. | ,, | ബാവുപറമ്പ് |
| 5. | ,, | പന്നിയൂർ |
| 6. | ഹോമിയോ ഡിസ്പെൻസറി | പന്നിയൂർ |
| 7. | ജി.എൽ.പി. സ്കൂൾ | വടക്കാഞ്ചേരി |
| 8. | ,, | പനക്കാട് |
| 9. | ,, | ചവനപ്പുഴ |
| 10. | ,, | മഴൂർ |
| 11. | ,, | പന്നിയൂർ |
| 12. | ഐ.സി.ഡി.പി. ഉപകേന്ദ്രം | ചൊറുക്കള |
| 13. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് | ചൊറുക്കള |
| 14. | അംഗൻവാടികൾ(12) | ചെപ്പനൂൽ, മുയ്യം,കരിമ്പം, പൂമംഗലം, കൂനം, വൈത്തല തുരുത്തി, കാലിക്കടവ്, ബാവുപ്പറമ്പ്, ചവനപ്പുഴ, മഴൂർ, പന്നിയൂർ പള്ളിവയൽ. |

# II. സാമൂഹിക സാംസ്കാരിക ചരിത്രം

കോലത്തിരി (ചിറക്കൽ) രാജവംശത്തിൻെറ അധീനതയിൽ കഴിഞ്ഞിരുന്ന ഗ്രാമങ്ങളിലൊന്നാണ് കുറുമാത്തൂർ. ശ്രീരംഗപട്ടണം ഉടമ്പടി അനുസരിച്ച് (1792) ചിറക്കൽ രാജവംശത്തിൻെറ മേൽക്കോയ്മ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിക്ക് കൈവന്നു. അവർ നടപ്പിലാക്കിയ നികുതി വ്യവസ്ഥയുടെ ഫലമായി നാടുവാഴികൾ ഭൂവുടമകളും ഭൂമിയുടെ കുത്തകാവകാശികളുമായി ജന്മിമാരുടെ ചൂഷണത്തിന് വിധേയരായ കർഷകരും കർഷകത്തൊഴിലാളികളും ജന്മിത്തത്തിനെതിരായി സംഘടിക്കുകയും പോരാടുകയും ചെയ്യേണ്ട നിലവന്നു.

സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളുടെ ആവേശം കൃഷിക്കാരിലും സാധാരണക്കാരിലും അലയടിക്കുകയും അതിൻെറ ഭാഗമായി ജന്മിത്തത്തിനും ജാതിക്കും എതിരായി പ്രസ്ഥാനങ്ങൾ വളർന്നുവരികയും ചെയ്തു. എ.കെ.ജി, കേരളീയൻ, ഭാരതീയൻ തുടങ്ങിയ നേതാക്കളുടെ നേതൃത്വത്തിൽ കർഷക പ്രസ്ഥാനം ശക്തിപ്രാപിക്കുകയും ജന്മിത്തത്തിനും സാമ്രാജ്യത്വത്തിനും എതിരായി സമരങ്ങൾ നയിക്കുകയും ചെയ്തു. 1936-38 കാലത്ത് വിഷ്ണുഭാരതീയൻെറ നേതൃത്വത്തിൽ കുറുമാത്തൂർ നമ്പൂതിരിപ്പാടിൻെറ ഇല്ലത്തേക്ക് നടത്തിയ കർഷക മാർച്ചിൽ മുയ്യം, കുറുമാത്തൂർ എന്നിവിടങ്ങളിൽ

നിന്നും കർഷകർ പങ്കെടുക്കുകയുണ്ടായി. വാശി, നുരി, മുക്കാൽ വെച്ചുകാണൽ തുടങ്ങിയ ജന്മി മാരുടെ അക്രമ പിരിവുകൾക്കും കള്ളക്കേസുകൾക്കും ഒഴിപ്പിക്കലിനും എതിരായി ജനങ്ങൾ സംഘടിച്ചു പോരാടി. അയിത്തത്തിനും മറ്റനാചാരങ്ങൾക്കുമെതിരെയുള്ള പോരാട്ടവും അതോടൊപ്പം മുന്നേറി. ഈ സമരങ്ങളിലൊന്നും കുറുമാത്തൂർ പഞ്ചായത്തിലെ കർഷകരും തൊഴിലാളികളും പിന്നിലായിരുന്നില്ല. സ്വാതന്ത്ര്യാനന്തര ഘട്ടത്തിലും ഭൂമിക്ക് വേണ്ടിയുള്ള കർഷക സമരങ്ങൾ തുടർന്നു. 1957 മുതൽ 1970 വരെയുള്ള കാലഘട്ടത്തിലെ വിവിധ ഭൂപരിഷ്ക്കരണ നടപടികളുടെ ഫലമായി ഒഴിപ്പിക്കലിൽ നിന്ന് മോചനം നേടുകമാത്രമല്ല, കൃഷി ഭൂമി സ്വന്തമാവുക എന്ന അവസ്ഥയും കൃഷിക്കാരന് കൈവന്നു. അങ്ങിനെ 1970 ജനുവരി 1ാം തിയ്യതി മുതൽ കേരളത്തിൽ ജന്മിത്തം ഇല്ലാതായി. ഭൂപരിഷ്ക്കരണ നടപടികൾക്ക് മുമ്പ് 1263 പേർക്കു മാത്രമേ ഭൂമി സ്വന്തമയുണ്ടായിരുന്നുള്ളൂ. അതിൽ തന്നെ ഭൂരിഭാഗവും ഏതാനും ജന്മികുടുംബങ്ങളുടെയും ദേവസ്വങ്ങളുടെയും കയ്യിലായിരുന്നു. എന്നാൽ ഇന്ന് ഏകദേശം 4860 പേർ ഭൂമിയുടെ ഉടമസ്ഥരാണ്. ഭൂവുടമാ സമ്പ്രദായത്തിൽ വന്ന മാറ്റം സാമൂഹ്യ മാറ്റങ്ങളെ ത്വരിതപ്പെടുത്തി.

ഈ നൂറ്റാണ്ടിന്റെ ആരംഭ ദശകത്തിൽ ഹിന്ദുക്കളും മുസ്ലിംങ്ങളും മാത്രമേ കുറുമാത്തൂരിൽ ഉണ്ടായിരുന്നുള്ളൂ. അവർ പൂർണ്ണമായ മത സൗഹാർദ്ദം പുലർത്തി. ഇവരാകട്ടെ ഭൂരിഭാഗം കൃഷിക്കാരോ, കർഷകത്തൊഴിലാളികളോ അയിരുന്നു. നെല്ല്, തേങ്ങ, അടക്ക, നേന്ത്രക്കായ, എള്ള്, മുതിര, ചക്ക, മാങ്ങ, പച്ചക്കറികൾ, പുനം കൃഷിവിഭവങ്ങൾ തുടങ്ങിയ കാർഷിക വിഭവങ്ങളെ അന്നുണ്ടായിരുന്നുള്ളൂ. വരണ്ട പ്രദേശങ്ങളിൽ കശുവണ്ടിയും. 50കളിലും 60കളിലും മലയോര മേഖലയിലുണ്ടായ തിരുവിതാംകൂർ കൃസ്ത്യൻ ജനവിഭാഗങ്ങളുടെ കുടിയേറ്റം ഈ പഞ്ചായത്തിന്റെ വടക്കൻ മേഖലയിലും വ്യാപിച്ചു. അതോടെ റബ്ബർ കൃഷിക്കും മരച്ചീനി കൃഷിക്കും തുടക്കമായി.

1967 ൽ പഞ്ചായത്തിന്റെ തൊട്ടയൽപക്കത്ത് സ്ഥാപിതമായ സർസയ്യിദ് കോളേജ് ഉന്നത വിദ്യാഭ്യാസ രംഗത്തും 1981 ൽ കുറുമാത്തൂരിൽ തന്നെ സ്ഥാപിതമായ ആദ്യത്തെ ഹൈസ്കൂൾ സെക്കണ്ടറി വിദ്യാഭ്യാസ രംഗത്തും ഈ പ്രദേശത്ത് വലിയമാറ്റങ്ങൾക്ക് വഴിതെളിച്ചു.

1995ൽ മാത്രം തുടങ്ങിയ പ്രൈമറി ഹെൽത്ത് സെൻറർ ശൈശവ ദശയിലാണ്. ചികിത്സാ രംഗത്ത് ജനങ്ങൾ തളിപ്പറമ്പിനേയും കണ്ണൂരിനെയും തന്നെ ആശ്രയിക്കുന്നു.

നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഭൂരിഭാഗവും പുല്ലുമേഞ്ഞ വീടുകളും കുടിലുകളും ഏതാനും സമ്പന്നൻ മാരുടെ ഓടിട്ട വീടുകളും മാത്രമുണ്ടായിരുന്ന ഈ പഞ്ചായത്തിൽ ഇന്ന് പുൽപുരകൾ നാമമാത്രമാണ്. ഓടിട്ട ഭവനങ്ങൾ കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് വഴിമാറിക്കൊണ്ടിരിക്കുന്നു.

യാത്രാ സൗകര്യം കുറെയേറെ പുരോഗമിച്ചിട്ടുണ്ടെങ്കിലും മിക്ക റോഡുകളും ഇന്ന് ഗതാഗതയോഗ്യമല്ലാത്ത സ്ഥിതിയിലായിട്ടുണ്ട്. ടാർചെയ്ത റോഡുകൾ വളരെ പരിമിതമാണ്. തൃപ്തികരമായ ഗതാഗത ശൃംഖല ഉണ്ടായിട്ടില്ല.

1905ൽ സ്ഥാപിതമായ കരിമ്പം കാർഷിക ഗവേഷണ കേന്ദ്രം ഇന്ന് ജില്ലാ കൃഷിതോട്ടമാണ്. ഫാമിന്റെ ആകെ വിസ്തീർണ്ണം 56.35 ഹെക്റ്റർ ആണ്. മാവ്, തെങ്ങ്, കവുങ്ങ്, കുരുമുളക്, മറ്റു ഫല വൃക്ഷങ്ങൾ, പച്ചക്കറികൾ തുടങ്ങിയവ മുഖ്യമായും കൃഷി ചെയ്യുന്നു. ഒട്ടുമാവ്, കശുമാവ്, പ്ലാവ്, കുരുമുളക് തുടങ്ങിയ വിളകൾക്ക് വിപുലമായ പ്രദർശന തോട്ടമായും സംരക്ഷിച്ചു വരുന്നു. ഗുണമേന്മ യുള്ള വിത്തുകളും നടീൽ വസ്തുക്കളും ഉൽപാദിപ്പിച്ച് കർഷകർക്ക് നൽകിവരുന്നുമുണ്ട്.

1952–53ൽ സ്ഥാപിതമായ പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രം കുരുമുളക് ഗവേഷണത്തിന് മാത്രമായി ലോകത്തിലാദ്യത്തേതാണ്. കുരുമുളകിന്റെ ശാസ്ത്രീയ കൃഷിരീതിയെക്കുറിച്ചുള്ള വിശദമായ പഠനം ഈകേന്ദ്രം നടത്തുന്നുണ്ട്. ഈ കേന്ദ്രം ഉല്പാദിപ്പിച്ച അത്യുൽപാദന ശേഷിയുള്ള സങ്കരയിനം പന്നിയൂർ-1 കുരുമുളക് കൊടി പ്രസിദ്ധമാണ്. 1972 മുതൽ ഈ സ്ഥാപനം കാർഷിക

സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്നു. ഇതിൻെറ നേട്ടങ്ങൾ പന്നിയൂർ ഗ്രാമത്തിൻെറ പേരുപോലും പ്രശസ്തമാക്കിയിട്ടുണ്ട്.

ഗ്രാമ വികസന ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുന്ന 1952ൽ ആരംഭിച്ച കാർഷിക സ്കൂൾ 1957-58ൽ ഗ്രാമ സേവക് പരിശീലന കേന്ദ്രമായും പിന്നീട് വികസന പരിശീലന കേന്ദ്രമായും വളർന്നു.

1986ൽ സ്ഥാപിതമായ കരിമ്പം കാർഷിക സാങ്കേതിക പരിശീലന കേന്ദ്രം കാർഷിക രംഗത്തെ പുത്തൻ സാങ്കേതിക വിദ്യകൾ വകുപ്പുദ്യോഗസ്ഥന്മാരിലും കർഷകരിലും എത്തിക്കുകയെന്ന ഉദ്ദേശത്തോടെ സ്ഥാപിതമായതാണ്.

ഇയൂർ സിദ്ധാശ്രമം എന്ന ധർമ്മസ്ഥാപനം സ്വാമി ശിവാനന്ദ പരമഹംസർ 1921ൽ സ്ഥാപിച്ചതും ലോകസമാധാനം, മാനവികത എന്നിവക്കുവേണ്ടി നിലകൊള്ളുന്നതുമാണ്. ഇതിലെ അന്തേവാസികൾ പ്രത്യേക ജീവിതശൈലി സ്വീകരിച്ചവരാണ്. ഉറൂസിലിൻ സഭയുടെ കീഴിലുള്ള ശാന്തിഗ്രാം ആശ്രമം നെടുമുണ്ടയിൽ സ്ഥിതിചെയ്യുന്നു.

1990ലെ സമ്പൂർണ്ണ സാക്ഷരതാ പ്രസ്ഥാനം ഏററവും നന്നായി നടപ്പിലാക്കിയ ജില്ലയിലെ പഞ്ചായത്തുകളിലൊന്നായി കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

പക്ഷെ മേൽ പറഞ്ഞ മാറ്റങ്ങളൊന്നും തന്നെ ഉൽപാദനമേഖലക്ക് ഗുണകരമായിട്ടില്ല എന്നതാണ് ഖേദകരമായ വസ്തുത. നെൽകൃഷി ഇന്ന് ക്ഷയോന്മുഖമാണ്. വ്യവസായ മേഖലയിലാവട്ടെ മുരടിപ്പനുഭവപ്പെടുന്നു. അനുബന്ധ സൗകര്യങ്ങളും വളർന്നിട്ടില്ല.

# III. ഭൂപ്രകൃതി

വടക്ക് കാലിക്കടവ് (ചോരണപൊയ്യ)മുതൽ തെക്ക് പാറാട് വരെ ഏകദേശം 18 കി.മീ. നീളത്തിലും പടിഞ്ഞാറ് ഭണ്ഡാരപ്പാറ മുതൽ കിഴക്ക് കുറുമാത്തൂർ കോട്ടുപുറം വരെ ഏകദേശം 9 കി.മീ. വീതിയിലും കിടക്കുന്ന ഈ പഞ്ചായത്ത് "വടക്കൻ ഇടനാട്" (Northern midland) കാർഷിക മേഖലയിൽ (Agro climatic zone) പെടുന്നു. ചരിവ് വടക്ക് കിഴക്ക് നിന്ന് തെക്ക്-പടിഞ്ഞാറേക്ക്. കുറ്റിക്കോൽ, വളപട്ടണം പുഴകളുടെയും അവയുടെ അനുബന്ധ തോടുകളുടെയും പാർശ്വങ്ങൾ ഫലഭൂയിഷ്ഠമായ സമതലങ്ങളാണ്. കുന്നിൻ ചരിവുകളും ഏറെക്കുറെ ഫലഭൂയിഷ്ഠമാണ്. പീഠഭൂമികൾ മിക്കവാറും ചെങ്കൽ പാറപ്രദേശമാണ്. മൺപാളിയുടെ ലഭ്യതക്കനുസരിച്ച് കാർഷികാവശ്യങ്ങൾക്കും പുൽ മൈതാനമായും കാർഷികേതരപ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നു.

### ഭൂവിനിയോഗം
പട്ടിക

| കിടപ്പ് | മൺതരം | വിസ്തീർണ്ണം (ഹെക്ടറിൽ) | ആകെകാർഷിക ഭൂമിയുടെ ശതമാനം |
|---|---|---|---|
| 1.പീഠഭൂമി | | | |
| (എ) ചെങ്കൽപാറ(മണ്ണില്ലാത്തഭാഗം) | ലാറ്ററൈറ്റ് | 379.20 | 7.94% |
| (ബി) നേരിയമൺപാളിയുള്ള ഭാഗം | ചരൽമണ്ണ്-ചെങ്കൽമണ്ണ് | 1538.00 | 32.19% |
| 2. ചെരിവുകൾ | | | |
| (എ) ചെറുചെരിവ് | ചരൽമണ്ണ്-ചെമ്മണ്ണ് | 742.4 | 15.54% |
| (ബി) ഇടത്തരം ചെരിവ് | ,, | 1016.00 | 21.27% |
| (സി) കുത്തനെ ചെരിവ് | ,, | 324.00 | 6.78% |
| 3. നീരൊഴുക്ക്പ്രദേശം (കനാലുകളടക്കം) | - | 162.00 | 3.39% |
| 4. സമതലപ്രദേശം | | | |
| (എ) ഓരുകയറ്റമുള്ളത് | ചളിമണ്ണ് | 2.00 | 0.04% |

| | | | |
|---|---|---|---|
| (ബി) ഓരുകയറ്റമില്ലാത്തത്<br>5. ചതുപ്പുനിലം<br>6. ആകെ കാർഷിക ഭൂമി<br>കാർഷികേതരഭൂമി | ചളിമണ്ണ് ചരൽമണ്ണ്<br>ഇല്ല | 614.00<br><br>4777.60<br>241.20 | 12.85% |
| ആകെ | | 5018.80 | |

## പീഠഭൂമി

മൊത്തവിസ്തൃതിയിൽ 38.2% വരുന്ന ലാറ്ററൈറ്റ് സമതലമാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. ഇത് കിഴക്ക് ഭാഗത്ത് കൂനം, കുറുമാത്തൂർ, ചൊറുക്കള, ബാവുപ്പറമ്പ്, കണ്ണപ്പിലാവ് എന്നീ പ്രദേശങ്ങളും പടിഞ്ഞാറ് ഭണ്ഡാരപ്പാറ, നാടുകാണി, പൂവ്വം, ചെപ്പനൂൽപാറ, വടക്കാഞ്ചേരി, കപ്പണത്തട്ട് എന്നീ പ്രദേശങ്ങളും അടങ്ങിയതാണ്. സമുദ്രനിരപ്പിൽ നിന്ന് ഏതാണ്ട് 80 മീറ്റർ മുതൽ 150 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. ഉയരം കുറഞ്ഞ പടിഞ്ഞാറൻ പീഠഭൂമിയും ഉയരം കൂടിയ കിഴക്കൻ പീഠഭൂമിയും കുറ്റിക്കോൽ പുഴയുടെയും കൈതോടുകളുടെയും താഴ്‌വരകളാൽ വിഭജിക്കപ്പെട്ടിരിക്കുന്നു.

## ചെരിവുകൾ

ഒട്ടു വിസ്തൃതിയിൽ 41.5% വരുന്ന ചെരിവു പ്രദേശം പീഠഭൂമിയെ താഴ്‌വരയുമായി ബന്ധിപ്പിക്കുന്നു. ഇടത്തരം ചെരിവുകളാണ് കൂടുതൽ. ചരൽകലർന്ന ചെമ്മണ്ണാണ് പൊതുവെ കണ്ടുവരുന്നത്. പടിഞ്ഞാറുഭാഗത്ത് പാറാട്കുന്ന് ചെപ്പനൂൽ കുന്ന്, ആശാരിത്തട്ട്, ഭ്രാന്തൻകുന്ന്, കൊയ്യത്തുകുന്ന്, ചവനപ്പുഴകുന്ന്, ഒറ്റപ്പാലക്കുന്ന്, മഴൂർ കോലക്കുന്ന്, പടയാം കുന്ന്, ചിറ്റാരിക്കുന്ന് എന്നിവയും കിഴക്കഭാഗത് താന്നിക്കുന്ന്, വൈത്തലക്കുന്ന്, മയിലാടൻക്കുന്ന്, മുണ്ടേരി മഞ്ചാൽ, ഇടിക്കുന്ന്-മൊട്ട, പറോളം കുന്ന്, കോട്ടക്കുന്ന് എന്നിവയുമാണ് പ്രധാന കുന്നുകൾ.

തെങ്ങ്, കശുമാവ്, കുരുമുളക്, റബ്ബർ, മരച്ചീനി, മാവ്, പ്ലാവ് തുടങ്ങിയ കൃഷികളാണ് ചെരിവുകളിൽ. ഇവിടെ മൺപുതപ്പ് കൂടുതലാണ്. എങ്കിലും കഴിഞ്ഞ കുറെ വർഷങ്ങളായി ഇവിടങ്ങളിലെ മരങ്ങളും വനവും കൃഷിക്ക് വേണ്ടിയും മറ്റും മുറിച്ചുമാറ്റിയതിൻെറ ഫലമായി പലപ്രദേശങ്ങളിലും മണ്ണൊലിപ്പ് കണ്ടുവരുന്നു. അതുകൊണ്ടുതന്നെ ചിലസ്ഥലങ്ങളിൽ ജലക്ഷാമവും അനുഭവപ്പെടുന്നു.

## നീരൊഴുക്കുകൾ

ഇതിൽ കുറ്റിക്കോൽ പുഴയും കൈവഴികളും ഏകദേശം 110.00 ഹെക്ടറും വളപട്ടണം പുഴ 46 ഹെക്ടറും മുയ്യം ഇറിഗേഷൻ കനാൽ, പാറാട് പഴശ്ശിക്കനാൽ എന്നിവ 6 ഹെക്ടറും ഉണ്ട്. കനാലുകൾ മുയ്യത്ത് അല്പഭാഗമൊഴിച്ചാൽ ജലസേചനത്തിന് ഇപ്പോൾ ഉപയോഗപ്പെടുത്തുന്നില്ല.

## സമതലപ്രദേശം

സമതല പ്രദേശങ്ങളിൽ ഞാറ്റിയാൽതോട് (കീരിയാട്-കുറുമാത്തൂർ) പ്രദേശത്ത് ഓരുകയറ്റമുണ്ട്. ഓരുകയറ്റമില്ലാത്ത സ്ഥലങ്ങൾ ഏകദേശം 614 ഹെക്ടർ ആണ്. ഇതിൽ 374.8 ഹെക്ടർ നെൽവയലുകളാണ്. അതിൽ തന്നെ 92.8 ഹെക്ടർ ഇപ്പോൾ നാണ്യവിളകൾക്കും കെട്ടിടങ്ങൾക്കുമായി നികത്തപ്പെട്ടിരിക്കുന്നു. 282.00 ഹെക്ടർ സ്ഥലത്തുമാത്രമേ നെൽകൃഷിയുള്ളൂ. ഇത് ഒട്ടാകെ ഭൂമിയുടെ 5.6% മാത്രമാണ്. കുറുമാത്തൂർ, തേങ്കി, ഈയൂർ കൊളവയൽ, വൈത്തല, കീരിയാട്, പുല്ലാഞ്ഞിയോട്, പാറാട്, വടക്കാഞ്ചേരി, ചെപ്പനൂൽ, മുയ്യം, വരഡൂൽ, മുണ്ടേരി, പള്ളിവയൽ, ഇരുവേശ്ശി, പനക്കാട്, ചെറുവയൽ, പുതിയകണ്ടം, കണിചാമൽ, ചവനപ്പുഴ, പൂമംഗലം, മഴൂർ, തിയ്യനൂർ, കൂനം, പന്നിയൂർ എന്നിവയാണ് നെൽകൃഷിചെയ്യുന്ന പ്രദേശങ്ങൾ. ജില്ലാ കൃഷിത്തോട്ടത്തിൻെറയും ഇ.ടി.സി.യുടെയും ഉടമസ്ഥതയിൽ [redacted] കരിമ്പത്ത് നെൽകൃഷിയുണ്ട്.

സമതലങ്ങളിൽ 332 ഹെക്ടർ സ്ഥലം തെങ്ങ്, കവുങ്ങ് തുടങ്ങിയ നാണ്യവിളകൾക്ക് ഉപയോഗപ്പെടുത്തുന്നു.

### കാർഷികേതരഭൂമി

ഇത് റോഡുകൾ, നടപ്പാതകൾ, കെട്ടിടഭൂമികൾ എന്നിവ അടങ്ങിയതാണ്. ഇതിന്റെ വിസ്തീർണ്ണം ഏകദേശം 241.20 വരുമെന്ന് കണക്കാക്കിയിരിക്കുന്നു.

### കാലാവസ്ഥ

ജൂൺമുതൽ ആഗസ്റ്റ്വരെയുള്ള ഇടവപ്പാതിയും സപ്തംബർ മദ്ധ്യംമുതൽ നവംബർവരെയുള്ള തുലാവർഷവും എല്ലാ വർഷവും ഏറ്റക്കുറച്ചിലോടെ ലഭിക്കാറുണ്ട്. ശരാശരി വർഷപാതം 3467 മി.മീ. ആണ്. ജനുവരിമുതൽ ഏപ്രിൽവരെ മഴ സാധാരണയായി ലഭിക്കാറില്ല. ഇടവപ്പാതിയാണ് കൂടുതൽ. തുലാവർഷത്തിന്റെ തോത് കുറഞ്ഞാൽ അടുത്ത വേനലിൽ വരൾച്ചയും കുടിവെള്ളക്ഷാമവും അനുഭവപ്പെടും. ആവശ്യത്തിന് വേനൽ മഴ(ഇടമഴ) കിട്ടിയില്ലെങ്കിൽ പ്രശ്നം ഗുരുതരമാവാറുണ്ട്.

അന്തരീക്ഷ താപനില കൂടിയത് 34.1° സെൽഷ്യസും കുറഞ്ഞത് 21.4° സെൽഷ്യസുമാണ്. കുംഭം, മീനം, മേടം എന്നീ മാസങ്ങളിൽ ചൂടും വൃശ്ചികം, ധനു, മകരം എന്നീ മാസങ്ങളിൽ തണുപ്പും അനുഭവപ്പെടുന്നു.

### ജലലഭ്യത

ശരാശരി മഴയുടെ അടിസ്ഥാനത്തിൽ മൊത്തം ലഭിക്കുന്ന മഴയുടെ അളവ് തിട്ടപ്പെടുത്തിയിട്ടില്ല. എങ്കിലും മഴവെള്ളം കൂടുതൽ പ്രദേശങ്ങളിൽ ശരിയായി സംരക്ഷിക്കപ്പെട്ടാൽ പ്രദേശത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനാകും

പഞ്ചായത്തിന്റെ ഏറ്റവും പ്രധാനജലസ്രോതസ് 10ൽ7 വാർഡുകളിലൂടെയും ഒഴുകുന്ന കുറ്റിക്കോൽ പുഴയും അതിന്റെ കൈതോടുകളും തന്നെ. എക്കാലത്തും ജലലഭ്യതയുണ്ടായിരുന്ന ഈ സ്രോതസ് ഇന്ന് പരിചരണത്തിന്റെ അഭാവം മൂലവും കരയിടിച്ചിലും അനിയന്ത്രിതമായ വനനശീകരണം മൂലവും ഏപ്രിൽ മാസത്തോടെ വറ്റിപ്പോകുന്നു. നീർമറി അടിസ്ഥാനത്തിലുള്ള ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ അത്യാവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. കിഴക്ക് ഭാഗത്ത് വളപട്ടണംപുഴയുടെ കൈതോടുകളും ഡിസംബർ മാസത്തോടെ വറ്റിപ്പോകുന്ന സ്ഥിതിയാണുള്ളത്.

ഭൂഗർഭ ജലം ആവശ്യത്തിനുണ്ടെന്ന് ഭൂഗർഭ ജല വകുപ്പിന്റെ പഠനങ്ങൾ തെളയിക്കുന്നു. ഈ പഞ്ചായത്തിൽ ജല വിതരണ പദ്ധതികൾ ഒന്നുംതന്നെയില്ല. ജനങ്ങൾ കിണർ വെള്ളമാണ് കൂടുതലും ഉപയോഗിച്ചുവരുന്നത്. കിണറുകളിലെ ജല വിതാനം ഓരോ വർഷവും താഴുകയാണെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു.

### മനുഷ്യവിഭവം

1991ലെ കാനേഷുമാരി കണക്കുകൾ പ്രകാരം കുറുമാത്തൂരിലെ ജനസംഖ്യ 22391 ആണ്. ഇതിൽ 10958 പുരുഷന്മാരും 11433 സ്ത്രീകളുമാണ്. സ്ത്രീകൾ ആകെ ജനസംഖ്യയുടെ 51.06% വരും. (എന്നാൽ ദ്വിതീയ വിവരങ്ങൾ അനുസരിച്ച് 1996 ആഗസ്റ്റ് മാസത്തെ ജനസംഖ്യ 24713 ആണ്. അതിൽ പുരുഷൻമാർ 12267. സ്ത്രീകൾ 12446, ആകെ വീടുകൾ 4970) 1991ൽ മൊത്തം 3813 വീടുകളാണുള്ളത്. ശരാശരി വീടൊന്നിന് 5.9 ആളുകൾ വീതം. സംസ്ഥാന ശരാശരി 5.6 ആണ്. പഞ്ചായത്തിലെ ജനസാന്ദ്രത 441 ആണ്.

പട്ടിക-1

ജനസംഖ്യാവർദ്ധനവ് കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

| വർഷം | ആകെ വീടുകൾ | പുരുഷന്മാർ | സ്ത്രീകൾ | ആകെ | സ്ത്രീ-പുരുഷ അനുപാതം |
|---|---|---|---|---|---|
| 1931 | 1599 | 4306 | 4495 | 9001 | 1044 |
| 1981 | 3016 | 8886 | 9264 | 18150 | 1043 |
| 1991 | 3813 | 10958 | 11433 | 22391 | 1044 |

1931ലെ ജനസംഖ്യ 50 കൊല്ലം കൊണ്ട് (1981) ഇരട്ടിയായും 60 കൊല്ലം കൊണ്ട് (1991ൽ) ഒന്നര ഇരട്ടിയായും വർദ്ധിച്ചിരിക്കുന്നു. എന്നാൽ സ്ത്രീ-പുരുഷ അനുപാതം മാറ്റമില്ലാതെ തുടരുന്നു. ഇത് സംസ്ഥാനതലത്തിൽ 1000ത്തിന് 1036ഉം കണ്ണൂർ ജില്ലയിൽ 1049ഉം ആണ്.

പട്ടിക-2

തൊഴിൽ എടുക്കുന്നവരുടെ എണ്ണം (1996)

| വിവരണം | പുരുഷന്മാർ | സ്ത്രീകതൾ | മൊത്തം |
|---|---|---|---|
| മുഖ്യ തൊഴിലുകൾ | 3128 | 1253 | 4381 |
| ഭാഗിക തൊഴിലുകൾ(കാർഷികം) | 2950 | 4100 | 7050 |
| മൊത്തം | 6078 | 5353 | 11431 |
| തൊഴിൽ പങ്കാളിത്തനിരക്ക് | 53.17% | 46.83% | 100% |

പട്ടിക-3

തൊഴിലാളികളുടെ എണ്ണം വിവിധ മേഘലകളിൽ (1996)

| തൊഴിൽ | പുരുഷന്മാർ | സ്ത്രീകൾ | മൊത്തം | മൊത്തം ജനസംഖ്യ യുടെ ശതമാനം |
|---|---|---|---|---|
| കാർഷകർ, കർഷക തൊഴിലാളികൾ | 2950 | 4100 | 7050 | 31.50% |
| മൃഗപരിപാലനം | 20 | 90 | 110 | 0.5% |
| ചെങ്കൽകൊത്ത് | 224 | 96 | 320 | 1.4% |
| കരിങ്കൽക്വാറി | 75 | 225 | 300 | 1.3% |
| കെട്ടിട നിർമ്മാണം | 640 | 360 | 1000 | 4.5% |
| കച്ചവടം | 230 | 34 | 264 | 1.2% |
| ഗതാഗതം, വാർത്താവിനിമയം | 319 | - | 319 | 1.4% |
| സർക്കാർ ജീവനക്കാരും അധ്യാപകരും | 394 | 126 | 520 | 2.3% |
| വിദേശജോലി | 576 | 2 | 578 | 2.6% |
| മറ്റുസേവനങ്ങൾ | 650 | 320 | 970 | 4.3% |
| ആകെ | 6078 | 5353 | 11431 | 51.00% |
| തൊഴിലില്ലാത്ത യുവതീ-യുവാക്കൾ | 1210 | 2100 | 3310 | 14.80% |

അവലംബം: ദ്വിതീയ വിവരങ്ങൾ

ആകെ ജനസംഖ്യയുടെ 15%ത്തോളം യുവതീ-യുവാക്കൾ തൊഴിൽ രഹിതരാണ്. അതിൽ 10% യുവതികളും 5% യുവാക്കളും പെടുന്നു. തൊഴിലുള്ളവരിൽതന്നെ ആകെ ജനസംഖ്യയുടെ 31.5% പേരും ഭാഗികമായി മാത്രം കാർഷിക തൊഴിലുകളിൽ ഏർപ്പെടുന്നവരാണ്. കാർഷിക രംഗത്തും വ്യവസായിക രംഗത്തും കൂടുതൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകവഴി ഈ പ്രശ്നം കുറേയേറെയെങ്കിലും പരിഹരിക്കപ്പെടണം.

(വീട്ടുജോലികൾ മാത്രം ചെയ്യുന്ന സ്ത്രീകൾ ഈ പട്ടികയിൽ ഉൾപ്പെടുന്നില്ല.)

# കൃഷിയും ജലസേചനവും

## കാർഷിക ചരിത്രം



ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ പഞ്ചായത്തിലെ ജനവിഭാഗങ്ങളിൽ ബഹുഭൂരിപക്ഷവും കൃഷിയെ ആശ്രയിച്ചാണ് കുടുംബം പുലർത്തിയത്. ഇന്ന് കൃഷിയെ പൂർണ്ണമായി ഉപജീവന മാർഗ്ഗമാക്കിയവർ വളരെ പരിമിതപ്പെട്ടിരിക്കുന്നു. ഭൂമിയുടെ ഉടമസ്ഥത യഥാർത്ഥ കൃഷിക്കാരന് കൈവന്നിട്ടും സ്ഥിതി മെച്ചപ്പെട്ടില്ല. ഭൂമിയുടെ തുണ്ടവല്കരണം, ലാഭകരമല്ലാത്ത കൃഷി, . ജലസേചനസൗകര്യങ്ങളുടെ അഭാവം, കർഷക ത്തൊഴിലാളികളുടെ മറ്റുതൊഴിലുകളിലേക്കുള്ള ഒഴിച്ചുപോക്ക് എന്നിങ്ങനെ നിരവധി കാരണങ്ങൾ ചൂണ്ടി ക്കാണിക്കാനുണ്ട്.

സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം 1931ൽ 1478 ഏക്ര സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നു. ഇതിൽ നെൽവയലുകളിൽ 937 ഏക്രയും ബാക്കി പറമ്പുകൃഷിയുമായിരുന്നു. എന്നാൽ ഇന്ന് നെൽകൃഷിയുടെ വിസ്തീർണം 705 ഏക്രയായി കുറഞ്ഞു. അതിൽതന്നെ തിരിശിടുന്നവരും ഉണ്ട്.

65കൊല്ലംമുമ്പ് പഞ്ചായത്തിലുണ്ടായിരുന്ന കൃഷിയുടെ ഒരു താരതമ്യ പഠനം രസാവഹമായിരിക്കും.

പട്ടിക1

| വിള | 1931 ൽ | 1996 ൽ(ഹെക്ടറിൽ) |
|---|---|---|
| നെല്ല് | 591.2 ഹെക്ടർ | 282 „ |
| മുതിര | 23.60 „ | ലഭ്യമല്ല |
| എളള് | 55.20 „ | 2.00 „ |
| തെങ്ങ് | 166.00 „ | 281.2 „ |
| കുരുമുളക് | 577.20 „ | 200.00 „ |
| കമുക് | 97.20 „ | 202.00 „ |
| വാഴ | 63.60 „ | 200.00 „ |
| പ്ലാവ് | 114.00 „ | ലഭ്യമല്ല |
| മാവ് | 87.20 „ | „ |
| റബ്ബർ | | 946.8 „ |
| കശുവണ്ടി | കണക്കുകൾ ലഭ്യമല്ല | 1554.00 „ |
| കപ്പ | „ | 47.60 „ |

നെൽകൃഷി 50%ലധികം കുറഞ്ഞിരിക്കുന്നു. എള്ള് നാമമാത്രമാണ്. കുരുമുളക്, അടുത്തകാലത്തുണ്ടായ ദ്രുതവാട്ടവും മറ്റുരോഗങ്ങളും കാരണം നാലിലൊന്നായി കുറഞ്ഞു. ഉള്ള സ്ഥലത്തുതന്നെ ഉല്പാദനവും കുറഞ്ഞുപോയിരിക്കുന്നു. തെങ്ങ്, കവുങ്ങ് എന്നീ ദീർഘകാല വിളകൾക്ക് അടുത്തകാലംവരെയുണ്ടായ വിലനിലവാരം, അവയുടെ കൃഷി വ്യാപനത്തിന് വഴിവെച്ചിട്ടുണ്ട്. എന്നാൽ ഈ അടുത്തകാലത്ത് പുതിയ തെങ്ങ് കൃഷി മേഖലകൾ ഉണ്ടായിട്ടില്ല. കശുവണ്ടി, റബ്ബർ എന്നീ വിളകൾക്ക് നിലനിൽക്കുന്ന മോശമല്ലാത്ത വില ആ മേഖലയിൽ പിടിച്ചു നിൽക്കാൻ കഴിവുണ്ടാകുന്നുണ്ട്. എങ്കിലും വ്യാപകമായ രോഗബാധ കശുമാവുകളെ ബാധിക്കുകയും കശുവണ്ടിത്തോട്ടങ്ങൾ റബ്ബർകൃഷിക്ക് വിഴിമാറുകയുമാണ് ഇന്നത്തെ സ്ഥിതി.

നെൽകൃഷി ഇന്നും പ്രധാനമായും മഴയെ ആശ്രയിച്ചുതന്നെ. ഉൽപാദന മേഖലയിൽ ലഘുവായ യന്ത്രവൽക്കരണം നടപ്പാക്കിയിട്ടുണ്ട്. തെങ്ങ്, കവുങ്ങ് എന്നീ വിളകൾ പരിമിതമായി ജലസേചിതമാണ്.

## വിള ചേരുവ:

പഞ്ചായത്തിലെ മുഖ്യവിളകൾ നെല്ല്, തെങ്ങ്, കശുമാവ്, റബ്ബർ, കമുക്, കുരുമുളക്, വാഴ, മരച്ചീനി എന്നിവയാണ്. കൂടാതെ പച്ചക്കറികളും വ്യാപകമായ തോതിൽ കൃഷിചെയ്തുവരുന്നു.

## ഉൽപാദനക്ഷമത:

പഞ്ചായത്തിലെ നെൽകൃഷിയുടെ ഉല്പാദനക്ഷമത സംസ്ഥാന, ജില്ലാ ശരാശരിയേക്കാൾ കുടുതലാണ്. എങ്കിലും ഉപയോഗിക്കുന്ന വിത്തിൽനിന്നും പ്രതീക്ഷിക്കുന്ന ഉല്പാദനക്ഷമത കിട്ടുന്നില്ല. ഒന്നാം വിളക്കും രണ്ടാംവിളക്കും നാടൻവിത്തിനങ്ങളോടൊപ്പംതന്നെ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളും ഉപയോഗിക്കുന്നു. മറ്റ് വിളകൾ(പച്ചക്കറികൾ ഒഴികെ) ഉല്പാദനക്ഷമതയിൽ സംസ്ഥാനശരാശരിയേക്കാളും കുറവാണ്. പച്ചക്കറി വിളകളുടെ ഉല്പാദനക്ഷമത പഞ്ചായത്തിൽ ആശാവഹമാണ്. പുരയിടക്കൃഷി ഫലപ്രദമായ രീതിയിൽ ചെയ്തിട്ടില്ലെന്ന് കാണുന്നു.

പട്ടിക 2

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|
| നെല്ല്(ഒന്നാംവിള) | 282 ഹെക്ടർ | 67,6800 കി | 2400 കി/ഹെക്ടർ |
| നെല്ല്(രണ്ടാംവിള) | 90 ,, | 2,25000 കി | 2500 ,, |
| പയറുവർഗ്ഗങ്ങൾ | 80 ,, | 33,760 ,, | 422 ,, |
| എള്ള് | 2 ,, | 400 ,, | 200 ,, |
| പച്ചക്കറികൾ | 125 ,, | 55,768.75 ,, | 446.15 ,, |
| തെങ്ങ് | 2812 ,, | 1702666 തേങ്ങ | 35തേങ്ങ/തെങ്ങ് |
| വാഴ | 200 ,, | 12,60,000 കി | 63000കി/ഹെക്ടർ |
| മരച്ചീനി | 47.6 ,, | 51,14,080 ,, | 10800 ,, |
| കുരുമുളക് | 200 ,, | 50000 ,, | 250 ,, |
| കശുമാവ് | 1554 ,, | 9,94560 ,, | 640 ,, |
| റബ്ബർ | 946.8 ,, | 10,41,480 ,, | 1100 ,, |
| കമുക് | 202 ,, | 26,26,0000 എണ്ണം | 130 അടക്ക/കമുക് |
| ഇഞ്ചി | 5 ,, | 15000 കി | 3000 കി/ഹെ |
| മഞ്ഞൾ | 5 ,, | 15000 ,, | 1800 ,, |
| കരിമ്പ് | 1 ,, | 4000 ,, | 4000 ,, |

## ജലസേചനം

ചോരണപൊയ്കയിൽ നിന്ന് ആരംഭിക്കുന്ന പടിഞ്ഞാറെ ശാഖയും, കൊളത്തൂരിൽനിന്ന് ഉത്ഭവിക്കുന്ന കിഴക്കേ ശാഖയും മഴൂരിൽ സന്ധിച്ച് തെക്ക് പടിഞ്ഞാറായി പഞ്ചായത്തിലൂടെ ഒഴുകി കുറ്റിക്കോൽ പുഴയിൽ ലയിക്കുന്ന തോടാണ് പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സ്.

പഞ്ചായത്തിലെ ചെറുതോടുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 3

| നമ്പർ | തോടിന്റെ പേര് | ജല സാധ്യത | തടയണ സാദ്ധ്യതകൾ |
|---|---|---|---|
| 1. | ചെറുകര-കൂവംകുന്ന് | ഡിസംബർ വരെ | |
| 2. | നവാരക്കോട്ട് ആക്കൽ | ,, | |
| 3. | ഒറ്റപ്പിലാവ് | ,, | |
| 5. | പടപ്പേങ്ങാട്-പൂമംഗലം | ,, | |
| 6. | തോയാട് | ഫെബ്രുവരി വരെ | |
| 7 | ചാണ്ടിക്കരി-ചില്ലിതോട് | ,, | |
| 8 | കുണ്ടവയൽ | ,, | |
| 9 | ചെറുവയൽ-മുടിക്കാനം | ,, | |
| 10 | മുണ്ടത്തോട് | ഡിസംബർ വരെ | |
| 11. | പുല്ലാഞ്ഞിയോട് | ,, | |
| 12. | വണ്ണാരപ്പാറ-ചവനപ്പുഴ | ,, | |
| 13. | ചോലക്കുഴി-വരഡൂൽ | ,, | |
| 14. | വരഡൂൽ-പടിഞ്ഞാറെതോട് | ,, | |
| 15. | മുണ്ടപ്പാലം- കാനപ്രം | ,, | |
| 16 | പൂന്തുരുത്തി-വെളുത്തൂൽകാവ് | ,, | |
| 17 | കണ്ണാടത്ത് താഴെതോട് | ,, | |
| 18. | ഹനുമന്തച്ചാൽ-പാറാട് | ,, | |
| 19. | മാവുപാടി പോതികുണ്ട് | ,, | |
| 20 | വള്ളിപ്പാലംതോട് | ,, | |
| 21 | മാനക്കപ്പാലം | ,, | |
| 22. | കിഴക്കേവയൽ | ഡിസംബർ വരെ | |
| 23. | വൈത്തല മുയ്യോട് | ,, | |
| 24 | അരയാകുളങ്കര | മാർച്ചുവരെ | |
| 25. | ഇയ്യൂർ വരട്ടുതോട് | ഡിസംബർ വരെ. | |

പഞ്ചായത്തിൽ മൊത്തം 33 കുളങ്ങളും 20 പൊതു കിണറുകളും 14 കുഴൽ കിണറുകളും ഉണ്ട്. ജലസേചനത്തിനായി 562 ചെറുതും വലുതുമായ പമ്പ്സെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ചെറുതും വലുതുമായ 10 തടയണകളിൽ ജലസേചന വകുപ്പ് വക മൂന്ന് എണ്ണവും ഗ്രാമ പഞ്ചായത്തുവക ആറ് എണ്ണവുമുണ്ട്. ഒന്ന് വാട്ടർ അതോറിറ്റിയുടെ തളിപ്പറമ്പ് ജലവിതരണ പദ്ധതിക്കുവേണ്ടിയാണ്. ജലസേചനത്തിനുള്ള ഏഴ് പദ്ധതികളും പ്രവർത്തനക്ഷമമല്ല. മുയ്യത്ത് നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ ഭാഗികമായേ പ്രവർത്തിക്കുന്നുള്ളു. ചെപ്പനൂൽ വയൽ ജലസേചനത്തിനുവേണ്ടി 1989ൽ നിർമ്മിച്ച പമ്പ് ഹൗസിൽ പമ്പ് സെറ്റ് വെച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

പഴയ ജലസേചന സമ്പ്രദായങ്ങൾ ഒന്നുംതന്നെ നിലവിലില്ല. ഈ ജലസേചനപദ്ധതികൾക്കെല്ലാം കൂടി 73.82ഹെക്ടർ ആയക്കെട്ട് ഉണ്ട്. പഞ്ചായത്തിലെ ജല സ്രോതസ്സുകൾ അറ്റവേനലിൽ ജലസേചനക്ഷമമല്ല.

പട്ടിക 4

ജലസേചന സംവിധാനങ്ങൾ

| വാർഡ്നമ്പർ | കുളം | ലിഫ്റ്റ് ഇറിഗേഷൻ | ക്രോസ്ബാർ |
|---|---|---|---|
| 1 | 2 | – | 2 |
| 2 | 4 | – | – |
| 3 | 2 | – | 1 |
| 4 | 2 | – | – |
| 5 | 3 | – | 1 |
| 6 | 3 | – | – |
| 7 | 5 | 1 | 1 |
| 8 | 5 | – | 1 |
| 9 | 4 | – | 3 |
| 10 | 3 | – | 1 |
| ആകെ | 33 | 1 | 10 |

## ഉല്പന്നങ്ങളുടെ വിലയും, വിപണനവും

പഞ്ചായത്തിനകത്ത് കാർഷിക ഉല്പന്നങ്ങൾക്ക് വിപണ സൗകര്യങ്ങളില്ല. കാർഷകർ പ്രധാനമായും ആശ്രയിക്കുന്നത് തളിപ്പറമ്പ് മാർക്കറ്റിലെ സ്വകാര്യ വ്യാപാരികളെയാണ്യ കുരുമുളക്, കമുക്, കശുമാവ് എന്നിവ ഇടനിലക്കാർക്ക് പാട്ടത്തിന്, വിളവെടുപ്പിന് മുമ്പേ തന്നെ കൊടുക്കുന്ന സമ്പ്രദായവും നിവിലുണ്ട്.

തളിപ്പറമ്പ് മാർക്കറ്റിൽ കഴിഞ്ഞ മൂന്ന് വർഷത്തിൽ ഉല്പന്നങ്ങൾക്ക് കർഷകന് കിട്ടുന്ന വിലയിൽ താഴെ പറയുന്ന വ്യതിയാനങ്ങൾ കാണുന്നുണ്ട്.

പട്ടിക 5

| ഉല്പന്നം | കുറഞ്ഞവില(ക്വി) | കൂടിയവില(ക്വി) |
|---|---|---|
| കൊട്ടടക്ക | 5,500.00 രൂപ | 7,000.00 രൂപ |
| തേങ്ങ(1000) | 3,500.00 „ | 5,000.00 „ |
| കൊപ്ര | 3,000.00 „ | 3,400.00 „ |
| റബ്ബർ | 4,500.00 „ | 5,500.00 „ |
| കുരുമുളക് | 6,700.00 „ | 7,700.00 „ |
| ചുക്ക് | 4,400.00 „ | 5,000.00 „ |
| മഞ്ഞൾ | 13,000.00 „ | 15,000.00 „ |
| കപ്പ | 425.00 „ | 480.00 „ |

അവലംബം : തളിപ്പറമ്പ് മാർക്കറ്റ്

## കാർഷിക ബന്ധങ്ങൾ

കൈവശഭൂമി വിസ്തീർണ്ണം കണക്കുകൾ കാണിക്കുന്നത് മൊത്തം 4860 കർഷകരുള്ളതിൽ 3925 പേരും നാമമാത്ര കർഷകരാണ്. സ്വന്തം ഭൂമിയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. 30%ത്തോളം ഭൂവുടമസ്ഥരേ സ്വന്തമായി കാർഷികജോലി ചെയ്യുന്നുള്ളൂ. മൊത്തം ഭൂമിയുടെ 5.6%മാത്രമേ നെൽകൃഷിയുള്ളൂ.

പട്ടിക 6

| 10 സെൻ്ററിന് താഴെ | 10–25 ഇടയിൽ | 25–50 ഇടയിൽ | 50–1ഏക്ര വരെ | 1–2ഏക്ര | 2ഏക്രയിൽ കൂടുതൽ |
|---|---|---|---|---|---|
| 550 കുടുംബങ്ങൾ | 850 | 1250, | 1275 | 660 | 275 |

## കൂലി-സേവന വ്യവസ്ഥ

ഏകീകരിക്കപ്പെട്ട കൂലിനിരക്ക് പഞ്ചായത്തിൽ നിലവിലില്ല. ശരാശരി കൂലിനിരക്ക് താഴെ ചേർക്കുന്നു. (പ്രാദേശിക ഏറ്റക്കുറച്ചിലുകളുണ്ട്)

പട്ടിക 7

തൊഴിൽ വേതനനിരക്ക്

| | പു | സ്ത്രീ |
|---|---|---|
| ഉഴവ് | 150. രൂപ | – |
| കിളക്കൽ | 100. „ | – |
| ഞാറുനടൽ | – | 50രൂപ/ ൗസർ നെല്ല് |
| കളപറി | – | „ |
| കൊയ്ത്ത് | – | 10സേർ നെല്ല |
| തേങ്ങയിടൽ | 120 രൂപ | – |
| അടക്കപൊളിക്കൽ | 120 രൂപ | |
| ട്രാക്ടർ | 90 രൂപ(മണിക്കൂറിന്) | – |
| ട്രില്ലർ | 80 „ „ | |

പട്ടിക 8

നിലവിലുള്ള കാർഷികോപകരണങ്ങളുടെ കണക്കുകൾ

| നമ്പർ | ഉഴുവുപകരണങ്ങൾ | | | മരുന്നുതെളിയുപകരണങ്ങൾ | | | മെതിയന്ത്രം | തെങ്ങുകയറ്റ യന്ത്രം | പമ്പ് സെറ്റുകൾ |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പകൾ | റോക്കർ സ്പ്രേയർ | നാപ്സാക് സ്പ്രേയർ | മറ്റുളളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | – | 1 | 4 | 15 | 5 | – | – | 1 | 36 |
| 2 | – | – | 5 | 10 | 3 | – | – | – | 20 |
| 3 | – | – | 3 | 8 | 2 | – | – | – | 75 |
| 4 | – | – | 2 | 4 | 2 | – | – | – | 25 |
| 5 | – | – | 5 | 6 | 3 | – | – | – | 100 |
| 6 | – | – | – | 2 | 1 | – | – | – | 24 |
| 7 | – | 2 | 5 | 7 | 2 | – | – | –1 | 147 |
| 8 | – | 1 | 8 | 5 | 1 | – | – | – | 75 |
| 9 | – | – | – | 4 | 2 | – | – | – | 40 |
| 10 | 1 | – | 8 | 3 | 2 | 1 | – | – | 20 |
| ആകെ | 1 | 4 | 40 | 64 | 23 | 1 | | 4 | 562 |

## വളം ഉപഭോഗം

പഞ്ചായത്തിലെ മൊത്തം രാസവള ഉപഭോഗം ഏകദേശം 83.367 മെട്രിക് ടൺ ആണെന്ന് കണക്കാക്കിയിരിക്കുന്നു. ഇത് സ്വകാര്യ മേഖലയിലൂടെയും സഹകരണസ്ഥാപനങ്ങളിലൂടെയുമാണ് വിതരണം ചെയ്യുന്നത്. തളിപ്പറമ്പ് ബസാറിനെയും ഒരു വിഭാഗം കർഷകർ ആശ്രയിക്കുന്നുണ്ട്. പച്ചില വളങ്ങൾ ശേഖരിക്കാൻ പ്രയാസമനുഭവപ്പെടുന്നത് മൂലം ജൈവവള ഉപഭോഗം താരതമ്യേന കുറവാണ്.

1995-96ലെ കണക്കുകൾ പ്രകാരം കീടനാശിനി ദ്രവരൂപത്തിലുളളത് 106.5 ലിറ്ററും ഖരരൂപത്തിലുളളത് 3325കി.ഗ്രാമും ഉപയോഗിച്ചതായി കാണുന്നു.

**നടപ്പു പദ്ധതികളുടെ അവലോകനം**

**കാർഷിക വികസന പ്രവർത്തനങ്ങൾ**

1. ഗ്രൂപ്പ് ഫാമിംഗ്
2. ഗ്രൂപ്പ് ഫാമിംഗ് സമിതി മുഖേന ജൈവവള പ്രചരണം
3. കശുമാവ് കൃഷി വികസനം
4. കശുമാവിൻ തോട്ടങ്ങളിലെ ഊർജ്ജിത പരിപാലനം
5. സമഗ്ര നാളികേര വികസന പദ്ധതി
6. സുഗന്ധവിള വികസനം
7. പയറുവർഗ്ഗങ്ങളുടെ കൃഷി വികസനം
8. പച്ചക്കറി വിളകളുടെ വികസനം
9. ചെറുകിട യന്ത്രവൽക്കരണം
10. കാർഷികോല്പാദന പദ്ധതികളിൽ ജനപങ്കാളിത്തം
11. വിള ഇൻഷുറൻസ് പദ്ധതി
12. വിള നഷ്ടത്തിന് സഹായധന വിതരണം
13. നടീൽവസ്തുക്കൾ, വിത്ത് മുതലായവ വിതരണം.

പട്ടിക 9

നടീൽ വസ്തുവിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| 1. തെങ്ങ് | 615 | 728 | 765 |
| 2. കശുമാവ് | 1780 | 1355 | 800 |
| 3. വാഴക്കന്ന് | - | 3220 | 575 |
| 4. കുരുമുളക് | 12000 | 10500 | 16000 |
| 5. കവുങ്ങ് | 94 | 150 | |
| 6. മാവ് | 115 | 5 | 50 |
| 7. ജാതി | 40 | 100 | 70 |
| 8. ഗ്രാമ്പൂ | | | |
| 9. പ്ലാവ് | - | 100- | - |
| 10. ചെറി | - | 40 | - |
| 11. ചാമ്പ | | - | 4 |
| 12. പേര | | 40 | 10 |
| 13. ആഞ്ഞിലി | - | | 13 |
| 14. മാങ്കോസ്റ്റിൻ | 6 | 10 | |
| 15. സപ്പോട്ട | - | - | 3 |
| 16. അനോന | - | -- - | 3 |
| 17. കൊക്കൊ | | 500 | |

അവലംബം : കൃഷിഭവൻ

ദുരിതാശ്വാസ വിതരണം

പട്ടിക 10

| വർഷം | പ്രശ്നബാധിതപ്രദേശത്തിൻെറ വിസ്തീർണ്ണം | | | ധനസഹായംലഭിച്ചവരുടെ എണ്ണം | വിതരണംചെയ്ത തുക |
|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | ചുഴലിക്കാറ്റ് | | |
| 1994-95 | 24.04 ഹെ | - | - | 55 | 300 കി നെൽവിത്ത് |
| ,, | - | - | - | 273 | 37796.00 |
| 1995-96 | - | - | - | - 13 | 16064.00 |

അവലംബം : കൃഷിഭവൻ

### രോഗ കീടങ്ങൾ

ഓരോ വിളയേയും ബാധിച്ചുവരുന്ന രോഗ-കീട ബാധ വിവരങ്ങൾ

നെൽകൃഷിക്ക് ബ്ലാസ്റ്റ് രോഗം. തെങ്ങിന് കൂമ്പുചീയൽ, ചെന്നീരൊലിപ്പ്. കമുകിന് മഹാളി. കുരുമുളകിന് ദ്രുതവാട്ടം. നേന്ത്രവാഴയ്ക്ക് മണ്ടയടപ്പ്.

തെങ്ങിനെ ബാധിക്കുന്ന കൊമ്പൻചെല്ലി, നെൽകൃഷിയുടെ തണ്ടുതുരപ്പൻ പുഴു, ഇലചുരുട്ടിപ്പുഴു, ചാഴി എന്നിവയും കശുമാവിൻെറ തണ്ടുതുരപ്പൻ പുഴു, തേയിലകൊതുക്, ലീഫ് ഈറ്റിംഗ് കാറ്റർ പില്ലർ എന്നിവയും പച്ചക്കറി കൃഷികളുടെ തണ്ടുതുരപ്പൻ പുഴു, കായീച്ച, നീരൂറ്റിക്കുടുക്കുന്ന പ്രാണികൾ എന്നിവയും സർവസാധാരണമായി കണ്ടുവരുന്ന കീടങ്ങളാണ്.

### വായ്പാ സൗകര്യങ്ങൾ

പഞ്ചായത്തിൽ കാർഷിക വായ്പാ സൗകര്യങ്ങൾ പരിമിതമാണ്. കുറുമാത്തൂർ സർവീസ് സഹകരണ ബേങ്കും നോർത്ത് മലബാർ ഗ്രാമീണ ബേങ്കിൻെറ പൊക്കുണ്ട് ശാഖയുമാണ് പഞ്ചായത്തിൻെറ പരിധിക്കകത്തുള്ള ബേങ്കുകൾ. നോർത്ത് മലബാർ ഗ്രാമീൺ ബേങ്കിൻെറ കരിമ്പം ശാഖയും എസ്.ബി.ടി.യുടെ തളിപ്പറമ്പ് ശാഖയും, കാർഷിക വികസന ബേങ്ക് തളിപ്പറമ്പ് ശാഖയും കർഷകർക്ക് പരമിതമായ തോതിൽ വായ്പാ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു.

## കർഷക സംരംഭങ്ങൾ

### പാടശേഖര സമിതികൾ

പഞ്ചായത്തിൽ ആദ്യകാലത്ത് ഏഴ് പാടശേഖര കമ്മിറ്റികൾ രൂപീകരിച്ചിരുന്നെങ്കിലും, ഇവയിൽ മുയ്യം, വടക്കാഞ്ചേരി, ചെപ്പനൂൽ എന്നിവ മാത്രമാണ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മുയ്യം, വടക്കാഞ്ചേരി പാടശേഖര സമിതികൾക്ക് പവർട്രില്ലർ അനുവദിച്ചിട്ടുണ്ട്.

### കുരുമുളക് സംരക്ഷണ സമിതി

ഒരു സമിതി മാത്രമേ നിലവിൽ വന്നിട്ടുള്ളൂ. പ്രവർത്തനം തൃപ്തികരമല്ല.

### കേര വികസന സമിതി

ഒരു വിധം നന്നായി പ്രവർത്തിച്ചുവരുന്നുണ്ട്. സമഗ്ര നാളികേര വികസന പദ്ധതിപ്രകാരമുള്ള ആനുകൂല്യ ങ്ങൾ(കിണർ, പമ്പ്സെറ്റുകൾ, തെങ്ങുകയറ്റ യന്ത്രങ്ങൾ, സ്പ്രെയർ തുടങ്ങിയവ) കർഷകരിലെത്തിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. തെങ്ങുകൃഷിയെ സംബന്ധിച്ചുള്ള പരിശീലന പരിപാടിയും സംഘടിപ്പിച്ചുവരുന്നുണ്ട്.

പ്രശ്നങ്ങൾ

1. ജലസേചന സൗകര്യങ്ങൾ അപര്യാപ്തമാണ്. ഉള്ളവ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല
2. നിലവിലുള്ള ജലസേചന ഉപാധികൾ പരിഷ്കരിക്കുകയോ റിപ്പേർ ചെയ്യുകയോ വേണം.
3. പാടങ്ങൾ നികത്തപ്പെടുന്നു.
4. ഉല്പന്നങ്ങൾക്ക് വിപണന സൗകര്യം കുറവാണ്
5. സമയത്ത് കൃഷിസ്ഥലമൊരുക്കാൻ കാർഷികോപകരണങ്ങൾ ലഭിക്കുന്നില്ല.
6. കാർഷികത്തൊഴിലാളികളുടെ ലഭ്യതക്കുറവ്
7. കൃഷി ഭൂമി തരിശിട്ടിരിക്കുന്നു.

8. മണ്ണിലെ ജൈവാംശം കുറഞ്ഞുവരുന്നു.
9. കീടനാശിനികളുടെ ശാസ്ത്രീയമല്ലാത്ത ഉപയോഗം പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു,
10. ഉല്പാദനക്ഷമത കുറവ്
11. ജൈവവളം വേണ്ടത്ര ലഭ്യമല്ല
12. രാസവളം ആവശ്യമായ തരം ആവശ്യമായ സമയത്ത് കിട്ടുന്നില്ല.
13. ചില പ്രദേശങ്ങളിൽ വെള്ളക്കെട്ട് അനുഭവപ്പെടുന്നു.
14. യുവ തലമുറ കൃഷിയിൽ താല്പര്യം കാണിക്കുന്നില്ല.
15. വായ്പാ സൗകര്യങ്ങൾ വേണ്ട സമയത്ത് ലഭിക്കുന്നില്ല.
16. നൂതന കാർഷിക മേഖലകളെകുറിച്ച് കൃഷിക്കാർക്ക് വേണ്ടത്ര അറിവില്ല.
17. കൃഷിഭവനിലെ പദ്ധതികളും പ്രവർത്തനങ്ങളും കർഷകർ വേണ്ടത്ര അറിയുന്നില്ല.
18. കർഷകത്തൊഴിലാളികളുടെ കൂലി ഏകീകരണമില്ല.

**സാധ്യതകൾ**

1. നിലവിലുള്ള ജലസേചന പദ്ധതികൾ റിപ്പേർ ചെയ്യുക.(9ക്രോസ്ബാറുകൾ). ആവശ്യമായ സമയത്ത് പലകയിടുവാനുള്ള സംവിധാനം കർഷകർ മുഖേനയുണ്ടാക്കുക.

2. മുയ്യം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കാര്യക്ഷമമാക്കുക. അഡീഷണൽ പമ്പ് സ്ഥാപിച്ച് വരഡൂലിലേക്ക് ജലസേചനം നടത്തുവാനുള്ള സാധ്യത പരിശോധിക്കണം. ചെപ്പനൂൽ വയലിലേക്ക് വേണ്ടി നിർമ്മിച്ച അഡീഷണൽ പമ്പ്ഹൗസ് വൈദ്യുതീകരണം നടത്തി പമ്പ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുക.

3. വടക്കാഞ്ചേരി റഗുലേറ്റർ സ്ഥിരം ഷട്ടറുകൾ സ്ഥാപിക്കുക. ഓരോ കൊല്ലവും പലകയിട്ട് മണ്ണിടുന്നതും മഴക്കാലത്ത് ഉപേക്ഷിക്കുന്നതുമായ ഇന്നത്തെ സ്ഥിതി ഒഴിവാക്കുക.

4. കുറ്റിക്കോൽ പുഴയ്ക്ക് കരയിടിച്ചിലുള്ള സ്ഥലങ്ങളിലെല്ലാം ഭിത്തി സംരക്ഷണം വേണം.

5. കുറ്റിക്കോൽ പുഴയിൽ(കാലിക്കടവ് മുതൽ മുയ്യംവരെ) യോജിച്ച സ്ഥലങ്ങളിൽ തടയണ നിർമ്മിച്ച് കൃഷിക്ക് വെള്ളം എത്തിക്കുക.

6. നിലവിലുള്ള കുളങ്ങളിൽ ജലസേചനസൗകര്യമുള്ളവയെല്ലാം റിപ്പേർ ചെയ്യുക.
7. പ്രധാന കൈത്തോടുകളുടെയെല്ലാം സംരക്ഷണം.
8. പാടങ്ങൾ നികത്തപ്പെടുന്നത് തടയാൻ പഞ്ചായത്തുകൾക്ക് അധികാരം വേണം.
9. ജൈവവള ഉൽപാദനത്തിന് കർഷകർക്ക് ആവശ്യമായ തോതിൽധനസഹായം
10. പച്ചക്കറി കൃഷി(രണ്ടുസീസണിലും) നടത്തുന്നതിന് കർഷകർക്ക് ആവശ്യമായ സഹായങ്ങൾ
11. പുരയിടങ്ങളിൽ ഹോംസ്റ്റെഡ് ഫാമിംഗ് ഏർപ്പെടുത്താവുന്നതാണ്.

12. കുറുമാത്തൂർ പാടശേഖരത്തിൽ നീർകെട്ട് ഒഴിവാക്കുവാനും(വെത്തലതോടും തടയണകളും റിപ്പേർ)കുളങ്ങൾ ആഴം കൂട്ടുവാനും കൂടുതൽ സ്ഥലത്ത് നെൽകൃഷി ചെയ്യുവാനുമുള്ള പദ്ധതികൾ

13. കൂനം വയലിൽ ജലസേചന കുളങ്ങൾ റിപ്പേർ ചെയ്യുക.
14. കുറ്റിക്കോൽ പുഴയുടെ പാർശ്വങ്ങളിലുള്ള ഒഴിവുസ്ഥലങ്ങൾ(പുറമ്പോക്ക്)കൃഷിയോഗ്യമാക്കുക.

15. നല്ല വിത്തിനങ്ങൾ ഉല്പാദിപ്പിക്കുന്നതിന് കർഷകരെ സജ്ജമാക്കുകയും സഹായം ചെയുകയും വേണം.

16. കൃഷിഭവൻ പ്രവർത്തനം കാര്യക്ഷമമാക്കണം. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പുതുക്കി ജീവനക്കാരെ കൂടുതൽ നിയമിക്കണം. ട്രെനിംഗ് ആൻറ് വിസിറ്റ് പരിപാടി പുനരാരംഭിച്ച് ഫലപ്രദമാക്കണം.

17. ഒന്ന്, രണ്ട് വാർഡുകൾ കേന്ദ്രീകരിച്ച് പൂവത്തും 4,10, 9 വാർഡുകൾ കേന്ദ്രീകരിച്ച് പൊക്കുണ്ടിലും ആഴ്ചചന്തകൾ സംഘടിപ്പിക്കാനുള്ള സാധ്യത

18. രാസവള ലഭ്യത ഉറപ്പുവരുത്തുക.
19. കൂട്ടുകൃഷി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.
20. ആധുനിക സാങ്കേതിക ഉപകരണങ്ങൾ ലഭ്യമാക്കുക.
21. മണ്ണ് പരിശോധനയ്ക്ക് കൃഷിഭവൻ തലത്തിൽതന്നെ സംവിധാനം
22. പാടശേഖര സമിതികൾ പ്രവർത്തന നിരതമാക്കുക.
23. കൂൺകൃഷി, തേനീച്ചവളർത്തൽ, പൂകൃഷി എന്നിവയ്ക്ക് പദ്ധതികൾ ആവിഷ്കരിക്കുക.
24. പട്ടുനൂൽപുഴു വളർത്തലിന് കർഷകർക്ക് ബോധവൽകരണവും സഹായവും നൽകുക.

# മൃഗസംരക്ഷണം

പഴയകാലത്ത് കൃഷി കഴിഞ്ഞാൽ കന്നുകാലി വളർത്തലായിരുന്നു ഈ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യതൊഴിൽ. ഭൂവിസ്തൃതിയുടെ മൂന്നിൽ രണ്ടു ഭാഗം വരുന്ന ഉയർന്ന സമതല പ്രദേശങ്ങളും കുന്നിൻ ചെരിലുകളും കന്നുകാലികളുടെ മേച്ചിൽ പ്രദേശങ്ങളായി പ്രയോജനപ്പെട്ടു. കയർ കണ്ടപശുക്കളില്ലാത്ത കാലം-കാലിയാപ്പിളളർ കന്നകാലികളെ കൂട്ടമായി പറമ്പിലേക്ക് മേയ്ക്കാൻ കൊണ്ടുപോയാൽ തിരിച്ചെത്തുന്നത് അന്തിമയങ്ങുമ്പോൾ മാത്രം. പാൽകറവയാകട്ടെ 'ഒണ്ട'എന്ന മുളം കുററികളിൽ അന്ന് ആല നിറയെ പശുക്കൾ ഭൂപ്രഭുക്കന്മാരുടേയും പ്രമാണിമാരായ കൈവശ കുടിയാൻമാരുടേയും ആധിപത്യത്തിൻെറ ലക്ഷണമായിരുന്നു. കന്നുകാലി വളർത്തലിൽനിന്നായിരുന്നു കൃഷിക്കാവശ്യമായ ജൈവവളം ശേഖരിച്ചിരുന്നത്.

നിലം ഉഴുകുന്നതിനും വണ്ടിവലിക്കുന്നതിനും എണ്ണ ആട്ടുന്നതിനും കാളകളെ ഉപയോഗിച്ചിരുന്നു. കാർഷികവൃത്തിയിൽ പണിക്കാളകളുടെ പ്രാധാന്യം താഴെകൊടുത്ത 1931ലെ സെറ്റിൽമെൻറ് റജിസ്റ്ററിലെ കണക്കുകൾ വ്യക്തമാക്കുന്നു.

| | | | | |
|---|---|---|---|---|
| പണിക്കാളകൾ - 716 | പശുക്കൾ - 1082 | കന്നുകുട്ടികൾ - 876 | എരുമകൾ -27 | ആടുകൾ -489 |

ഈ പഞ്ചായത്തിലെ കൂനം, മഴൂർ പ്രദേശങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ ക്ഷീരോല്പാദനം നടത്തിയിരുന്ന ചില കുടുംബങ്ങൾ മുൻകാലങ്ങളിൽ ഉണ്ടായിരുന്നു. കിടാരികളെ പോററാൻകൊടുക്കുന്ന സമ്പ്രദായവും അക്കാലത്തുണ്ടായിരുന്നു. 1940കളിൽ പ്രകൃതിക്ഷോഭങ്ങൾ, യുദ്ധക്കെടുതി എന്നിവമൂലം ഭക്ഷ്യക്ഷാമം കൊടുമ്പിരിക്കൊണ്ടു. ഇത് പരിഹരിക്കുന്നതിനായി കൂടുതൽ സ്ഥലങ്ങളിലേക്ക് നെൽ കൃഷിവ്യാപിപ്പിക്കാനിടയായതിനെ തുടർന്ന് കന്നുകാലികളുടെ മേച്ചിൽ സ്ഥലങ്ങൾ കുറയാൻ ഇടയായി. 1970ൽ സമഗ്രഭൂപരിഷ്കരണം നടപ്പിലാക്കിയതോടെ നെൽവയലുകളുടേയും തരിശുഭൂമികളുടേയും വിസ്തീർണം കുറയുന്ന പ്രവണത വീണ്ടും ദൃശ്യമായി.

1995ലെ കന്നുകാലി സെൻസസ് പ്രകാരം കുറുമാത്തൂർ പഞ്ചായത്തിലെ കന്നുകാലികളുടെ കണക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| നാടൻപശുക്കൾ, കന്നുകുട്ടികൾ | 2002 |
| സങ്കരയിനം പശുക്കൾ, കന്നുകുട്ടികൾ | 1222 |
| നാടൻകാളകൾ, കാളക്കുട്ടികൾ | 232 |
| സങ്കരവർഗ്ഗംകാളകൾ, കാളക്കുട്ടികൾ | 343 |
| ആകെ | 3799 |

കന്നുകാലികൾ 41% സങ്കരവർഗ്ഗമാണ്. ക്ഷീരോല്പാദനക്ഷമതയുളള ഉരുക്കളുടെ എണ്ണം 3224ആണ്. 5280 ഹെക്ടർ ഭൂവിസ്തീർണ്ണമുളള ഈ പഞ്ചായത്തിൽ ഒരു മൃഗത്തിന് ശരാശരി 1.4ഹെക്ടർ സ്ഥലം ലഭ്യമാണ്.നാടൻ കന്നുകാലികളുടെ എണ്ണം അനുസ്യൂതമായി കുറഞ്ഞുവരുന്നു; അതുപോലെ ഉഴവുകാളകളുടേയും. ശ്രീ കുറുമാത്തൂർ നാരായാണൻ നമ്പൂതിരിപ്പാടിൻെറ ഉടമസ്ഥതയിൽ 1948ൽ

ആരംഭിച്ച് കുറച്ചുകാലത്തിനുശേഷം നാമാവശേഷമായ കറുമാത്തൂർ ഡയറീസ് ആൻറ് ഫാംസ് ക്ഷീരോല്പാദന മേഖലയിൽ നൂതന സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുന്നതിനുള്ള ഒരു മാതൃകാ സംരംഭമായിരുന്നു.

കാലിത്തീറ്റയുടെ വിലവർദ്ധനവും ചികിത്സാ സൗകര്യമില്ലായ്മയും തീറ്റപ്പുല്ലിൻെറ ലഭ്യതക്കുറവും ഉല്പാദനച്ചെലവിനാനുപാതികമായി പാലിന് വില ലഭിക്കാത്തതും ക്ഷീരോല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്.

ഐ.ആർ.ഡി.പി. പദ്ധതി അനുസരിച്ച് ജോഡിക്കാളകൾ, കറവപ്പശുക്കൾ എന്നിവയുടെ വിതരണം, ആടുവളർത്തുകേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവയൊന്നും പ്രതീക്ഷിച്ച അളവിൽ വിജയിച്ചില്ല. 1965ൽ ചൊറുക്കളയിൽ സ്ഥാപിച്ച ഐ.സി.ഡി.പി. സബ് സെൻറർ കൃത്രിമ ബീജസങ്കലനത്തിലൂടെ പ്രജനനവിധേയമായ സങ്കരവർഗ്ഗത്തിൻെറ എണ്ണം 10വർഷംകൊണ്ട് വെറും 11%ത്തിൽനിന്ന് 35%ആയി വർദ്ധിക്കാൻ സഹായമായിട്ടുണ്ട്.

**ഓരോവർഷവും ചെയ്ത കൃത്രിമ ബീജസങ്കലത്തിൻെറ കണക്ക്**

| 1988-89 | 89-90 | 90-91 | 91-92 | 92-93 | 93-94 | 95-96 | 96-97 | ആകെ |
|---|---|---|---|---|---|---|---|---|
| 389 | 570 | 570 | 786 | 822 | 645 | 565 | 630 | 5277 |

അവലംബം : എ.എൽ. റജിസ്റ്റർ

മാംസത്തിനുവേണ്ടിയുള്ള മുയൽ, പന്നി, ആട് വളർത്തലിൽ നമ്മുടെ പഞ്ചായത്തിൽ വളർച്ച പ്രാപിച്ചിട്ടില്ല.

ചില വീടുകളിൽ നായ്ക്കളെ വളർത്തുന്നുണ്ട്. അലഞ്ഞുതിരിയുന്ന നായ്ക്കൾ ധാരാളമുണ്ട്.

## കോഴിവളർത്തൽ

വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. മുൻകാലങ്ങളിൽ വീടുകളിൽ നടൻകോഴികളെ വളർത്തുന്നത് സർവസാധാരണമായിരുന്നു. ഇന്ന് അപൂർവം ചില വൂടുകളിൽ ലൗബേർഡ്സ്, പ്രാവ് എന്നിവയെ വളർത്തുന്നുണ്ട്. 1965ൽ പ്രായുക്ത പോഷകാഹാര പരിപാടിയുടെ ഭാഗമായി പഞ്ചായത്തിൽ ഏഴ് കോഴിവളർത്തുകേന്ദ്രങ്ങളും എസ്.എൽ.ബി.എസ്. അനുസരിച്ച് എട്ട് ഇറച്ചിക്കോഴികേന്ദ്രങ്ങളും പ്രവർത്തിച്ചിരുന്നു. കണ്ണൂർജില്ലാ കോഴി വളർത്തൽ-വിപണന സഹകരണസംഘം പ്രവർത്തനരഹിതമായതോടെ ഈ പഞ്ചായത്തിലെ യൂനിറ്റുകളും നിർജ്ജീവമായി. എങ്കിലും ചില വ്യക്തികൾ സംരംഭം തുടർന്ന് നടത്തിവരുന്നുണ്ട്.

## ആട്, പന്നി, മുയൽ വളർത്തൽ

ഇറച്ചികകുണ്ടായിക്കൊണ്ടിരുക്കുന്ന വർദ്ധിച്ച ആവശ്യം വാണിജ്യാടിസ്ഥാനത്തിലുള്ള ഇവയുടെ വളർത്തു കേന്ദ്രങ്ങളാരംഭിക്കുന്നതിലേക്ക് ശ്രദ്ധ പതിയാൻ പര്യാപ്തമാണ്.

## മത്സ്യബന്ധനം

മത്സ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്ന കുടുംബങ്ങൾ ഈ പഞ്ചായത്തിൽ വിരളമാണ്. കുറുമാത്തൂർ വുഴയിൽനിന്ന് വള്ളവും വലയും ഉപയോഗിച്ച് സ്ഥിരമായി മീൻപിടിക്കുന്നവർ കേവലം രണ്ടുപേരാണ്. ചൂണ്ട, ചെറുവലകൾ എന്നിവ ഉപയോഗിച്ച് കരിമ്പംതോട്ടിൽനിന്ന് ചില കാലങ്ങളിൽ ചിലർ മീൻ പിടിക്കാറുണ്ട്. 34ഓളം ചെറുകുളങ്ങൾ ഉള്ളതിൽ ഏപ്രീൽ, മെയ് മാസങ്ങളിൽ വെള്ളം വറ്റാത്തത് പത്ത് എണ്ണം മാത്രമാണ്. ഇവയിൽ ശുദ്ധജല മത്സ്യം വളർത്തലിനുള്ള സാധ്യത

ആരായേണ്ടതാണ്.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ മൃഗാസ്പത്രിയില്ല. തളിപ്പറമ്പിലെ വെറ്ററിനറി പോളിക്ലിനിക്കിനെ ആശ്രയിക്കേണ്ടിവരുന്നു.
2. കാലിത്തീറ്റയുടേയും കോഴിത്തീറ്റയുടേയും വില ക്രമാതീതമായി വർദ്ധിക്കുന്നു.
3. തീറ്റപ്പുല്ലിനും വൈക്കോലിനും അയൽ സംസ്ഥാനത്തെ ആശ്രയിക്കേണ്ടിവരുന്നു.
4. ക്ഷീരോല്പാദന വിപണന സഹകരണ സംഘത്തിന്റെ പ്രവർത്തനം ചില വാർഡുകളിൽ ഒതുങ്ങുന്നു.
5. പശു, ആട്, കോഴി വളർത്തലിൽ നൂതനശാസ്ത്രീയരീതികൾ അവലംബിക്കുന്നില്ല.
6. സങ്കരയിനം പശുക്കൾക്ക് പിടിപെടുന്ന രോഗവും അവയുടെ മരണവും കൃഷിക്കാരെ അലട്ടുന്നു,
7. പാലിന്റെ വിലക്കുറവ്
8. നല്ലയിനം മുട്ടക്കോഴികളേയും ഇറച്ചികോഴികളേയും വളർത്തുന്നതിലുള്ള താല്പര്യക്കുറവ്.
9. അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന രോദബാധിതമായ ചണ്ടിക്കോഴികളുടേയും മൃഗങ്ങളുടേയും ഇറച്ചി നിർബാധം വിൽപ്പനക്കെത്തുന്നു.
10. അലഞ്ഞുതിരിയുന്ന പട്ടികളുള്ളതുകൊണ്ട് പേപ്പട്ടിശല്യമുണ്ട്.
11. കുളത്തിൽ മത്സ്യക്കൃഷി നടത്താൻ താല്പര്യമുള്ളവർക്ക് സാമ്പത്തിക സാങ്കേതിക സഹായം ലഭിക്കുന്നില്ല.
12. മത്സ്യവിപണന കേന്ദ്രങ്ങളില്ല. കുറുമാത്തൂർ പുഴയിൽ തോട്ടപൊട്ടിച്ച് മത്സ്യം പിടിക്കുന്നത് കരയിടിച്ചിലും വീടുകൾക്ക് ഭീഷണിയുമുണ്ടാക്കുന്നു.

### സാധ്യതകൾ

1. പഞ്ചായത്തിൽ ഒരുമൃഗാസ്പത്രി സ്ഥാപിക്കണം. അതിന്റെ സേവനം എല്ലാ വാർഡുകളിലും വ്യാപിപ്പിക്കണം.
2. കന്നുകാലി വികസന ഉപകേന്ദ്രങ്ങൾ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിക്കണം.
3. കന്നുകാലി ഇൻഷുറൻസ് വ്യാപിപ്പിക്കണം.
4. തരിശുസ്ഥലങ്ങളിൽ തീറ്റപ്പുൽകൃഷി ചെയ്യാവുന്നതാണ്.
5. ക്ഷീര സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമവും വ്യാപകവുമാക്കുക.
6. മുട്ട, ഇറച്ചി ഉല്പാദന-വിപണനത്തിന് സഹകരണ സംഘം സ്ഥാപിക്കുക.
7. സഹകരണ സംഘം തീറ്റനിർമ്മാണവും വൈക്കോൽ ശേഖരണവും നടത്തുക.
8. ഗോബർ ഗ്യാസ് നിർമ്മാണം സാധ്യമാക്കണം.
9. സംരക്ഷണ ചിലവിനനുസൃതമായി പാൽവില ഉയർത്തുക.
10. കോഴിവളർത്തലിനും സങ്കരയിനം പശുക്കളെ വാങ്ങുന്നതിനും സഹായധനം നൽകുക.
11. കൃഷിക്കാരിൽ പുതിയ അവബോധം സൃഷ്ടിക്കുന്നതിന് ബോധവല്കരണം നടത്തുക.
12. ആട്, മുയൽ, പന്നി എന്നിവയെ വളർത്തുന്നതിന് സാമ്പത്തിക-സാങ്കേതിക സഹായം നല്കുക.
13. കുളത്തിൽ മത്സ്യക്കൃഷി നടത്തുന്നതിനാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക.
14. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യവിപണനത്തിന് കേന്ദ്രങ്ങൾ തുറക്കുക.

# വ്യവസായം



വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് കുറുമാത്തൂർ പഞ്ചായത്ത്. സ്വകാര്യമേഖലയിലുള്ള ഏതാനും ചില ചെറുകിട വ്യവസായങ്ങൾ ഒഴിച്ചുനിർത്തിയാൽ പരമ്പരാഗത വ്യവസായങ്ങളോ വൻകിട വ്യവസായങ്ങളോ നിലവിലില്ല. തുണിനെയ്ത്ത്, പായനെയ്ത്ത്, എണ്ണയാട്ടൽ, അവിലിടി, കലം നിർമ്മാണം, പപ്പടനിർമ്മാണം, കുട്ടനിർമ്മാണം മുതലായ പരമ്പരാഗത വ്യവസായങ്ങളിൽ തൊഴിലെടുക്കുന്നവർ പണ്ടുകാലംമുതൽ ധാരാളമുണ്ടായിരുന്നെങ്കിലും അവർ ഒരു സംഘടിത രൂപത്തിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടില്ല. പല കാരണങ്ങളാൽ ഇത്തരം തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവർ ഇന്ന് മറ്റ് മേഖലകളിലേക്ക് മാറിയിരിക്കുകയാണ്. ഇന്ന് വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം തുലോം തുച്ഛമാണ്.

പട്ടിക.
പഞ്ചായത്തിലെ വ്യവസായങ്ങളും തൊഴിലാളികളും

| ക്രമ നമ്പർ | തൊഴിൽ മേഖല | യൂണിറ്റുകളുടെ എണ്ണം | തൊഴിലാളികളുടെഎണ്ണം | | ആകെ |
|---|---|---|---|---|---|
| | | | പു | സ്ത്രീ | |
| 1. | കാനനൂർ സിറാമിക്സ് | 1 | 28 | 21 | 49 |
| 2. | കോണ്ടിക്കി കെമിക്കൽസ് | 1 | 7 | - | 7 |
| 3. | കാസ്റ്റ്അയേൺ പ്രൊഡക്ട്സ് | 1 | 5 | - | 6 |
| 4. | പ്ലാസ്റ്റിക് കവർ | 1 | 1 | - | 1 |
| 5. | റബ്ബർഫോം ഫാക്ടറി | 1 | 3 | - | 3 |
| 6. | ടി.വി. അസംബ്ലിങ്ങ് യൂണിറ്റ് | 1 | 9 | - | 9 |
| 7. | ഇരുമ്പുബക്കറ്റ് | 1 | 4 | - | 4 |
| 8. | കത്തിനിർമ്മാണം | 1 | | - | - |
| 9. | പടക്കനിർമ്മാണം | 1 | - | - | - |
| 10. | വെൽഡിങ്ങ് | 5 | 5 | - | 5 |
| 11. | സോഡാ നിർമ്മാണം | 2 | - | - | - |
| 12. | കറിപൗഡർ | 2 | 3 | 9 | 11 |
| 13. | വുഡ്ഇൻഡസ്ട്രീസ് | 11 | 43 | 2 | 45 |
| 14. | റൈസ് ഫ്ലവർ മിൽ | 9 | 9 | - | 9 |
| 15. | അച്ചാർ നിർമ്മാണം | 1 | 1 | 1 | 2 |

| | | | | | |
|---|---|---|---|---|---|
| 16. | കൊപ്രഓയിൽ മിൽ | 3 | 3 | – | 3 |
| 17. | ഇഷ്ടിക നിർമ്മാണം | 1 | 1 | 9 | 10 |
| 18. | തീപ്പെട്ടി നിർമ്മാണം | 1 | 2 | 10 | 12 |
| 19. | സ്റ്റോൺക്രഷർ | 1 | 4 | – | 4 |
| 20. | കരിങ്കൽ ക്വാറി | 15 | 75 | 225 | 300 |
| 21. | ചെങ്കൽ ക്വാറി | – | 224 | 96 | 320 |

വ്യവസായം എന്നനിലയിൽ കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്നത് ചെങ്കൽ-കരിങ്കൽ മേഖലയിലാണ്. പഞ്ചായത്തിൽ 15 കരിങ്കൽ ക്വാറികളുണ്ട്. കൂനത്തിനടുത്ത് ഒരു സ്റ്റോൺക്രഷർ പ്രവർത്തിക്കുന്നുണ്ട്. ചെങ്കൽ മേഖലയിൽ കണ്ണൂർ ജില്ലാ ചെങ്കൽ വ്യവസായ സഹകരണ സംഘത്തിന്റെ യൂണിറ്റുകൾ പഞ്ചായത്തിലുണ്ട്. മെഷീൻ ഉപയോഗിച്ചുള്ള ചെങ്കൽ ഖനനം പഞ്ചായത്തിൽ ഇന്നില്ല.

II, III, IV, X വാർഡുകളിലായി മരമില്ലുകൾ പ്രവർത്തിക്കുന്നു. ഇവ മര ഉരുപ്പടികളാക്കുന്നവയും ബ്ലോക്ക് ബോർഡുകൾ നിർമ്മിക്കുന്നവയുമുണ്ട്. VIII ാം വാർഡിലെ കാനനൂർ സിറാമിക്സിൽ സ്റ്റോൺവേർ പൈപ്പുകൾ നിർമ്മിക്കുന്നു. ഇതേ വാർഡിലുള്ള കോണ്ടിക്കി കെമിക്കൽസിൽ പ്ലൈവുഡ് നിർമ്മാണത്തിനുള്ള പശയാണ് ഉൽപാദിപ്പിക്കുന്നത്. കറിപൗഡർ നിർമ്മിക്കുന്ന 'മംഗള' ഏറെ പ്രശസ്തമാണ്. കമ്പോളത്തിലെ മത്സരത്തെ അതിജീവിക്കാൻ കഴിയുന്നു എന്നതാണ് ഈ സ്ഥാപനത്തിന്റെ വളർച്ചക്ക് കാരണം.

### പ്രശ്നങ്ങൾ

1. വ്യവസായ വികസനത്തിന്വേണ്ടിയുള്ള സാധ്യതകൾ സംഘടിതമായി പ്രയോജനപ്പെടുത്തുന്നില്ല.
2. വ്യാവസായികാവശ്യത്തിന് പറ്റിയ ധാരാളം സ്ഥലമുണ്ടെങ്കിലും അവിടെ ആവശ്യമായ ഗതാഗത വാർത്താവിനിമയ-വൈദ്യുത കണക്ഷനുകളുടെ സൗകര്യമില്ല.
3. വിവിധ മേഖലയിൽ തൊഴിലാളികളെ സംഘടിപ്പിച്ചു വ്യവസായങ്ങൾ തുടങ്ങുവാൻ കഴിയുന്ന സഹകരണ സംഘങ്ങളുടെ അഭാവം.
4. ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളുപയോഗിച്ച് വ്യവസായം തുടങ്ങാൻ വ്യവസായികളെ ലഭിക്കായ്ക.
5. ശുഭാപ്തി വിശ്വാസത്തോടെ സംരംഭകനാവാൻ തയ്യാറാകുന്നവരുടെ അഭാവം.
6. വ്യവസായം തുടങ്ങുവാൻ ആവശ്യമായ പരിശീലനം ലഭിക്കാത്തത്.
7. വിദഗ്ദ തൊഴിലാളികൾ ആവശ്യമായ മേഖലയിൽ അവരുടെ അഭാവം.
8. വിപണന സാധ്യത ഇല്ലായ്മ, വിപണിയെക്കുറിച്ചുള്ള അറിവില്ലായ്മ.
9. താൽപര്യമുള്ളവർക്ക് പ്രവർത്തന മൂലധനത്തിന്റെ അഭാവം.
10. വൈദ്യുതിയുടെ കുറഞ്ഞ വോൾട്ടത.
11. ജല ദൗർലഭ്യം.

### സാധ്യതകൾ, നിർദ്ദേശങ്ങൾ.

1. ചെറുകിട-ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുവാൻ കഴിയുന്ന ധാരാളം സ്ഥലങ്ങൾ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിലുണ്ട്. അത്തരം സ്ഥലങ്ങൾ ഏറ്റെടുത്ത് ചെറുകിട ഇടത്തരം വ്യവസായികളെ ക്ഷണിച്ചുവരുത്തി അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുക.

a) വാർത്താവിനിമയ സൗകര്യത്തിന് പഞ്ചായത്തിൽ ടെലിഫോൺ ശൃംഖല വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുക.

b) വൈദ്യുതി, റോഡ് എന്നിവയുടെ ലഭ്യത വർദ്ധിപ്പിക്കുക.

c) വ്യാവസായികാവശ്യത്തിനുവേണ്ട ഭൂമി കണ്ടെത്തുന്നതിന് ധനാഗമമാർഗ്ഗങ്ങൾ സൃഷ്ടിക്കുക.

2. വിദേശ മലയാളികളുടെ വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുക.
3. സഹകരണാടിസ്ഥാനത്തിൽ പരമ്പരാഗത വ്യവസായങ്ങൾ ആരംഭിക്കുക. (പായ, കൂട്ട, പപ്പടം, കലം)

4. റബ്ബർ, തേങ്ങ, പഴം, മരച്ചീനി, ചക്ക, പച്ചക്കറികൾ, കശുമാങ്ങ മുതലായ കാർഷിക വിളകളുടെ സംഭരണ സംസ്കരണ യൂണിറ്റകൾ സഹകരണ മേഖലയിൽ ആരംഭിക്കുക.
5. സംരംഭകത്വ പരിശീലനം ഏർപ്പെടുത്തുക.
6. മിനറൽ വാട്ടർ നിർമ്മാണ യൂണിറ്റ് തുടങ്ങുക.
7. സഹകരണാടിസ്ഥാനത്തിൽ വാടക സാധനങ്ങൾ കൊടുക്കുന്ന യൂണിറ്റ്, ബെയ്ക്കറി, ഹോട്ടൽ എന്നിവ ആരംഭിക്കുക.
8. പഞ്ചായത്തിന്റെ സ്ഥലത്ത് ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുക.
9. സഹകരണാടിസ്ഥാനത്തിൽ കരകൗശല വസ്തുക്കൾ, ലതർ ബാഗുകൾ, സ്കൂൾ ബാഗുകൾ, തോൽ ഉൽപ്പന്നൾ മുതലായവയുടെ നിർമ്മാണ യൂണിറ്റുകൾ തുടങ്ങുക.
10. സഹകരണാടിസ്ഥനത്തിൽ ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്, സ്പെയർ പാർട്സ് ഷോപ്പ്, പരിശീലന കേന്ദ്രം എന്നിവ ആരംഭിക്കുക.
11. കുടിൽ വ്യവസായമായി മെഴുകുതിരി, ചന്ദനത്തിരി എന്നിവയുടെ നിർമ്മാണം ആരംഭിക്കുക.
12. പട്ടുനൂൽ പുഴു വളർത്തൽ പദ്ധതികൾ ആരംഭിക്കുക.

# വിദ്യാഭ്യാസം



കുറുമാത്തൂർ പഞ്ചായത്തിന് വിദ്യാഭ്യാസ രംഗത്ത് അഭിമാനകരമായ ഒരു പാരമ്പര്യമുണ്ട്. നാടിൻെറ ഗുരുക്കന്മാരായിരുന്ന എഴുത്താശാന്മാർ19--ാം നൂറ്റാണ്ടിൻെറ ഒടുവിൽതന്നെ വിവിധ പ്രദേശങ്ങളിൽ പള്ളിക്കൂടങ്ങൾ നടത്തിയിരുന്നു. മുണ്ടേരി, മുയ്യം, കുറുമാത്തൂർ, എന്നിവ പ്രധാന കേന്ദ്രങ്ങളായിരുന്നു. അത്തരം അനൗപചാരിക കേന്ദ്രങ്ങളാണ് പിന്നീട് നിലവിൽ വന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അടിത്തറ പാകിയത്.

1890കളിലാണ് കുറുമാത്തൂർ നമ്പൂതിരിപ്പാട് "പടിപ്പുര" സ്കൂൾ ആരംഭിച്ചത്. 1904 മുതലുളള സ്കൂൾ രേഖകൾ അവിടെ ഇന്നും നിലവിലുണ്ട്. വിവിധ ജാതിയിൽപെടുന്ന കുട്ടികൾ അവിടെ പഠിച്ചിരുന്നു. സ്കൂളിനോടനുബന്ധിച്ച് ചന്തുപ്പണിക്കരുടെ ശിക്ഷണത്തിൽ കുറുമാത്തൂർ കഥകളി സംഘം നിലനിന്നിരുന്നു. കുറുമാത്തൂരിൽ തന്നെയുള്ള ഇബ്രാഹിം ഹാജി സ്ഥാപിച്ച തൻവീറുൽ ഇസ്ലാം മദ്രസ എലിമെൻററി സ്കൂളിൽ ധാരാളം മുസ്ലിം വിദ്യാർത്ഥികൾ പഠിച്ചിരുന്നു. 1938 മുതലുളള ഇതിൻെറ രേഖകൾ ലഭ്യമാണ്. പടിപ്പുര സ്കൂളും തൻവീറുൽ ഇസ്ലാം എലിമെൻററി സ്കൂളും കൂട്ടിച്ചേർത്ത് 1953ൽ കുറുമാത്തൂർ യു.പി.സ്കൂൾ സ്ഥാപിതമായി. ദശാധ്യായി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ ഡോ. കെ.എച്ച് നമ്പൂതിരിപ്പാട് ഐ.എ.എസ്. , പഞ്ചായത്തിലെ ആദ്യത്തെ ഗ്രാജ്വേറ്റ് ശ്രീ. കെ. നാരായണൻ നമ്പൂതിരിപ്പാട്, ഡോ.കെ.വി. നമ്പൂതിരിപ്പാട് തുടങ്ങിയവർ പടിപ്പുര സ്കൂളിൻെറ സംഭാവനകളാണ്.

1916ൽ സ്ഥാപിതമായ ചവനപ്പുഴ സ്കൂൾ, 1923ൽ സ്ഥാപിതമായ വടക്കാഞ്ചേരി സ്കൂൾ, മാണിക്കോത്ത് അനന്തൻ നമ്പ്യാർ, മയ്യിലുളള രാമർകുട്ടി മാസ്റ്റർ, എം.എം. കൃഷ്ണൻ നമ്പ്യാർ എന്നിവരുടെ ശ്രമഫലമായി സ്ഥാപിതമായ മുയ്യം സ്കൂൾ, 1935 ൽ എം.പി. കുഞ്ഞിരാമൻ സ്ഥാപിച്ച പൂമംഗലം സ്കൂൾ, ഇബ്രാഹിം ഹാജി സ്ഥാപിച്ച പന്നിയൂർ സ്കൂൾ, ഏകാധ്യാപക സ്കൂളായി ആരംഭിച്ച മഴൂർ, പനക്കാട് സ്കൂളുകൾ എന്നിവയാണ് പഞ്ചായത്തിലെ ആദ്യകാല സ്കൂളുകൾ.

1981ലാണ് പഞ്ചായത്തിൽ ഗവ: ഉടമസ്ഥതയിൽ കുറുമാത്തൂർ ഹൈസ്കൂൾ സ്ഥാപിക്കുന്നത്.

### പൊതു സ്ഥിതി.

ഇപ്പോൾ പഞ്ചായത്തിൽ ഒരു വൊക്കേഷണൽ ഹയർസെക്കൻററി സ്കൂളും നാല് യു.പി.സ്കൂളുകളും ഏഴ് എൽ.പി.സ്കൂളുകളും ഉണ്ട്. പ്രീ പ്രൈമറി രംഗത്ത് 12 അംഗൻവാടികൾ ഉണ്ട്. രണ്ട് പാരലൽ കോളേജുകളും ഒരു അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളും കമ്പ്യൂട്ടർ സെൻററും പ്രവർത്തിക്കുന്നു. ഒരു സൗജന്യ ഹിന്ദി വിദ്യാലയവും ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ഉണ്ട്.

## പ്രീ പ്രൈമറി വിദ്യാഭ്യാസം

പഞ്ചായത്തിൽ 12 അംഗൻവാടികളുണ്ട്. രണ്ട് സ്വകാര്യ നഴ്സറിസ്കൂളുകളും ഒരു ഗവ:മോഡൽ ബാലവാടിയും ഉണ്ട്. ജനസാന്ദ്രതയും പ്രദേശ പരിഗണനയും അനുസരിച്ച് 10 അംഗൻവാടികൾ കൂടി സ്ഥാപിക്കേണ്ടതുണ്ട്. നിലവിലുളള നാലെണ്ണത്തിനൊഴിച്ച് സ്വന്തമായ കെട്ടിടങ്ങളില്ല. അംഗൻവാടികളുടെ പാചകമുറികൾ ശോചനീയാവസ്ഥയിലുളളവയാണ്. ബഹുഭൂരിപക്ഷത്തിലും ആവശ്യമായകളിപ്പാട്ടങ്ങളോ കളിസ്ഥലങ്ങളോ ഇല്ല. അംഗൻവാടികളെ കേന്ദ്രീകരിച്ച് ജനകീയ സമിതികൾ രൂപീകരിക്കുകയും അവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

അംഗൻവാടി വർക്കർമാരുടെ സേവന-വേതന വ്യവസ്ഥകൾ പുന:ക്രമീകരിക്കുകയും അവർക്ക് നല്ല രീതിയിലുളള പരിശീലനം നൽകി ശിശുവിദ്യാഭ്യാസം, ആരോഗ്യ പരിപാലനം എന്നിവയിൽ നല്ല പങ്കാളിത്തം വഹിക്കാൻ പ്രാപ്തരാക്കുകയും വേണം.

## പ്രൈമറി വിദ്യാഭ്യാസം

പഞ്ചായത്തിൽ നാല് യു.പി.സ്കൂളുകളും ഏഴ് എൽ.പി.സ്കൂളുകളുമാണുളളത്. എല്ലാവിഭാഗത്തിലും പെടുന്ന മുഴുവൻ കുട്ടികളേയും ഒന്നാം ക്ലാസിലെത്തിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 95-96വർഷത്തിൽ 24 വിദ്യാർത്ഥികൾ പ്രൈമറി വിഭാഗത്തിൽ കൊഴിഞ്ഞുപോയിട്ടുണ്ട്. ഇത് തടയാവുന്നതായിരുന്നു. പി.ടി.എ. സജീവമായി പ്രവർത്തിക്കുന്ന സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചമാണ്. പി.ടി.എ. നിർജ്ജീവമായ ഗവ:സ്കൂളിൽ അറ്റകുറ്റപ്പണികൾപോലും നടത്തിയിട്ടില്ല. എയ്ഡഡ് സ്കൂളിലെ അറ്റകുറ്റപ്പണികൾ എല്ലാ വർഷവും പരിമിതമായെങ്കിലും നടത്താറുണ്ട്. ചില സ്കൂളുകൾക്ക് കുടിവെളളം ലഭിക്കാനുളള സ്വന്തം സൗകര്യമില്ല. ഗവ:സ്കൂളുകളിൽ അദ്ധ്യായന വർഷത്തിൽ അധ്യാപക ക്ഷാമം അനുഭവപ്പെടുന്നു. പഞ്ചായത്തിലെ വടക്കാഞ്ചേരി ജി.എൽ.പി.സ്കൂൾ അൺ എക്കണോമിക് ആണ്. മിക്ക സ്കൂളുകളിലും കളിസ്ഥലമില്ല.

ഏഴ് എൽ.പി.സ്കൂളുകളിലായി 828 കുട്ടികൾ പഠിക്കുന്നു. ഇതിൽ 429പേർ ആൺകുട്ടികളും 399പേർ പെൺകുട്ടികളുമാണ്. 18 അധ്യാപകരും 15 അധ്യാപികമാരും എൽ.പി.സ്കൂളിൽ ജോലിചെയ്തുവരുന്നു. ചൊറുക്കള, പൊക്കുണ്ട് പ്രദേശത്തു നിന്നും കുട്ടികൾക്ക് എൽ.പി.സ്കൂളിലെത്താൻ വാഹനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

നാല് യു.പി. സ്കൂളുകളിലായി 2092 കുട്ടികൾ പഠിക്കുന്നു. ഇതിൽ 1062 പേർ ആൺകുട്ടികളും 1030 പേർ പെൺകുട്ടികളുമാണ്. 30 അധ്യാപകരും 46 അധ്യാപികമാരും ഉണ്ട്. ഒരു യു.പി.സ്കൂൾ മാത്രമാണ് ഗവ:ഉടമസ്ഥതയിലുളളത്. മൽസരപ്പരീക്ഷകൾ, കലാകായിക മൽസരങ്ങൾ എന്നിവയിൽ പ്രൈമറി മേഖല വളരെ പിന്നോക്കം നിൽക്കുന്നു. കലാകായിക രംഗത്ത് നാം ചെലവഴികുന്ന പണം വളരെ തുച്ഛമാണ്. എല്ലാ യു.പി.സ്കൂളുകളിലും ലൈബ്രറി നിലവിലുണ്ടെങ്കിലും അവ നല്ല രീതിയിൽ ഉപയോഗിക്കുന്നതിലും പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിലും അലംഭാവമാണുളളത്. പഠനോപകരണങ്ങളുടെ നിർമ്മാണം, ഉപയോഗം എനിവ കാര്യക്ഷമമല്ല.

## സെക്കണ്ടറി വിദ്യാഭ്യാസം

പഞ്ചായത്തിലുളള ഏക ഹൈസ്കൂളായ കുറുമാത്തൂർ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിൽ പഞ്ചായത്തിനു പുറത്തുനിന്നും ധാരാളം കുട്ടികൾ പഠിക്കുന്നുണ്ട്. ഇപ്പോൾ പഠിക്കുന്ന 808 കുട്ടികളിൽ 375പേർ ആൺകുട്ടികളും 433പേർ പെൺകുട്ടികളുമാണ്. 18 അധ്യാപകരും 15 അധ്യാപികമാരും ഇവിടെ ജോലിചെയ്യുന്നു. സ്കൂളിലെ വിജയശതമാനം 91 മുതൽ 96വരെ പടിപടിയായി താഴോട്ടുവരുന്നുവെന്നത് ഉത്കണ്ഠാജനകമാണ്. അടുത്ത കാലത്തായി പി.ടി.എ. സജീവമായതിനാൽ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാനുളള ശ്രമങ്ങൾ നടന്നുവരുന്നു. പഞ്ചായത്ത് ഗ്രൗണ്ടായി പോലും ഉപയോഗിക്കാൻ കഴിയുന്ന സ്കൂൾ ഗ്രൗണ്ട് നിർമ്മാണം പകുതിവഴിയിലാണ്.




പന്നിയൂർ വില്ലേജിന്റെ രണ്ടറ്റങ്ങളിൽനിന്നും മുഴ്വം, വടക്കാഞ്ചേരി പ്രദേശങ്ങളിൽനിന്നും ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി ചപ്പാരപ്പടവ്, തളിപ്പറമ്പ്, പറശ്ശിനിക്കടവ് എന്നിവിടങ്ങളിലേക്ക് കുട്ടികൾ പോകുന്നു. ഹൈസ്കൂളിൽ ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ എന്നിവ അപര്യാപ്തമാണ്. കലാ-കായികരംഗത്ത് നല്ല നിലവാരം പുലർത്താൻ കഴിയുന്നില്ല. വിദ്യാർത്ഥി സമരങ്ങളെകൊണ്ട് അധ്യായന ദിവസങ്ങൾ നഷ്ട മാവുന്നുണ്ട്. സ്കൂളിലെ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് ഭൗതിക സാഹചര്യം ഒരുക്കിക്കൊടുത്ത് ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഹൈസ്കൂളിലെത്താൻ പന്നിയൂർ വില്ലേജിലെ കുട്ടികൾ അനുഭവിക്കുന്ന വൈഷമ്യം കണക്കിലെടുത്ത് പൂവം പ്രദേശത്ത്, പരിയാരം പഞ്ചായത്ത് പ്രദേശത്തെകൂടി ലക്ഷ്യമാക്കി ഒരു ഹൈസ്കൂൾ സ്ഥാപിക്കാനുള്ള സാധ്യതയുണ്ട്.

സാക്ഷരതാ പ്രവർത്തനരംഗത്ത് വമ്പിച്ച നേട്ടം ഉണ്ടാക്കിയിട്ടുണ്ട് നമ്മുടെ പഞ്ചായത്ത്. സാക്ഷരരായ പലരും തുടർപരിപാടിയുടെ അഭാവം മൂലം നിരക്ഷരരായിട്ടുണ്ട്. തുടർ പരിപാടി ആസൂത്രണം ചെയ്യണം. രണ്ട് ജനവിദ്യാകേന്ദ്രങ്ങൾ ഉണ്ടെങ്കിലും ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നില്ല. അവയെ പുനരുജ്ജീവിപ്പിക്കണം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം താഴ്ന്നതാണ്.
2. സ്വന്തം കെട്ടിടമില്ലാത്ത ചില അംഗൻവാടികളുണ്ട്. കെട്ടിടമുള്ളവയ്ക്ക് വാർഷിക അറ്റകുറ്റപ്പണികൾ നടക്കുന്നില്ല.
3. അംഗൻവാടികളിൽ പാചകമുറി, കളികോപ്പുകൾ, ഫർണ്ണിച്ചർ എന്നിവ അപര്യാപ്തമാണ്.
4. പല പ്രദേശങ്ങളിലും പുതുതായി അംഗൻവാടികൾ സ്ഥാപിക്കേണ്ടതുണ്ട്.
5. സ്കൂളുകളുടെ ഭൗതിക സാഹചര്യം തൃപ്തികരമല്ല.
6. വിദ്യാലയങ്ങളും ബഹുജനങ്ങളുമായുള്ള സമ്പർക്കം വർദ്ധിപ്പിക്കണം. കൊഴിഞ്ഞുപോക്ക് നാമമാത്രമല്ല.
7. പാഠ്യേതര പ്രവർത്തനങ്ങളിൽ അധ്യാപികമാരുടെ പങ്കാളിത്തം കുറവാണ്.
8. സ്കുളുകളിൽ അക്ഷരബോധമുറക്കാത്ത കുട്ടികളുണ്ട്.
9. ഓല ഷെഡിൽ പ്രവർത്തിക്കുന്ന എൽ.പി.സ്കൂളുകളുണ്ട്.
10. ഭൂരിഭാഗം സ്കൂളിനും ചുറ്റുമതിലില്ല.
11. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളുണ്ട്.
12. മൂത്രപ്പുര, കക്കൂസ് എന്നിവ വേണ്ടത്രയില്ല.
13. മിക്ക സ്കൂളുകൾക്കും വേണ്ടത്ര ഫർണ്ണിച്ചറോ ക്ലാസ് പാർട്ടീഷനോ ഇല്ല.
14. ഇലക്ട്രോണിക് പഠനോപകരണങ്ങൾ മിക്ക സ്കൂളിലും ഇല്ല.
15. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
16. എസ്.എസ്.എൽ.സി. വിജയശതമാനം കുറഞ്ഞുവരുന്നു.
17. പല സ്കൂളിലും കളിക്കളങ്ങളില്ല. കായിക മത്സരങ്ങളിൽ പിന്നോക്കം നിൽക്കുന്നു.
18. വാർഷികാഘോഷങ്ങൾ നടത്താറില്ല.

19. മൽസര പരീക്ഷകളിൽ കുട്ടികൾ പിന്നോക്കം നിൽക്കുന്നു.

20. ഉച്ചക്കഞ്ഞി വിതരണം നടത്താൻ എല്ലാ സ്കൂളുകളിലും സാമ്പത്തിക പ്രയാസം അനുഭവപ്പെടുന്നു.

21. യഥാസമയം പാഠപുസ്തകം ലഭ്യമല്ല.

22. മാനേജ്മെൻറ് സ്കൂളുകളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിൽ സർക്കാരും ജനങ്ങളും സഹായിക്കുന്നില്ല.

23. അൺ എയ്ഡഡ് സ്കൂളുകൾ, ജനസംഖ്യാനിരക്കിലുലുള്ള കുറവ് എന്നിവമൂലം മിക്ക സ്കൂളുകളിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.

**സാധ്യതകൾ, നിർദ്ദേശങ്ങൾ**

1. അംഗൻവാടികൾക്ക് ഗവ:ൻെറയും ജനങ്ങളുടേയും സഹായത്തോടെ കെട്ടിടം, കളിക്കോപ്പുകൾ, പാചകമുറികൾ എന്നിവ ഉണ്ടാക്കണം. വാർഷിക അറ്റകുറ്റപ്പണികൾ നടത്തണം.

2. ഗുരുകുലം പദ്ധതികളനുസരിച്ചുള്ള വാർഡ് വിദ്യാഭ്യാസ സമിതികളും അയൽക്കൂട്ടങ്ങളും സജീവമാക്കണം.

3. ഗവൺമെൻറ്, സ്വകാര്യം എന്നിങ്ങനെ വേർതിരിച്ച് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിൽ വിമുഖത കാണിക്കരുത്.

4. പി.ടി.എ., മാതൃസംഘം, സ്കൂൾ വിദ്യാഭ്യാസസമിതി എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കണം.

5. പഠനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി മാത്സരപരീക്ഷകൾ, ഓരോടേമിലേയും പരീക്ഷകൾക്ക് ശേഷം മാതാക്കളെ വിളിച്ചുചേർത്ത് പഠനനിലവാരത്തെകുറിച്ച് ചർച്ച ചെയ്യൽ എന്നിവ ഉണ്ടാകണം.

6. സ്കൂളുകളിൽ എൽ.എസ്.എസ്., യു.എസ്.എസ്. തുടങ്ങിയ മത്സരപരീക്ഷകൾക് പരിശീലനം നൽകണം.

7. ക്ലാസിൽ പത്രപാരായണം, പുസ്തക ശേഖരണം, വായന എന്നിവ പ്രോത്സാഹിപ്പിക്കണം.

8. സ്കൂളുകളിൽ പാഠ്യേതര പ്രവർത്തനങ്ങൾ ചിട്ടയായി നടത്തണം.

9. പന്നിയൂർ വില്ലേജിലെ പൂവം പ്രദേശത്ത് ഹൈസ്കൂൾ, കുറുമാത്തൂർ വില്ലേജിലെ ചൊറുക്കളയിൽ എൽ.പി. സ്കൂൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള സാധ്യതയുണ്ട്. പനക്കാട് എൽ.പി. സ്കൂൾ യു.പി.യായി അപ്ഗ്രേഡ് ചെയ്യാവുന്നതാണ്.

10. സ്കൂളുകൾക്ക് സ്ഥിരമായ കെട്ടിടങ്ങൾ പണിയണം.

11. കുറുമാത്തൂർ ഹൈസ്കൂളിനോടനുബന്ധിച്ച് കളിസ്ഥലം ഉണ്ടാക്കണം.

12. പ്രാഥമിക സൗകര്യങ്ങളായ കുടിവെള്ളം, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം എന്നിവ ലഭ്യമാക്കണം.

13. വിദ്യാഭ്യാസ അധികൃതരുടെ മേൽനോട്ടവും പരിശോധനയും കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

വിദ്യാഭ്യാസ നിലവാരം



✓

| സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ്മുറി | | സ്റ്റാഫ്മുറി | | ലൈബ്രറി | | മൂത്രപ്പുര | | കക്കൂസ് | | പാചകമുറി | | വൈദ്യുതി | | കളിസ്ഥലം | | സ്വന്തംകിണർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| കാലിക്കടവ് ജി.യു.പി.സ്കൂൾ | 150 സെൻറ് | ✓ | | | ✓ | ✓ | | ✓ | | ✓ | | | ✓ | | ✓ | | ✓ | | ✓ |
| പന്നിയൂർ ജി.എൽ.പി.സ്കൂൾ | 100 സെൻറ് | ✓ | | | ✓ | ✓ | | ✓ | | ✓ | | | ✓ | | ✓ | | ✓ | | ✓ |
| മഴൂർ ജി.എൽ.പി. സ്കൂൾ | വാടക | ✓ | | | ✓ | ✓ | | | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ |
| പൂമംഗലം എ.യു.പി.സ്കൂള | 100 സെൻറ് | ✓ | | ✓ | | ✓ | | ✓ | | | ✓ | ✓ | | ✓ | | ✓ | | | ✓ |
| ചവനപ്പുഴ ജി.എൽ.പി.സ്കൂൾ | വാടക | ✓ | | | ✓ | ✓ | | | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ |
| പനക്കാട് ജി.യു.പി.സ്കൂൾ | 58 സെൻറ് | ✓ | | ✓ | | ✓ | | ✓ | | | ✓ | ✓ | | | ✓ | | ✓ | | ✓ |
| മുയ്യം എ.യു.പി.സ്കൂൾ | 120 സെൻറ് | ✓ | | ✓ | | ✓ | | ✓ | | ✓ | | | ✓ | ✓ | | ✓ | | ✓ | |
| വടക്കാഞ്ചേരി ജി.യു.പി.എസ് | 56സെ(വാടക) | ✓ | | | ✓ | ✓ | | | ✓ | | ✓ | | ✓ | ✓ | | ✓ | | ✓ | |
| കുറുമാത്തൂർ സൗത്ത് എ.യു.പി.സ്കൂൾ | 100 സെൻറ് | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ | | | ✓ | ✓ | |
| പുല്ലാഞ്ഞ്യോട് എ.എൽ.പി.സ്കൂൾ | 150 സെൻറ് | ✓ | | ✓ | | ✓ | | ✓ | | | ✓ | ✓ | | ✓ | | ✓ | | ✓ | |
| കൂനം എ.എൽ.പി.സ്കൂൾ | 50 സെൻറ് | ✓ | | | ✓ | ✓ | | ✓ | | | ✓ | | ✓ | ✓ | | ✓ | | ✓ | |
| കുറുമാത്തൂർ വി.എച്ച്.എസ്.എസ് | 231 സെൻറ് | ✓ | | ✓ | | ✓ | | ✓ | | ✓ | | | ✓ | ✓ | | | ✓ | ✓ | |

## വിദ്യാലയ വിവരങ്ങൾ

| നമ്പർ | വാർഡ് | സ്കൂളിൻെറ പേര് | മാനേജ്മെൻറ് | കുട്ടികളുടെഎണ്ണം | | | അദ്ധ്യാപകരുടെഎണ്ണം | | |
|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 1 | കാലിക്കടവ് യു.പി.സ്കൂൾ | സർക്കാർ | 189 | 187 | 376 | 3 | 8 | 11 |
| 2 | 1 | പന്നിയൂർ ജി.എൽ.പി. സ്കൂൾ | ,, | 93 | 82 | 175 | 4 | 1 | 5 |
| 3 | 3 | മഴൂർ ജി.എൽ.പി. സ്കൂൾ | ,, | 60 | 58 | 118 | 3 | 2 | 5 |
| 4 | 3 | പൂമംഗലം യു.പി.സ്കൂൾ | എയ്ഡഡ് | 245 | 285 | 530 | 10 | 10 | 20 |
| 5 | 7 | പവനപ്പുഴ ജി.എൽ.പി. സ്കൂൾ | സർക്കാർ | 46 | 51 | 97 | 1 | 2 | 3 |
| 6 | 5 | പനക്കാട് ജി.എൽ.പി.സ്കൂൾ | ,, | 70 | 51 | 121 | 4 | 1 | 5 |
| 7 | 7 | മുയ്യം യു.പി.സ്കൂൾ | എയ്ഡഡ് | 256 | 218 | 474 | 5 | 15 | 20 |
| 8 | 8 | വടക്കാഞ്ചേരി ജി.എൽ.പി.സ്കൂൾ | സർക്കാര | 29 | 23 | 52 | 1 | 3 | 4 |
| 9 | 9 | കുറുമാത്തൂർ സൗത്ത് എ.യു.പി.എസ് | എയ്ഡഡ് | 371 | 330 | 701 | 12 | 13 | 25 |
| 10 | 6 | പുല്ലാഞ്ഞ്യോട് എ.എൽ.പി.എസ് | ,, | 75 | 87 | 162 | 3 | 3 | 6 |
| 11 | 4 | കൂനം എ.എൽ.പി. സ്കൂൾ | ,, | 76 | 73 | 149 | 3 | 3 | 6 |
| 12 | 10 | കുറുമാത്തൂർ വി.എച്ച്.എസ്.സി | സർക്കാർ | 375 | 433 | 808 | 12 | 19 | 31 |

## പൊതുവിദ്യാലയങ്ങൾ



# ആരോഗ്യം

കുഗ്രാമമായ കുറുമാത്തൂർ പഞ്ചായത്തിൽ ആരോഗ്യ പരിപാലനത്തിന് ആശ്രയിക്കാവുന്ന സ്ഥാപനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ഇതിന് അപവാദമായിട്ട് ഉണ്ടായിരുന്നത് ഏതാനും ചില പാരമ്പര്യ നാട്ടുചികിത്സകരും, വിഷവൈദ്യന്മാരും, നാടൻ പേറ്റിച്ചിമാരുമായിരുന്നു. (കേളൻ വൈദ്യർ വടക്കാഞ്ചേരി, ഇടവൻ കണ്ണൻ നമ്പ്യർ പനക്കാട്, കരിക്കൻ രാമൻ വൈദ്യർ, കരിമ്പം, പുത്തൻവീട്ടിൽ കണ്ണൻ വൈദ്യർ വരടൂൽ, പൂഞ്ഞേൻ കുഞ്ഞിരാമൻ വൈദ്യർ പൂമംഗലം, ചെല്ലട്ടോൻ വൈദ്യർ പൂമംഗലം, ഇടയൻ വളപ്പിൽ കുമാരൻ, കൂനം കോയാടൻ നാരായണൻ വൈദ്യർ (ഇദ്ദേഹം വിഷവൈദ്യത്തിൽ നിപുണനായിരുന്നു), കൃഷ്ണൻ വൈദ്യർ പന്നിയൂർ എന്നിവർ നാടൻ ചികിത്സയുടെ ഗതകാല ചരിത്രത്തിൽ അവിസ്മരണീയരാണ്.

മിനി പി.എച്ച്.സി. 1995മുതൽ മുയ്യം പള്ളിവയലിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. പാപ്പിനിശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ കീഴിലായി ബാവുപ്പറമ്പിലും വടക്കാഞ്ചേരിയും പന്നിയൂരും ഓരോ കുടുംബക്ഷേമ ഉപകേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിൽ വടക്കാഞ്ചേരിയിലുള്ളത് വാടക കെട്ടിടത്തിൽ പരിമിത സൗകര്യത്തിലാണ് പ്രവർത്തിക്കുന്നത്. ജനങ്ങളിൽ ഭൂരിഭാഗവും ആരോഗ്യ പ്രശ്നങ്ങൾക്ക് തളിപ്പറമ്പ് താലൂക്ക് ആശുപത്രിയെയും സ്വകാര്യാശുപത്രികളെയും ശരണം പ്രാപിക്കേണ്ടി വരുന്നു.

ജനസംഖ്യയിൽ പുരുഷൻമാർ പകുതിയിൽ അൽപം കുറവാണ്. ജനനമരണ നിരക്കും രോഗാതുരതയും കേരളത്തിലെ മറ്റേതൊരു പഞ്ചായത്തിൻെറതും പോലെ തന്നെ.

പട്ടിക-1

പഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങൾ

| | സ്ഥാപനത്തിൻെറ പേര് | വാർഡ് | ചികിത്സാ സമ്പ്രദായം | ജീവനക്കാർ | കെട്ടിടം |
|---|---|---|---|---|---|
| 1 | പ്രാഥമികാരോഗ്യ കേന്ദ്രം. മുയ്യം-പള്ളിവയൽ | 7 | അലോപ്പതി | 7 | വാടക |
| 2 | ഹോമിയോ ഡിസ്പൻസറി. പന്നിയൂർ | 1 | ഹോമിയോപ്പതി | 4 | സർക്കാർ |
| 3 | കുടുംബക്ഷേമ ഉപകേന്ദ്രം. വടക്കാഞ്ചേരി | 8 | അലോപ്പതി | 2 | വാടക |
| 4 | കുടുംബക്ഷേമ ഉപകേന്ദ്രം. ബാവുപറമ്പ് | 6 | അലോപ്പതി | 2 | സർക്കാർ |
| 5 | കുടുംബക്ഷേമ ഉപകേന്ദ്രം. പന്നിയൂർ | 2 | അലോപ്പതി | 2 | സർക്കാർ |
| 6 | കുറുമാത്തൂർ ആര്യവൈദ്യശാല ആൻറ് നഴ്സിങ്ങ്ഹോം. കരിമ്പം(സ്വകാര്യ സ്ഥാപനം) | 7 | ആയുർവേദം | 9 | സ്വന്തം |

ചികിത്സാ സൗകര്യങ്ങൾ കുറവായിട്ടും ജനനനിരക്കും രോഗാതുരതയും കാരണം ജനസാന്ദ്രത കുറവായതിനാലും കാര്യമായ പരിസ്ഥിതി പ്രശ്നങ്ങൾ (വ്യവസായങ്ങൾ വളരെ കുറവായതിനാൽ) ഉണ്ടാകാത്തതും ജനങ്ങൾ സമീപപ്രദേശത്തെ ആശുപത്രികളെ ആശ്രയിക്കുന്നത് കൊണ്ടും ആണ്.

ഈ പഞ്ചായത്തിൽ വ്യാപകമായ വയറിളക്കരോഗങ്ങൾ, ശ്വാസകോശരോഗങ്ങൾ മറ്റു പകർച്ചവ്യാധികൾ എന്നിവ സമീപകാലത്തുണ്ടായിട്ടില്ല. പി.എച്ച്.സിയിൽ കഴിഞ്ഞ ഒരു വർഷം ചികിത്സിച്ച രോഗികളിൽ കൂടുതലും ആസ്മ ജലദോഷചുമ, വയറിളക്കം, നടുവേദന തുടങ്ങിയ

രോഗങ്ങൾക്കായിരുന്നു. കുഷ്ഠരോഗസർവ്വേ പ്രകാരം നിലവിൽ ആറ് കുഷ്ഠരോഗികൾ മാത്രമാണുള്ളത്. അവർ എം.ഡി.ടി ചികിത്സക്ക് വിധേയരായിട്ടുണ്ട്. കിണർവെള്ളത്തിനെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ആഴക്കിണറുകളാണ് ഇവിടങ്ങളിലധികവും. അതിനാൽ ശുദ്ധജലം തന്നെ ലഭിക്കുന്നു. വീടുകളിൽ പകുതിയിൽ കൂടുതലും കക്കൂസുകളില്ലാത്തവയാണ്. ഉള്ളവയിൽ തന്നെ ശാസ്ത്രീയമായി നിർമിച്ചവ കുറവാണ്. ഈ അവസ്ഥമാറ്റിയെടുക്കാൻ ബോധവൽക്കരണവും സാമ്പത്തീക സഹായവും വേണ്ടതാണ്.

വായുമലിനീകരണ പ്രശ്നം പരിമിതമാണ്. ഒരു റബ്ബർ ഫാം ഫാക്ടറി, സ്റ്റോൺക്രഷർ, ഈർച്ചമില്ലുകൾ, കറിപൗഡർ യൂണിറ്റ്, കെമിക്കൽ ഫാക്ടറി, സിറാമിക്ക് ഫാക്ടറി എന്നിവ പരിമിതമായ മലിനീകരണം ഉണ്ടാക്കുന്നുണ്ട്. കുട്ടികളിൽ കാര്യമായ വിളർച്ചാരോഗവും ദന്തരോഗങ്ങളും കണ്ടുവരുന്നു. ഇതിന് പരിഹാരമായി നല്ലഭക്ഷണശീലത്തേയൊ, വ്യക്തിശുചിത്വത്തേയുമാണ് നിർദ്ധേശിക്കുവാനുള്ളത്.

പട്ടിക-2

പകർച്ചവ്യാധി വിവരങ്ങൾ

| | | |
|---|---|---|
| 1. | ജലജന്യരോഗങ്ങൾ | 50 |
| 2. | വായുജന്യരോഗങ്ങൾ | 100 |
| 3. | പ്രാണിജന്യരോഗങ്ങൾ | 15 |
| 4. | മറ്റുള്ളവ | 16 |

(അവലംബം- പി.എച്ച്.സി)

**ആരോഗ്യരംഗത്തെ പരിമിതികൾ**

1. ഈയ്യിടെ മാത്രം അനുവദിച്ചുകിട്ടിയ പ്രാഥമികാരോഗ്യകേന്ദ്രത്തിന് സൗകര്യമുള്ള കെട്ടിടമില്ല.
2. കുടുംബക്ഷേമ കേന്ദ്രങ്ങൾ സർക്കാർ സ്ഥലത്ത് പ്രവർത്തിക്കുന്നത് രണ്ടെണ്ണമാണ്. ഒന്നിൽ കിണർ ഇല്ല. രണ്ടിലും ഫർണിച്ചറുകളില്ല. അതിനാൽ ഈ സ്ഥാപനങ്ങൾ ഉദ്ദേശിച്ചരീതിയിൽ പ്രവർത്തിക്കാൻ സാധിക്കുന്നില്ല. ബാവുപ്പറമ്പിലുള്ള കേന്ദ്രത്തിന് ചുറ്റുമതിലില്ല, കിണറില്ല
3. വടക്കാഞ്ചേരി കുടുംബക്ഷേമ ഉപകേന്ദ്രത്തിന് സ്വന്തം കെട്ടിടമില്ല.
4. 5000 ജനസംഘ്യക്ക് ഒരു സബ്സെൻറർ എന്നതോതിൽ ഈപഞ്ചായത്തിൽ 5 സബ്സെൻറർ വേണം. ആസ്ഥാനത്ത് 3 സബ്സെൻറർ (കുടുംബക്ഷേമ ഉപകേന്ദ്രം) മാത്രമാണുള്ളത്.
5. പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ പ്രത്യേകതകാരണം പി.എച്ച്.സി. കൂടുതൽ ആൾക്കാർക്ക് ഉപകരിക്കുന്നില്ല.
6. സർക്കാർ ആസ്പത്രികളിൽ ആവശ്യത്തിന് മരുന്നും ഉപകരണങ്ങളുമില്ല.
7. പഞ്ചായത്തിൽ അലഞ്ഞുതിരിയുന്ന പട്ടികളുണ്ട്.
8. പന്നിയൂർ ഹോമിയോ ഡിസ്പൻസറിക്ക് വൈദ്യുതിയില്ല. ആവശ്യത്തിന് ഫർണിച്ചറുകളുമില്ല.
9. ഹരിജനങ്ങൾക്കു വേണ്ടി നിർമിച്ച ശ്മശാനം ഹരിജനങ്ങൾ ഇല്ലാത്ത സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്.

**നിർദ്ദേശങ്ങൾ**

1. ജനസംഖ്യാനുപാത ക്രമത്തിൽ ആരോഗ്യ പ്രവർത്തനം മെച്ചപ്പെടുത്താൻ ഒരുവാർഡിൽ ഒരു സബ്സെൻറർ എന്ന തോതിൽ ഉണ്ടാവണം.
2. സബ്സെൻററുകൾക്ക് സ്വന്തമായി സ്ഥലവും ചുറ്റുമതിലും, ഫർണിച്ചറുകളും ലഭ്യമാക്കണം.
3. പി.എച്ച്.സി. പുതുതായി ഒന്നുകൂടി അനുവദിക്കണം.
4. നിലവിലുള്ള പി.എച്ച്.സിക്ക് സ്വന്തമായി സ്ഥലം, കെട്ടിടം, മറ്റുസൗകര്യങ്ങൾ എന്നിവ വേണം.

5. കക്കൂസില്ലാത്ത വീടുകൾക്ക് അവ നിർമിക്കാനാവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കണം.
6. കോളനികളിൽ എല്ലാകാലത്തും ശുദ്ധജലം കിട്ടാനുള്ള നടപടികൾ അടിയന്തിരമായും പൂർത്തിയാക്കണം.
7. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കണം. അലഞ്ഞുതിരിയുന്നവയെ നശിപ്പിക്കണം.
8. ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളെ പ്രോത്സാഹിപ്പിക്കണം.
9. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥൻമാരെ പങ്കെടുപ്പിച്ചു ആരോഗ്യബോധവൽക്കരണം നടത്തണം.
10. സമഗ്ര ക്യാൻസർ നിയന്ത്രണപദ്ധതി വിജയിപ്പിക്കുന്നതിനുള്ള പരിപാടികൾ പൂർത്തീകരിക്കണം.
11. വിദ്യാലയങ്ങളിലെ ഹെൽത്ത് ക്ലബ്ബുകൾ സജീവമാക്കണം.
12. അത്യാവശ്യസ്ഥലങ്ങളിൽ പൊതു ശ്മശാനം സ്ഥാപിക്കണം.
13. പഞ്ചായത്തിൽ ഒരു ആയുർവ്വേദാസ്പത്രി സ്ഥാപിക്കണം.

# കുടിവെള്ളം



കുറുമാത്തൂർ ഗ്രാമപഞ്ചായത്തിൽ ആകെ 4970 വീടുകളുണ്ട്. അതിൽ 3650 വീടുകൾക്കും സ്വന്തം കിണറുകളുണ്ട്. മറ്റുള്ളവർ പൊതുകിണറുകളെയും അയൽ വീടുകളിലെ കിണറുകളെയും ആശ്രയിക്കുന്നു. ഈ കിണറുകളിൽ പൊതുവെ ജലം ശുദ്ധമാണ്. ചില പ്രദേശങ്ങളിൽ ജലക്ഷാമമുണ്ട്. പ്രധാനപ്പെട്ട ജലസ്രോതസ്സായ കുറ്റിക്കോൽ പുഴയുടെ തീരത്തുള്ള ഏഴുവാർഡുകളിലെ താഴ്ന്ന സമതല പ്രദേശങ്ങളിൽ താരതമ്യേന കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നില്ല. വടക്കാഞ്ചേരി ഇറിഗേഷൻ റെഗുലേറ്റർ അതിന്റെ മേൽഭാഗത്തുള്ള പ്രദേശങ്ങളിലെ ജലവിതാനം താഴാതെ പിടിച്ചു നിർത്തുന്നതിൽ ഒരളവോളം സഹായകമാണ്. വളപട്ടണം പുഴയുടെ തീരത്തു സ്ഥിതിചെയ്യുന്ന 6, 9 വാർഡുകളിലെ സമതല പ്രദേശങ്ങളിലും ജലദൗർലഭ്യം കുറവാണ്.

കുന്നിൻചെരിവുകളിലും ഉയർന്ന സമതല പ്രദേശങ്ങളിലും ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്.

14 പൊതു കുഴൽ കിണറുകളും 20 പൊതുകിണറുകളും 36 കുളങ്ങളും നിലവിലുണ്ട്. ഇതിൽ ചിലത് പ്രവർത്തനക്ഷമമല്ല.

പട്ടിക-1

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

| വാർഡ് നമ്പർ | പ്രാദേശിക സ്ഥലങ്ങൾ |
|---|---|
| I | കൂവംകുന്ന്, പുതുക്കണ്ടം, പന്നിയൂർ സൗത്ത്. |
| II | കാലിക്കടവ് 40 ഏക്ര, കാരക്കൊടി ഹരിജൻ സെറ്റിൽമെൻറ്, പൂവ്വം. |
| III | മഴൂർ സ്കൂൾ, തിയ്യന്നൂർ. |
| IV | കൂനം, ഉണ്ണിപൊയിൽ, പറവളം, അതിരിയാട്. |
| V | കരിമ്പം മയഞ്ഞി, പനക്കാട് സ്കൂൾ, ഇടിക്കുന്ന്(താറ്റിയോട്ട് മൊട്ട), പാറക്കണ്ടം, കിഴക്കെമൂല, ചൊറുക്കള ലക്ഷംവീട് കോളനി. |
| VI | ബാവുപ്പറമ്പ്, പുല്ലാഞ്ഞിയോട് മേലെ, മുണ്ടേരി, പള്ളിവയൽ മേലെഭാഗം. |
| VII | വണ്ണാരപ്പാറ, ചെമ്പൂല്ലാഞ്ഞി എലിക്കോട് ഇ.ടി.സി. പ്രദേശം, വേളിപ്പാറ, കൊയ്യത്തുകുന്ന്, ഭ്രാന്തൻ കുന്ന്. |
| VIII | പാറാട്കരി, പാറാട് വായനശാല, കണ്ണപ്പിലാവ്, ചെപ്പനൂൽവടക്ക്, വടക്കാഞ്ചേരി കിഴക്ക്. |
| IX | താന്നിക്കുന്ന്, പെരുമ്പ അമ്പല പ്രദേശം. |

X കുറുമാത്തൂർഡയറി, കുറുമാത്തൂർ രാജീവ് ദശലക്ഷം കോളനി, പയേരി ലക്ഷംവീട് കോളനി, വൈത്തല, ചൊറുക്കള താന്നിക്കുന്ന് റോഡ്, കുറുമാത്തൂർ റേഷൻഷാപ്പ് സമീപപ്രദേശങ്ങൾ.
(അവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ)

പട്ടിക-2

**നിലവിലുള്ള പൊതു കുഴൽ കിണറുകൾ, പൊതുകിണറുകൾ, കുളങ്ങൾ**

| വാർഡ് | പൊതുകുഴൽകിണർ | പൊതുകിണർ | സ്വകാര്യകിണർ | കുളങ്ങൾ |
|---|---|---|---|---|
| 1 | · | 4 | – | 2 |
| 2 | 1 | – | - | 5 |
| 3 | – | 1 | | 2 |
| 4 | 2 | 1 | - | 3 |
| 5 | 3 | 2 | - | 2 |
| 6 | 1 | 1 | – | 4 |
| 7 | 2 | 2 | | 7 |
| 8 | | 3 | | 5 |
| 9 | 1 | | – | 5 |
| 10 | 4 | 6 | – | 2 |
| ആകെ | 14 | 20 | 3650 | 36 |

അവലംബം: പഞ്ചായത്തുറജിസ്റ്ററുകൾ, ദ്വിതീയ വിവരങ്ങൾ

**പ്രശ്നങ്ങൾ**

1. ഉയർന്ന പീഠഭൂമി പ്രദേശങ്ങളിൽ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. ബാവുപറമ്പ്, ഇടിക്കുന്ന് (താറ്റിയാട്ട് മൊട്ട), വേളിപ്പാറ, ഭ്രാന്തൻ കുന്ന്, തുടങ്ങിയസ്ഥലങ്ങളിൽ കിണറുകൾ ആഴം കൂട്ടിയാലും മാർച്ച് മുതൽ ജൂൺ മാസംവരെ വെള്ളം ലഭ്യമല്ല.
3. കുഴൽക്കിണറുകളിൽ കുറുമാത്തൂർ ഹൈസ്കൂൾ, പനക്കാട് എൽ.പി. സ്കൂൾ എന്നിവ പ്രവർത്തന ക്ഷമമല്ല. പ്രവർത്തനക്ഷമമായ വൈത്തല, മുയ്യം കുഴൽ കിണറുകളിൽ വെള്ളം ശുദ്ധമല്ലാത്തതിനാൽ കുടിക്കാൻ യോഗ്യമല്ല.
4. ജനങ്ങൾ ജലസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നില്ല. പൊതുവെ ജലവിതാനം താഴ്ന്നുകൊണ്ടിരിക്കുന്നു.
5. കുറ്റിക്കോൽ പുഴയും കൈത്തോടുകളും ഏപ്രിൽ മാസത്തോടെ വറ്റിപ്പോകുന്നു. (കാലിക്കടവ് മുതൽ മുയ്യംവരെ)
6. പൊതുകിണറുകളിൽ പലതിനും പാരപ്പറ്റ്, പ്ലാറ്റ്ഫോം എന്നിവ പൊട്ടിപ്പൊളിഞ്ഞു പോയിരിക്കുന്നു.
7. ചെപ്പനൂൽ ഹരിജൻകോളനിയിലെ രണ്ടുകിണറുകൾ ചെങ്കല്ല്കെട്ടി ഉയർത്തുകയോ പ്ലാറ്റ്ഫോം കെട്ടുകയോ ചെയ്തിട്ടില്ല.
8. കാലിക്കടവ് 40ഏക്ര, കാരക്കൊടി എന്നിവിടങ്ങളിൽ കുഴിച്ച പൊതുകിണറുകൾ പാതിവഴിക്ക് നിർത്തിയിരിക്കുന്നു.

**സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ**

1. പട്ടുവവും അയൽപക്ക പഞ്ചായത്തുകളും അടങ്ങുന്ന ശുദ്ധജല വിതരണ പദ്ധതി അടിയന്തിരമായും തുടങ്ങുകയും കുറുമാത്തൂർ പഞ്ചായത്തിന് മുൻഗണന നൽകുകയുംചെയ്യുക.

2. 5ാം വാർഡിൻെറ വടക്കെ അതിർത്തിയിൽ കണിച്ചാമൽ പ്രദേശത്തെ കൊടിലേരി പാലത്തിന് സമീപം ചെക്ക്ഡാം നിർമ്മിച്ച് തോട്ടിൽ കിണർകുഴിച്ച് ചൊറുക്കള പഞ്ചായത്ത് ഓഫീസിന ടുത്ത് ടാങ്കുകെട്ടി, ഡയറി, പൊക്കുണ്ട്,വൈത്തല, ചാണ്ടക്കരി, പെരുമ്പ, ചൊറുക്കള, മുണ്ടേരി, കീരിയാട്, ബാവുപ്പറമ്പ്, പനക്കാട് എൽ.പി. സ്കൂൾ എന്നീ പ്രദേശങ്ങളിൽ വെള്ളം വിതരണം ചെയ്യുക.

3. ഏഴാം വാർഡിലെ വേളിപ്പാറ, ഭ്രാന്തൻകുന്ന് പ്രദേശത്ത് തളിപ്പറമ്പ മുൻസിപ്പാലിറ്റിയിലെ ശുദ്ധജല വിതരണ പൈപ്പ്ലൈൻ വ്യാപിപ്പിക്കുക.

4. ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കിണർ, കുഴൽകിണറുകൾ എന്നിവ കുഴിക്കാൻ പദ്ധതികളുണ്ടാക്കുക.

5. ഇയ്യൂർ സിദ്ധാശ്രമത്തിനു സമീപമുള്ള പൊതുകുളം ആഴംകൂട്ടി വെള്ളം പമ്പുചെയ്യാനുള്ളസംവിധാനം ഉണ്ടാക്കിയാൽ കുറുമാത്തൂർ ഹൈസ്ക്കൂളിനു സമീപമുള്ള പ്രദേശങ്ങളിലും ലക്ഷംവീടുകോളനി യിലുമുള്ള ജലക്ഷാമം പരിഹരിക്കാൻ കഴിയും.

6. ആറാം വാർഡിൽ നൂറ്റടിക്കുളം ആഴം കൂട്ടിയോ മുയ്യം തോട് പുറമ്പോക്കിൽ വലിയ കിണർ കുഴിച്ചോ ബാവുപ്പറമ്പിൽ ടാങ്ക് കെട്ടി പുല്ലാഞ്ഞിയോട്, കണ്ണപ്പിലാവ്, മുണ്ടേരി പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ കഴിയുന്നതാണ്.

7. കീരിയാട് പള്ളിയുടെ സമീപപ്രദേശങ്ങളിൽ ഉപ്പുവെള്ളം കെട്ടിക്കിടക്കുന്നത് പുഴയിലേക്ക് ഒഴുക്കിവിടാനുള്ള സംവിധാനം ഉണ്ടാക്കണം. ഉപ്പുവെള്ളക്കയറ്റം തടയാൻ സമീപപ്രദേശങ്ങളിൽ ജനങ്ങൾ തൽസ്ഥലജലസംരക്ഷണം നടത്തണം.

8. ജലസംരക്ഷണത്തിന് വാട്ടർഷെഡ് അടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കുക. കുറ്റിക്കോൽ പുഴയുടെയും കൈവഴികളുടെയും നീർമറി പ്രദേശങ്ങളിൽ (കാലിക്കടവ്മുതൽ വടക്കാഞ്ചേരിവരെ) ഏകദേശം 15ഓളം നീർമറി പദ്ധതികൾ നടപ്പിലാക്കാൻ സാധ്യതയുണ്ട്.

9. കുറ്റക്കോൽ പുഴയുടെ ഇരുകരകളിലും വനവൽക്കരണവും കരയിടിച്ചിൽ തടയാനുള്ള പ്രവർത്ത നവും ആവശ്യമാണ്.

10. പന്നിയൂർ പള്ളിവയൽ ശുദ്ധജല വിതരണപദ്ധതി(വാട്ടർ അതോറിറ്റി ഏറ്റെടുത്തത്) പ്രവർത്തനം തുടങ്ങണം.

11. പൊതുകിണറുകൾക്ക് ആവശ്യമായ റിപ്പേറുകളും ആഴം കൂട്ടലുകളും ചെയ്യണം.

12. കാലിക്കടവ്, 40 ഏക്ര, കാരാക്കുടി ഹരിജൻ സെറ്റിൽമെൻറ് എന്നിവിടങ്ങളിൽ കിണറുകൾ പൂർത്തീകരിക്കണം.

13. വരൾച്ചാ ദുരിതാശ്വാസമായി 96ൽ തുടങ്ങിയ 7കിണറുകൾ പൂർത്തിയാക്കണം.

# ഗതാഗതം

കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ ആദ്യത്തെ നിരത്ത് തളിപ്പറമ്പിൽനിന്നും കരിമ്പം, കുറുമാത്തൂർ വഴി ചെങ്ങളായിലേക്ക് നിർമ്മിച്ചതാണ്. മൈസൂർ സ്റ്റേറ്റ് ഹൈവേ എസ്.എച്ച് 45 ആയ ഈ പാതയുടെ നിർമ്മാണം എന്ന് നടന്നുവെന്നതിനെ സംബന്ധിച്ച് വ്യക്തമായി അറിവില്ല. മലബാറിൽ ശക്തമായിരുന്ന കർഷകപ്രസ്ഥാനത്തെ അടിച്ചമർത്തുന്നതിനുവേണ്ടി എം.എസ്.പിക്കാർക്ക് ഉപയോഗിക്കുന്നതിനായി കാവുമ്പായിയിൽനിന്നും കരിവെള്ളൂരിലേക്ക് സുമാർ 18 അടി വീതിയിൽനിർമ്മിച്ച സെക്യൂരിറ്റി റോഡ് കൂനം പന്നിയൂർ വഴി ഈ പഞ്ചായത്തിൽകൂടിയാണ് കടന്നുപോകുന്നത്. സവർണ്ണർ മഞ്ചലുകളും ബ്രിട്ടീഷ് സായ്പന്മാർ കുതിരവണ്ടികളും മറ്റുള്ളവർ കാളവണ്ടികളും ഉപയോഗിച്ചിരുന്നതായി പഴമക്കാർ പറയുന്നു. ഭൂരിഭാഗം ജനങ്ങളും കാൽനടയാത്ര തന്നെ. കുറുമാത്തൂർ പുഴയിലൂടെ നാടൻ തോണികളും കുറെകഴിഞ്ഞ് മോട്ടോർ ബോട്ടുകളും യാത്രക്കും ചരക്കുകൾ കടത്തുന്നതിനുമായി ഉപയോഗിച്ചതായി ഇന്നും ജനങ്ങൾ ഓർക്കുന്നു. അന്ന് വഴിയോരങ്ങളിൽ ചുമടുതാങ്ങികളും തണ്ണീർ പന്തലുകളും ഉണ്ടായിരുന്നു.മരങ്ങൾ പാണ്ടികെട്ടി വളപട്ടണത്തേക്കും ആനയെക്കൊണ്ട് വലിപ്പിച്ച് മറ്റുകേന്ദ്രത്തിലേക്കും കൊണ്ടുപോകുന്ന പതിവ് അപ്രത്യക്ഷമായിട്ട് അധികകാലമായിട്ടില്ല. നാട്ടുകൂട്ടങ്ങളുടെ പങ്കാളിത്തത്തോടെ സന്നദ്ധ പ്രവർത്തനത്തിലൂടെ ഇടവഴികളും വരമ്പുകളും ചെറുനിരത്തുകളായും വാഹനഗതാഗതത്തിനുള്ള റോഡുകളായും ക്രമേണ രൂപാന്തരപ്പെട്ടു.

ഇന്നത്തെ സ്റ്റേറ്റ് ഹൈവേയിലൂടെയുള്ള ആദ്യവാഹനം ആവിവണ്ടി - വിറകും കരിയും ഉപയോഗിച്ചാണത്രെ ഓടിച്ചിരുന്നത്.

ഈ പഞ്ചായത്തിൽ ഇപ്പോൾ പി.ഡബ്ല്യൂ.ഡിയുടെ 11.5 കി.മി. താർചെയ്ത പക്ക റോഡും(തളിപ്പറമ്പ്-ശ്രീകണ്ഠപുരം റോഡും, തളിപ്പറമ്പ-മുയ്യം-കോൾമൊട്ട റോഡും), താർചെയ്യാത്ത അഞ്ച് കി.മി. സെക്യൂരിറ്റി റോഡും ഉണ്ട്. വടക്കാഞ്ചേരി ബൈപാസ് റോഡ് പി.ഡബ്ല്യൂ.ഡി(ദേശീയ പാത വിഭാഗം) ടാർ ചെയ്തതാണെങ്കിലും പിന്നീടുള്ള സംരക്ഷണ ചുമതല സർക്കാർ ഏറ്റെടുത്തില്ല. കൂടാതെ പഞ്ചായത്ത് റിക്കർഡുകളനുസരിച്ചുള്ള 120 കി.മി. ആകെ ദൈർഘ്യംവരുന്ന അഞ്ച് റോഡുകളുമുണ്ട്. ഇതിൽ നാല് റോഡുകൾ ഭാഗികമായി താർ ചെയ്തിട്ടുണ്ട്. തദ്ദേശീയർ നിർമ്മിച്ചതും പഞ്ചായത്ത് ഏറ്റെടുതക്കാത്തതുമായ നിരവധി റോഡുകൾ വേറെയുണ്ട്.

റോഡ് റജിസ്റ്റർ പ്രകാരമുള്ള റോഡുകൾ

1. കാഞ്ഞിരങ്ങാട് - പൂമംഗലം റോഡ്
2. ബാവുപ്പറമ്പ് - കീരിയാട്(താനിക്കുന്ന് റോഡ്)

## കുറുമാത്തൂർ പഞ്ചായത്ത് പ്രധാന റോഡുകൾ



3. തൃച്ചംബരം - വടക്കാഞ്ചേരി റോഡ്
4. കണ്ണപ്പിലാവ് - വടക്കാഞ്ചേരി റോഡ്
5. കുറുമാത്തൂർ - കിഴക്കെക്കിള റോഡ്
6. മൊയന്തൻപാറ - താന്നിക്കുന്ന് റോഡ്
7. ചെപ്പനൂൽപാറ ഇടത്തിലെകിള റോഡ്
8. ചൊറുക്കള - കണിച്ചാമൽ റോഡ്
9. കാഞ്ഞിരങ്ങാട് - മഴൂർ റോഡ്
10. ബാവുപ്പറമ്പ് പുല്ലാണി റോഡ്
11. അയിക്കോട്ടെ കിള - മുയ്യം റോഡ്
12. ഇ.ടി.സി. പൂമംഗലം-പന്നിയൂർ-കാലിക്കടവ് റോഡ്
13. എസ്.എസ് കോളേജ് - വരഡൂൽ റോഡ്
14. എസ്.എസ്. കോളേജ് - പനക്കാട് റോഡ്
15. പൊക്കുണ്ട് - പൂങ്ങോട്കരി റോഡ്
16. കുറുമാത്തൂർ കോളേജ് സൈറ്റ് റോഡ്
17. കൂനം - പൂമംഗലം റോഡ്
18. പൊക്കുണ്ട് - വൈത്തില റോഡ്
19. ചവനപ്പുഴ ബ്ലോക്ക് ഓഫീസ് റോഡ്
20. കോട്ടക്കുന്ന് - അയ്യൻകോവിൽ റോഡ്
21. കുറുമാത്തൂർ സെൻറർ റോഡ്
22. ചെപ്പനൂൽ അനോന്തക്കുളം റോഡ്
23. ഇടപ്പകിള - മുണ്ടേരി - ബാവുപ്പറമ്പ് റോഡ്
24. പനക്കാട് വരഡൂൽ റോഡ്
25. വരഡൂൽ തൃച്ചംബരം റോഡ്
26. കരിമ്പം പുതിയകണ്ടം ലിങ്ക് റോഡ്
27. ഭ്രാന്തൻകുന്ന് വരഡൂൽ റോഡ്
28. ചവനപ്പുഴ - കാഞ്ഞിരങ്ങാട് റോഡ്
29. കൂനം മുതിരക്കാൽ റോഡ്
30. പുതിയകണ്ടം - ചവനപ്പുഴ റോഡ്
31. കണ്ണപ്പിലാവ് - മുണ്ടേരി റോഡ്
32. ബാവുപ്പറമ്പ് - നാണിശ്ശേരിക്കടവ് റോഡ്
33. ചൊർക്കള - കണിച്ചാമൽ റോഡ്
34. അടുക്കം - വടക്കാഞ്ചേരി ചോയിച്ചേരി പാലം റോഡ്
35. കരിമ്പം - പനക്കാട് റോഡ്
36. കപ്പണത്തട്ട് - പാറാട് റോഡ്
37 പൊക്കുണ്ട് - വൈത്തല പടിഞ്ഞാറെ വയൽ റോഡ്
38. കരിമ്പം - കണിച്ചാമൽ റോഡ്

39. പന്നിയൂർ പുതുക്കണ്ടം - കാഞ്ഞിരക്കുന്ന് റോഡ്
40. മലരട്ട കവിടങ്ങാട് റോഡ്
41. കാരാക്കുടി - ഹരിജൻകോളനി കാലിക്കടവ് റോഡ്
42. കോട്ടപ്പുറം - കടവ് റോഡ്
43. കാലിക്കടവ് - ചോരണപ്പുഴ റോഡ്
44. മുണ്ടേരി - ബാവുപ്പറമ്പ് റോഡ്
45. പന്നിയൂർ വില്ലേജ് ആഫീസ്(ചവനപ്പുഴ) - കാഞ്ഞിരങ്ങാട് റോഡ്
46. ചൊർക്കള - അതിരിയാട് റോഡ്
47. ചവനപ്പുഴ - ഭണ്ഡാരപ്പാറ ഹരിജൻ കോളനി റോഡ്
48. ഇരുവേശ്ശി മുയ്യം ലിങ്ക് റോഡ്
49. മുണ്ടേരി വായനശാല - ഇളനീർ മൂല റോഡ്
50. കരിമ്പം - കൊയ്യത്ത്കുന്ന് - എസ്.എസ്. കോളേജ് റോഡ്
51. എസ്.എസ്. കോളേജ് - വേളിപ്പാറ റോഡ്
52. പൊക്കുണ്ട് - മണക്കാട് റോഡ്
53. പൂമംഗലം - ശിശുമന്ദിരം റോഡ്
54. മഴൂർ പള്ളിവയൽ - ഇടുക്കുഴി റോഡ്
55. ചെപ്പനൂൽ റേഷൻ ഷാപ്പ് - പാറാട് നവോദയ വായനശാല റോഡ്
56. മഴൂർ - ചെറുകുളം പന്നിയൂർ എസ്.പി. ബസാർ റോഡ്
57. തിയ്യനൂൽ കുരുമുളക് ഗവേഷണകേന്ദ്രം റോഡ്
58. ചെപ്പനൂൽ കോളനി - വരഡൂൽ അമ്പലം- ഭ്രന്തൻകുന്ന് റോഡ്.

കുറുമാത്തൂർ പഞ്ചായത്തിലെ ഏതാണ്ട് ഏഴ് വാർഡിലൂടെ ഒഴുകുന്ന പന്നിയൂർ മുതൽ വടക്കാഞ്ചേരി വരെയുള്ള തോടിന് വടക്കാഞ്ചേരി, വരഡൂൽ, കരിമ്പം എന്നിവിടങ്ങളിൽ വാഹനഗതാഗതത്തിനനുയോജ്യമായ വലിയ കോൺക്രീറ്റ് പാലങ്ങൾ ഉണ്ട്. കൂടാതെ പോതികുണ്ട് (വടക്കാഞ്ചേരി), ചെപ്പനൂൽ, പനക്കാട്, ചവനപ്പുഴ, പൂമംഗലം, മഴൂർ, പാടിക്കരി(പന്നിയൂർ) എന്നിവടങ്ങളിൽ ഫുട് ബ്രിഡ്ജുകളും ഉണ്ട്. ഇതിനും പുറമേ പത്തോളം മരപ്പാലങ്ങളുമുണ്ട്. കുറുമാത്തൂർ കടവിന് കടത്തുതോണി സർവീസ് നടത്തുന്നുണ്ട്.

വാർത്താവിനിമയ രംഗത്ത് പഞ്ചായത്ത് വളരെ പിന്നോക്കമാണ്. മുയ്യം, കുറുമാത്തൂർ, പന്നിയൂർ, പള്ളിവയൽ എന്നീ ബ്രാഞ്ച് പോസ്റ്റാഫീസുകൾ ഇവിടെ പ്രവർത്തിക്കുന്നു. തപാൽ സർവീസ് ലഭിക്കുവാൻ തന്നെ വിഷമിക്കുന്ന പ്രദേശവും നമ്മുടെ പഞ്ചായത്തിലുണ്ട്. ടെലഫോണുകൾ നന്നെ കുറവാണ്. ഏതാണ്ട് 200ലധികം പേർ ഇപ്പോൾ ഫോൺ കണക്ഷനുവേണ്ടി കാത്തിരിപ്പുണ്ട്.

വാർത്താവിനിമയത്തിൻെറ മറ്റു ഉപാധികളായ റേഡിയോ, ടി.വി. എന്നിവ നമ്മുടെ നാട്ടിൽ ധാരാളമായി ഉപയോഗിക്കുന്നുണ്ട്. ഏതാണ്ട് 90%വീട്ടുകാരും ഇപ്പോൾ റേഡിയോ ഉപയോഗിക്കുന്നു. നാട്ടിലുള്ള സാംസ്കിരിക കേന്ദ്രങ്ങളിൽ മിക്കതിലും ടി.വി. ഇല്ല.

### പ്രശ്നങ്ങൾ

1. തൃപ്തികരമായ ഗതാഗത ശൃംഖല ഇല്ല. പഞ്ചായത്തിൻെ വടക്കേ അറ്റമായ കാലിക്കടവും തെക്ക് വടക്കാഞ്ചേരിയും കൂട്ടിയോജിപ്പിക്കുന്ന റോഡ് ശൃംഖല ഇന്നില്ല.

2. പ്രധാനപ്പെട്ട പല റോഡുകളും താർ ചെയ്യപ്പെട്ടിട്ടില്ല.

3. റോഡുകൾ മിക്കിതിൻെറയും ഓടകൾ സംരക്ഷിക്കപ്പെടുന്നില്ല. മഴക്കാലത്ത് വെള്ളം കുത്തിയൊലിച്ച് ഗതാഗതയോഗ്യമല്ലാതാകുന്നു.

4. റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല.

5. ടെലിഫോൺ സൗകര്യം തീരെ അപര്യാപ്തമാണ്.

6. വാർത്താവിതരണ സംവിധാനവും അപര്യാപ്തമാണ്. പഞ്ചായത്തിൽ സബ്പോസ്റ്റാഫിസ് ഒന്നുമില്ല.

7. പല പ്രദേശങ്ങളിലേക്കും മൺറോഡുകൾപോലും ഇല്ല.

8. മരപ്പാലങ്ങൾക്ക് പലതിനും മേജർ റിപ്പേർ ആവശ്യമാണ്. റിപ്പേറിന് വലിയ ചെലവ് വരും.

9. പല സ്ഥലങ്ങളിലും പൊതു നടപ്പാതകൾക്ക് കുറുകെ സിമൻറ് സ്ലാബുകൾ ഇല്ല.

**നിർദേശങ്ങൾ**

1. വെറ്റിലോട്ട് കോൺക്രീറ്റ് പാലം നിർമ്മിക്കണം.

2. പഞ്ചായത്തിലെ കുറുകെ ഒഴുകുന്ന തോടിന് ഇരു കരകളിൽകൂടി ഏതാണ്ട് സമാന്തരമായി നിർമ്മിച്ച റോഡുകൾ പല സ്ഥലങ്ങളിലും കൂട്ടിമുട്ടേണ്ടതുണ്ട്. ആയതിന് ലിങ്ക് റോഡുകൾ നിർമ്മിക്കണം.

3. കരിമ്പം പാലത്തിന് കഴിക്കുവശത്ത് നിന്നും പാറക്കണ്ടത്തിലേക്കുള്ള റോഡ് കൊടിലേരിപ്പാലം വരെ നിർമ്മിക്കണം.

4. മുയ്യം, മാവുപ്പാടി കുളത്തിന്നരികിൽനിന്നും വയലിൽ കൂടി ക്രോസ് ചെയ്ത് അടുക്കം ഹരിജൻ കോളനിവരെ റോഡ് നിർമ്മിക്കുക.

5. കരിമ്പം പാലത്തിന് പടിഞ്ഞാറു ഭാഗത്ത് നിന്നും ചവനപ്പുഴ സുപ്രഭാ കലാ നിലയംവരെയുള്ള വീചി കുറഞ്ഞ റോഡ് വീതി കൂട്ടി ലിങ്ക് റോഡ് നിർമ്മിക്കുക. ഇതുവഴി ചവനപ്പുഴ വലിയ കയറ്റം ഒഴിവാക്കാൻ സാധിക്കും.

6. കരിമ്പം കൃഷിഭവനുമുന്നിൽ കൂടി കൊയ്യത്തുകുന്നിലേക്ക് പോകുന്ന റോഡ് കരിമ്പം ഫാം ഗേറ്റ് പൂട്ടിയിടുന്നത് നിമിത്തം ഫലത്തിൽ റോഡില്ലാത്ത അവസ്ഥയാണുള്ളത്. അത് അടിയന്തിരമായും ശാശ്വതമായി പൊതുഗതാഗതത്തിന് തുറക്കണം.

7. പഞ്ചായത്തും നാട്ടുകാരും നിർമ്മിച്ച വീതികുറഞ്ഞ മരപ്പാലങ്ങൾ നിലവിലുണ്ട്. പലതും ഉപയോഗിക്കത്തക്കതല്ല. അവ കോൺക്രീറ്റ് പാലങ്ങളാക്കണം.

8. നിലവിലുള്ള പല പ്രധാന റോഡുകളും ടാർ ചെയ്യേണ്ടതാണ്. ടാർ ചെയ്ത ഭാഗത്ത് അററകുറ്റപ്പണി നടത്തേണ്ടതാണ്.

9. ബഹുജനപങ്കാളിത്തതോടെ നിർമ്മിച്ചതും പഞ്ചായത്ത് ഇനിയും ഏറ്റെടുക്കാത്തതുമായ നിരവധി റോഡുകൾ ഉണ്ട്. അവ വീതി കൂട്ടൽ, പരിചരണം, സംരക്ഷണം എന്നിവ ചെയ്യണം.

10. നാടുകാണി-പന്നിയൂർ-കൂനം സെക്യൂരിറ്റി റോഡ്(പിഡബ്ല്യൂ.ഡി.) മെറ്റിലിംഗ് താറിംഗും നടത്തി ഗതാഗത യോഗ്യമാക്കണം. കാലിക്കടവ് പാലവും വേണം.

11. റോഡ് നിർമ്മാണത്തിലും ഓവുചാലിൻെറ സംരക്ഷണത്തിലും ഫലപ്രദമായ ജനപങ്കാളിത്തം ഉണ്ടാവണം.

12. ഇലക്ട്രിക് പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ, ടെലഫോൺ പോസ്റ്റുകൾ, സ്തൂപങ്ങൾ, കേബിൾ ക്യാബിനുകൾ, കൊടിമരങ്ങൾ, സ്മാരക ശിലകൾ, ബോർഡുകൾ എന്നിവ ഗതാഗത തടസ്സം വരത്തക്ക വിധത്തിൽ സ്ഥാപിക്കരുത്. അത്യാവശ്യ ഘട്ടങ്ങളിൽ ഇവ പഞ്ചായത്തധികൃതരോട് സമ്മതം വാങ്ങിമാത്രം ചെയ്യുക.

13. ചൊറുക്കള കേന്ദ്രമാക്കി ഒരു സബ്ബ് പോസ്റ്റാഫീസ് സ്ഥാപിക്കേണ്ടതാണ്. ഇതിൽ സേവിംഗ്സ് ബാങ്ക്, ടെലിഫോൺ, ടെലഗ്രാഫ്, ഫാക്സ് എന്നീ സൗകര്യങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

14. ചൊറുക്കള കേന്ദ്രമാക്കി ഒരു ടെലിഫോൺ എക്സ്ചേഞ്ച് സ്ഥാപിക്കുക.

15. പൊതു നടപ്പാതകൾക്ക് കുറുകെ സ്ലാബുകൾ ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കണം.

---

# ഊർജം

ഭക്ഷണം പാകം ചെയ്യുന്നതിന് മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി എന്നീ ഇന്ധനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും ഈ പഞ്ചായത്തിൽ കൂടുതൽ ഉപയോഗിക്കുന്നത് വിറകുതന്നെ. പഞ്ചായത്തിൽ കൃഷിക്ക് മനുഷ്യോർജവും കന്നുകാലികളേയും ഉപയോഗിക്കുന്നു. എന്നാൽ ഗാർഹികാവശ്യങ്ങൾക്കും ജലസേചനത്തിനും വ്യവസായങ്ങൾക്കും വൈദ്യുതി ധാരാളമായി ഉപയോഗിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ ആദ്യമായി വൈദ്യതീകരിച്ച പ്രദേശം മുയ്യമാണ്. എല്ലാവാർഡുകളിലും, അല്പം ചില പ്രദേശങ്ങളിലൊഴികെ, വൈദ്യുതി എത്തിക്കഴിഞ്ഞിട്ടുണ്ട്. ആദ്യകാലത്ത് വെളിച്ചത്തിനും കാറ്റിനും ഉപയോഗിച്ചിരുന്ന വൈദ്യുതി ഇന്ന് സമസ്ത മനുഷ്യാവശ്യങ്ങൾക്കും അത്യാവശ്യഘടകമായി മാറിക്കഴിഞ്ഞു. അതുകൊണ്ട്തന്നെ വൈദ്യുതിയുടെ ഗുരുതരമായ വോൾട്ടേജില്ലായ്മയും കട്ടും ജനജീവിതം ദുഃസ്സഹമാക്കുന്നു.

ആകെ 67 സ്ട്രീറ്റ് ലൈറ്റുകളാണ് ഈ പഞ്ചായത്തിലുള്ളത്. അവയിൽ മിക്കതും കൃത്യമായി കത്താറില്ല.

ഈ പഞ്ചായത്തിലെ വൈദ്യുതി വിതരണം നിയന്ത്രിക്കുന്നത് തളിപ്പറമ്പ്, കരിമ്പം എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളാണ്. കരിമ്പത്തിന്റെ മേജർ സെക്ഷൻ ഓഫീസ് ശ്രീകണ്ഠാപുരത്താണ്.

ആകെ ഉപഭോക്താക്കൾ

| | |
|---|---|
| 1. ഗാർഹികം | 2479 |
| 2. വാണിജ്യം | 204 |
| 3. കാർഷികം | 51 |
| 4. വ്യാവസായികം | 39 |
| 5. മറ്റുള്ളവ | 6 |
| ആകെ | 2779 |

വൈദ്യുതീകരിച്ച ഹരിജൻകോളനി ഇല്ല. പഞ്ചായത്തിൽ ആകെ 27 ട്രാൻസ്ഫോർമറുകൾ ഉണ്ട്. അതിൽ വോൾട്ടേജ് ഉയർത്തുന്നതിനായി ഒരു ട്രാൻസ്ഫോർമർ പോലും സ്ഥാപിച്ചിട്ടില്ല.

പണമടക്കേണ്ടതില്ലാത്ത കുടുംബങ്ങൾ 25.

### പ്രശ്നങ്ങൾ

1. വോൾട്ടേജ് ക്ഷാമംതന്നെയാണ് ഏറ്റവും പ്രധാനമായ പ്രശ്നം
2. ഗാർഗികവും ഗാർഹികേതരവുമായ ആവശ്യങ്ങൾക്കായി പണമടച്ചു കാത്തുനിൽക്കുന്നവർ നൂറുക്കണക്കിനുണ്ട്. ഇതിൽ Out of Turn Priority ക്കാരും ഉൾപ്പെടുന്നു.
3. ഭണ്ഡാരപ്പാറ ഹരിജൻ കോളനി, എസ്.പി.ബസാർ ഹരിജൻ കളനി എന്നിവടങ്ങളിൽ ഇതുവരേയും വൈദ്യുതു എത്തിയിട്ടില്ല. കൂടാതെ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വൈദ്യുതിക്കായി കാത്തിരിക്കുന്ന നിരവധിപേരുണ്ട്.
4. വൈദ്യുതി യഥേഷ്ടം കിട്ടാനില്ലാത്തത്കൊണ്ട് വ്യവസായ സംരംഭകർ മടിച്ചുനിൽക്കുന്നു.

5. കൃഷി, ഗാർഹികാവശ്യങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിച്ചുകിട്ടുന്നില്ല.
6. കാര്യക്ഷമതയില്ലാത്ത അടുപ്പുകൾ വിറകുക്ഷാമത്തിന് കാരണമാകുന്നു.

## സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ

1. 110 കെ.വി. കരിക്കാപ്പാറ സബ്സ്റ്റേഷൻ, 110.കെ.വി. ശ്രീകണ്ഠപുരം സബ്സ്റ്റേഷൻ എന്നിവ എത്രയും പെട്ടെന്ന് പൂർത്തീകരിക്കണം. ഉപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 110 കെ.വി. മാങ്ങാട് സബ്സ്റ്റേഷനിൽ നിന്നും ബാവുപ്പറമ്പ് വരെ 11 കെ.വി.ഡ്യൂപ്ലിക്കേറ്റ് ഫീഡറിന്റെ പണി യുദ്ധകാലാടിസ്ഥാനത്തിൽ തുടങ്ങണം.
2. കരിമ്പം ഇലക്ട്രിക്കൽ സെക്ഷൻ ഒരു മേജർ സെക്ഷനാക്കി മാറ്റുക.
3. ചെറുകര, പന്നിയൂർ, പൂമംഗലം, കരിമ്പം ഫാം എന്നീ ട്രാൻസ്ഫോർമറുകളെ 11 കെ.വി. ലൈൻവഴി നേരിട്ട് ബന്ധിപ്പിക്കണം.
4. പ്രാധാന കേന്ദ്രങ്ങളിലെല്ലാം സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം
5. സ്രടീറ്റ് ലെറ്റില്ലാത്തിടത്ത് അവ സ്ഥാപിക്കുക.
6. വോൾട്ടേജ് ഉയർത്തുന്നതിന് താഴെ പറയുന്ന പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

   1. ചവനപ്പുഴ-പൂമംഗലം 2. പനക്കാട്-ചെറുവയൽ 3. വരഡൂൽ 4. കുറുമാത്തൂർ 5. അടുക്കം
7. വൈദ്യുതി ഇനിയും എത്തിയിട്ടില്ലാത്ത വാർഡുകളിലെ പ്രദേശങ്ങളിൽ ലൈനുകൾ എത്തിക്കണം.
8. നിർധനരായ വീട്ടുകാർക്ക് പഞ്ചായത്തുവക വയർചെയ്ത് കണക്ഷൻ നേടിക്കൊടുക്കണം.
9. കാർഷികാവശ്യത്തിനുവേണ്ടി കണക്ഷന് പണമടച്ചു കാത്തിരിക്കുന്ന മുഴുവൻ ഉപഭോക്താക്കൾക്കും എത്രയും പെട്ടെന്ന് കണക്ഷൻ ലഭ്യമാക്കണം.
10. കാർഷികാവശ്യത്തിനുള്ള കണക്ഷൻ വൈകുന്നതുമൂലം മിനിമം ഗ്യാരണ്ടി കണക്ഷൻ നൽകുന്നതിനുള്ള നിയമഭേദഗതികൊണ്ടുവരണം.
11. കുറ്റിക്കോൽ പുഴ തടയണ സാദ്ധ്യതാപ്രദേശങ്ങളിൽ മൈക്രോ ജലവിതരണ പദ്ധതിയുടെ സാദ്ധ്യത പരിഗണിക്കുക.
12. അടുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചാൽ വിറകിന്റെ വിനിയോഗം നിയന്ത്രിക്കാവുന്നതാണ്. അനെർട്ടിന്റെ പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കണം. ഇതിന്റെ സബ്സിഡി തുടരണം. അടുപ്പ് നിർമ്മാണത്തിൽ തൊഴിലില്ലാത്ത യുവതീയുവാക്കൾക്ക് പരിശീനം നൽകണം.

# മാർക്കറ്റ്

കുറുമാത്തൂർ പഞ്ചായത്തിൽ വലിയ വ്യാപാരകേന്ദ്രങ്ങൾ ഒന്നും തന്നെ ഇല്ല. എന്നാൽ ഉയർന്നുവരുന്ന ചെറിയ വ്യാപാര കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്.

പൊക്കുണ്ട്, ചൊർക്കള, കരിമ്പം, കൂനം, ബാവുപ്പറമ്പ്, മുയ്യം, പൂവം, പന്നിയൂർ, പള്ളിവയൽ, ചെറുകര തുടങ്ങിയവ അവയിൽ ചിലതാണ്.

പഞ്ചായത്തിൽ പൊതുമാർക്കറ്റുകളോ സ്വകാര്യ മാർക്കറ്റുകളോ ഇല്ല. ഷോപ്പിംഗ് കോംപ്ലക്സുകളും ഇല്ല. പഞ്ചായത്തിലെ കാർഷികോല്പന്നങ്ങൾ മിക്കവാറും തളിപ്പറമ്പിലാണ് വിപണനം നടക്കുന്നത്. വില നിയന്ത്രിക്കുന്നത് സ്വകാര്യ കച്ചവടക്കാരാകയാൽ പലപ്പോഴും കർഷകന് ന്യായമായ വില കിട്ടുന്നില്ല.

### സാധ്യതകൾ

1. പൊക്കുണ്ടിലോ പരിസര പ്രദേശത്തോ ഒരു ഷോപ്പിംഗ കോംപ്ലക്സ് ഉണ്ടാവണം.
2. പൂവം, പൊക്കുണ്ട് തുടങ്ങിയ പ്രദേശങ്ങളിൽ ആഴ്ചചന്തകൾക്ക് സാധ്യതയുണ്ട്.

# പാർപ്പിടവും സാമൂഹ്യക്ഷേമവും



പാർപ്പിടങ്ങളുടെ ഘടനയിലും സ്ഥലനിർണ്ണയത്തിലും കാര്യമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണല്ലൊ ഇത്. ക്ഷേത്രങ്ങളും ഏതാനും സമ്പന്നഗൃഹങ്ങളും മാറ്റിനിർത്തിയാൽ എല്ലാം പുൽപുരകളായിരുന്നു കുറേക്കാലം മുമ്പുവരെ. എന്നാൽ ഇന്ന് പുൽപ്പുരകൾ നാമമാത്രമാണ്. മാടോട് മേഞ്ഞ കെട്ടിടങ്ങൾ കമ്പനി ഓടുകൾക്ക് വഴിമാറി. ഇപ്പോൾ കമ്പനിഓടുമേഞ്ഞ വീടുകളും ചുരുക്കമായെ നിർമ്മിക്കുന്നുള്ളൂ. കോൺക്രീറ്റ് കെട്ടിടങ്ങളാണ് കൂടുതൽ നിർമ്മിക്കുന്നത്. ഇടുങ്ങിയ മുറികളും ചെറിയ ജനലും വാതിലുകളുമുള്ള പഴയതരം വീടുകൾ ഇന്ന് പണിയുന്നില്ല. വീടുനിർമ്മാണം പറമ്പിന്റെ മദ്ധ്യത്തിൽനിന്നും റോഡുകളുടെ പാർശ്വങ്ങളിലേക്ക് മാറിവരുന്നു. പുതിയ വീടുകൾ മിക്കവയ്ക്കും കക്കൂസുകളും മറ്റുസൗകര്യങ്ങളും ഉണ്ടാക്കുന്നുണ്ട്.

കൂട്ടുകുടുംബവ്യവസ്ഥ തകർന്നതോടുകൂടി എല്ലാ ചെറുകുടുംബങ്ങൾക്കും വീട് അത്യാവശ്യമായി തീർന്നിരിക്കുന്നു. വിദേശ മലയാളികളുടെ കെട്ടിട നിർമ്മാണ ആവശ്യങ്ങൾ ധാരാളം കോൺക്രീറ്റ് കെട്ടിടങ്ങൾ നർമ്മിക്കാനിടയാക്കി. മരത്തിന്റെ താങ്ങാനാവാത്ത വിലവർദ്ധനയും കോൺക്രീറ്റിലേക്കുള്ള മാറ്റം ത്വരിതപ്പെടുത്തി. ഇന്ന് കെട്ടിട നിർമ്മാണ സാമഗ്രികകൾക്കെല്ലാം വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ സാധാരണ ജനങ്ങൾക്ക് പാർപ്പിട നിർമ്മാണം വലുതായ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ മൊത്തം 4970 വീടുകളിൽ 85% ഓടിട്ടതും 13% പൂർണ്ണമായോ ഭാഗികമായോ കോൺക്രീറ്റുമാണ്. കുടിലുകൾ 135 എണ്ണമുണ്ട്. വീടുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ ഭവനങ്ങളുടെ പട്ടിക.

| വാർഡ്നമ്പർ പഴയത് | കുടിൽ ഓല മേഞ്ഞത് | ഭാഗികമായി ഓലമേഞ്ഞത് | ഓടിട്ടത് | കോൺക്രീറ്റ് | ഭാഗികമായി കോൺക്രീറ്റ് | ആകെ |
|---|---|---|---|---|---|---|
| 1 | 10 | - | 394 | 6 | 2 | 412 |
| 2 | 45 | - | 318 | 60 | 3 | 426 |
| 3 | 14 | - | 482 | 20 | 4 | 520 |
| 4 | 23 | - | 627 | 30 | 5 | 685 |
| 5 | 2 | | 537 | 100 | 10 | 649 |
| 6 | 9 | - | 374 | 38 | 5 | 426 |

| | | | | | | |
|---|---|---|---|---|---|---|
| 7 | 1 | – | 380 | 70 | 13 | 464 |
| 8 | – | – | 482 | 70 | 8 | 560 |
| 9 | 31 | – | 599 | 170 | 28 | 828 |
| ആകെ | 135 | – | 4193 | 564 | 78 | 4970 |

**കഴിഞ്ഞ ഒരുവർഷം പഞ്ചായത്തിൽ നിർമ്മിച്ചവീടുകൾ**

| വാർഡ് പഴയത് | ഓട് | ആസ്ബസ്റ്റോസ് | കുടിൽ (പുര) | കോൺക്രീറ്റ് | ആകെ |
|---|---|---|---|---|---|
| 1 | 8 | – | – | 2 | 10 |
| 2 | 8 | – | – | 8 | 16 |
| 3 | 9 | 1 | – | 3 | 13 |
| 4 | 7 | 1 | – | 4 | 12 |
| 5 | 5 | – | – | 3 | 8 |
| 6 | 3 | 7 | – | – | 10 |
| 7 | 2 | 2 | – | 7 | 11 |
| 8 | 11 | 1 | – | 9 | 21 |
| 9 | 11 | 2 | | 27 | 40 |
| ആകെ | 64 | 14 | – | 63 | 141 |

കഴിഞ്ഞ ഒരുവർഷക്കാലം പഞ്ചായത്തിൽ നിർമ്മിച്ച വീടുകളിൽ ഏതാണ്ട് പകുതി ഓടിട്ടതും പകുതി കോൺക്രീറ്റു കെട്ടിടങ്ങളുമാണെന്ന് കാണാം.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധതരം ഏജൻസികൾ മുഖേന സർക്കാർ തലത്തിൽ വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

കൂടാതെ കുറുമാത്തൂർ സർവ്വീസ് സഹകരണ ബേങ്ക്, കാർഷിക വികസന ബേങ്ക്, തളിപ്പറമ്പ ബിൽഡിങ്ങ് സൊസൈറ്റി, എൽ.ഐ.സി, എന്നീ വിവിതതരം ഏജൻസികൾ ഈ പഞ്ചായത്തിൽ ഗൃഹനിർമ്മാണ ലോൺ നൽകിയിട്ടുണ്ട്.

ഫാദർ എൽ.എം. സുക്കോൾ തന്റെ ജീവകാരുണ്യപരമായ പ്രവർത്തനത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിൽ 25 ഓളം വീടുകൾ ജാതി മത പരിഗണന കൂടാതെ പാവപ്പെട്ടവർക്ക് നിർമ്മിച്ചു കൊടുത്തിട്ടുണ്ട്.

ഇതൊക്കെയാണെങ്കിലും ഇന്നും പഞ്ചായത്തിൽ ഏകദേശം 500ഓളം കുടുംബങ്ങൾക്ക് സ്വന്തമായി വീടുകളില്ല. 135 കുടിലുകൾ നല്ല ഭവനങ്ങളാക്കേണ്ടതുമുണ്ട്.

## പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണത്തിന്നാവശ്യമായ വസ്തുക്കളുടെ വില ദൈനംദിനം കുതിച്ചുകയറുകയാണ്.
2. ഭൂമിവില പലേടത്തും പലമടങ്ങ് വർദ്ധിച്ചിട്ടുണ്ട്.
3. ഭവനനിർമ്മാണ വായ്പകൾക്ക് പലിശനിരക്ക് ഉയർന്നതാണ്. വായ്പകൾ സാധാരണക്കാർക്ക് ലഭിക്കുവാൻ പ്രയാസമുണ്ട്.
4. നിർമ്മാണ തൊഴിലാളികളുടെ കൂലിനിരക്കിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.
5. കൃഷിഭൂമി നികത്തി വീടുണ്ടാക്കുന്ന പ്രവണത ഉണ്ട്.
6. ആശാരിമാർ, കൽപ്പണിക്കാർ എന്നീ വിദഗ്ധ തൊഴിലാളികളെ ആവശ്യത്തിന് കിട്ടാനില്ല.
7. ആഡംബരപൂർണ്ണമായ വീടുകൾ നിർമ്മിക്കാനുള്ള പ്രവണത കൂടിവരുന്നു.

**നിർദ്ദേശങ്ങൾ**

1. ഭവനനിർമ്മാണ വായ്പാതുക വർദ്ധിപ്പിക്കണം.
2. ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ മാത്രമെ സർക്കാർതലത്തിലുള്ള ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കാൻ പാടുള്ളൂ.
3. പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കണം.
4. കെട്ടിടനിർമ്മാണത്തിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഓരോ പഞ്ചായത്തിലും സ്ഥാപിക്കണം.
5. വീടുനിർമ്മാണ വായ്പ ലഭിക്കുവാനുള്ള വ്യവസ്ഥകൾ ഉദാരമാക്കണം. പലിശനിരക്ക് കുറക്കണം.
6. വയൽ നികത്തി വീടുണ്ടാക്കുന്ന പ്രവണത കർശനമായി തടയണം.
7. വീട് അത്യധികം ആഡംബരപൂർണ്ണമാക്കി മാറ്റുന്ന പ്രവണത നിരുത്സാഹപ്പെടുത്തുന്നതിന്വേണ്ടി ബോധവൽക്കരണം നടത്തണം.
8. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തിലെ 500 ഓളം കുടുംബങ്ങൾക്ക് വീട്വെക്കാനുള്ള സാമ്പത്തികസഹായം നൽകണം.
9. നിലവിലുള്ള കുടിലുകൾ അത്യാവശ്യസൗകര്യങ്ങളോടെ മാറ്റിപ്പണിയാൻ സാമ്പത്തിക സഹായം നൽകണം.

# സാമൂഹ്യക്ഷേമം

വികസനബ്ലോക്കുകൾവഴി നടപ്പാക്കിവരുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ, സാമൂഹ്യ ക്ഷേമ വകുപ്പുകൾ നടപ്പാക്കുന്ന വികലാംഗ ക്ഷേമ പ്രവർത്തനങ്ങൾ, അംഗൻവാടികൾ തുടങ്ങിയവ ഈ വിഭാഗത്തിൽ പെടുന്നു. ഈ പദ്ധതികളുടെ നില പരിശോധിക്കാം.

<u>ഐ.ആർ.ഡി.പി. ഗുണഭോക്താക്കൾ</u>

| | |
|---|---|
| ആകെ കുടുംബങ്ങൾ(ദാരിദ്ര രേഖയ്ക്ക് താഴെ) | 1952 |
| പട്ടികജാതി കുടുംബങ്ങൾ | 57 |
| സാമ്പത്തിക സഹായംലഭിച്ചവർ പട്ടികജാതി | 57 |
| മറ്റുള്ളവർ | 71 |

<u>ട്രൈസം പദ്ധതി</u>

| | |
|---|---|
| പരിശീലനം ലഭിച്ചവർ | 41 |
| അതിൽ സ്വയം തൊഴിൽ കണ്ടെത്തിയവർ | 37 |

**D.W.C.R.A.**<u>യൂണിറ്റുകൾ</u>

(വനിതാ ക്ഷേമവിഭാഗത്തിൽ വിശകലനം ചെയ്തിട്ടുണ്ട്)

<u>സാമൂഹ്യ വനവൽക്കരണം</u>

ഉൽപാദിപ്പിച്ച് വിതരണം നടത്തിയ തൈകൾ

| | |
|---|---|
| 1991 | - 6000 |
| 1993 | - 6000 |
| 1994 | - 550 |
| 1995 | - 600 |
| 1996 | - 3000 (വനംവകുപ്പ്) |

<u>ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനീക ഉപകരണങ്ങൾ നൽകൽ</u>

ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം ആകെ കൈത്തൊഴിലുകാർ - 327

സഹായം ലഭിച്ചവർ(വിദ്യുച്ഛക്തി ഉപയോഗിച്ച് ആധുനീക ഉപകരണങ്ങൾ മാത്രം) - 16

<u>വികലാംഗക്ഷേമം</u>

പഞ്ചായത്തിൽ ആകം 152 അംഗവൈകല്യമുള്ളവരും 60 മന്ദബുദ്ധികളും ഉള്ളതായി സർവ്വെ വെളിപ്പെടുത്തുന്നു. അതിൽ ചലന വൈകല്യമുള്ളവർ-115, ബധിരരും മൂകരും-22, അന്ധർ-15.

ചലനവൈകല്യമുള്ളവർക്ക് പെൻഷൻ സഹായമൊഴികെ ആവശ്യമായ മറ്റു സഹായങ്ങളൊന്നും ലഭിച്ചിട്ടില്ല. മന്ദബുദ്ധികളിൽ 10 പേർ 5 വയസ്സിൽ താഴെയും 12 പേർ 10 വയസ്സിൽ താഴെയും പ്രായമുള്ളവരുണ്ട്.

<u>അംഗൻവാടികൾ</u>

വിദ്യാഭ്യാസത്തിൽ (പ്രീപ്രൈമറി വിദ്യാഭ്യാസത്തിൽ) പരാമർശിച്ചിട്ടുണ്ട്. ആരോഗ്യ പോഷണ നിലവാരം തൃപ്തികരമല്ല. 40% കുട്ടികൾ ആരോഗ്യ പോഷണ നിലവാരമില്ലാത്തവരാണ്.

<u>സാമൂഹ്യക്ഷേമ പെൻഷനുകൾ</u>

<u>നിലവിലുള്ള പെൻഷൻകാരുടെ എണ്ണം.</u>

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | - | 21 |
| വിധവാ പെൻഷൻ | - | 126 |
| വികലാംഗ പെൻഷൻ | - | 63 |
| കർഷകതൊഴിലാളി പെൻഷൻ | - | 335 |

അർഹരായ എല്ലവർക്കും ഈ ആനുകൂല്യങ്ങൾ ഇന്ന് ലഭിക്കുന്നില്ല.

പ്രശ്നങ്ങൾ

1. ഐ.ആർ.ഡി.പി. ലിസ്റ്റ് പൂർണ്ണമല്ല. ലിസ്റ്റിൽ ധാരാളം അർഹരായവർ വിട്ടുപോയിട്ടുണ്ട്.
2. ഗുണഭോക്താക്കൾ യഥാർത്ഥ ആവശ്യങ്ങൾക്ക് ധനസഹായമോ കടമോ ഉപയോഗിക്കുന്നില്ല.
3. ദാരിദ്ര്യരേഖക്ക് താഴെയുള്ള യഥാർത്ഥ കുടുംബങ്ങൾക്ക് ആവശ്യമായ സമയത്ത് ധനസഹായം ലഭിക്കുന്നില്ല.
4. ആവശ്യമായവർക്കെല്ലാം സി.ആർ.എസ്.പി. കക്കൂസുകൾ ലഭിക്കുന്നില്ല. ലഭീക്കുന്ന തുക അപര്യാപ്തമാണ്.
5. റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം ആധുനീക ഉപകരണങ്ങൾക്ക് (വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്നത്) മാത്രമാകയാൽ എല്ലാ ആർട്ടിസാൻസിനും സ്കീം ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
6. വിവിധയിനം പെൻഷനുകൾ യഥാസമയം കിട്ടുന്നില്ല.
7. പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹരായവർ നിരവധിയുണ്ട്.
8. നിർധനരായ വൃദ്ധൻമാർ സംരക്ഷണമില്ലാതെയും സഹായമില്ലാതെയും ബുദ്ധിമുട്ടുന്നുണ്ട്.

സാധ്യതകൾ

1. ഐ.ആർ.ഡി.പി. ലിസ്റ്റ് ഉടനെ പുതുക്കണം. എല്ലാവർക്കും ധനസഹായം ലഭിക്കുന്നുണ്ടെന്നും അവർ തുക യഥാർത്ഥ ആവശ്യങ്ങൾക്ക് ഉപയോഗിച്ച് ജിവിത നിലവാരം മെച്ചപ്പെടുത്തുന്നുണ്ടെന്നും ഉറപ്പാക്കണം.
2. കക്കൂസ്, കുളിമുറി, അനുവദിക്കുന്നതിന് ബൃഹത്തായ പദ്ധതി വേണ്ടതാണ്.
3. പെൻഷനുകളെല്ലാം ഗ്രാമപഞ്ചായത്തിലേക്ക് മാറ്റപ്പെടണം.
4. പഞ്ചയാത്തിൽ ഒരു വൃദ്ധസദനം അനുവദിക്കണം.
5. സമ്പൂർണ്ണ മദ്യവർജ്ജനം നടപ്പിലാക്കണം.

# സംസ്കാരം



ഉത്തര കേരളത്തിലെ മറ്റേതൊരു ഗ്രാമത്തേയും പോലെ കുറുമാത്തൂരിനും മഹത്തായ ഒരു സാംസ്കാരിക പാരമ്പര്യം അവകാശപ്പെടാൻ കഴിയും. തലമുറകളായി കാർഷിക വൃത്തി യിലേർപ്പെട്ട ഒരു ഗ്രാമീണ ജനതയുടെ ഗോത്ര സംസ്കൃതിയുടെ മൂർത്തരൂപങ്ങളായ തിറകളും തെയ്യങ്ങളും അരങ്ങു തകർക്കുന്ന ഈ ഗ്രാമം മതസൗഹാർദ്ദത്തിന്റേയും മാനവികതയുടേയും വിള നിലമാണ്.

ഈ പഞ്ചായത്തിലെ ഒരു പ്രധാന ആരാധനാലയമായ മഴൂർ ശ്രീ. ബലഭദ്ര സ്വാമി ക്ഷേത്രം കേരളത്തിലെ അതിപുരാതന ക്ഷേത്രങ്ങളിലൊന്നാണ്. പ്രസിദ്ധമായ തൃച്ചംബരം ഉത്സവത്തിന് മഴൂർ ക്ഷേത്രത്തിൽ നിന്നുള്ള എഴുന്നള്ളത്ത് അനിവാര്യമാണ്. പഞ്ചായത്തിൽ 36 ഓളം ക്ഷേത്രങ്ങളും കോട്ടങ്ങളും കാവുകളു മുണ്ട്. ചൊറുക്കളനാഗം പ്രസിദ്ധമായ ഒരു സർപ്പക്കാവാണ്. ഈ ആരാധനാലയങ്ങളിൽ ആണ്ടുതോറും ആഘോഷിച്ചുവരുന്ന തിറകളും തെയ്യങ്ങളും ഉത്സവങ്ങളും ജനങ്ങളുടെ സാമൂഹ്യ ബോധത്തിന്റെയും കലാ സാംസ്കാരിക രംഗത്തെ വളർച്ചയുടെയും ഉത്തമ നിദർശനങ്ങളാണ്.

15 ഓളം മുസ്ലിം പള്ളികൾ ഈ പഞ്ചായത്തിലുണ്ട്. നബിദിനം മുതലായ ചില ആഘോഷങ്ങൾ ഇവിടെ നടക്കാറുണ്ട്. പന്നിയൂർ, മഴൂർ, കുറുമാത്തൂർഡയറി എന്നിവിടങ്ങളിലാണ് ഏതാനും ക്രിസ്തുമത വിഭാഗത്തിൽ പെട്ടവരുള്ളത്. 1950 കളിലാണ് കൃസ്ത്യാനികൾ കുടിയേറിപ്പാർക്കാൻ തുടങ്ങിയത്. ഈ പഞ്ചായത്തിതൽ രണ്ടു ക്രൈസ്തവാരാധനാലയങ്ങളുണ്ട്.

ഹിന്ദുമതവും ഇസ്ലാംമതവും ക്രിസ്തുമതവുമാണ് ഇവിടുത്തെ പ്രധാന മതങ്ങൾ. ഹിന്ദുക്കളാണ് കൂടുതൽ. രണ്ടാം സ്ഥാനം മുസ്ലിംങ്ങൾക്കാണ്. ക്രൈസ്തവർ വളരെ കുറവാണ്. അവരിൽ നല്ലൊരു വിഭാഗം ഹിന്ദുപട്ടികജാതി വിഭാഗത്തിൽ നിന്നും മതപരിവർത്തനം ചെയ്യപ്പെട്ടവരാണ്. മതസൗഹാർദ്ദവും സമുദായ മൈത്രിയും പണ്ടുമുതലേ ഇവിടെ നിലനിൽക്കുന്നു. മത സംഘർഷമോ വർഗീയ കലഹമോ എന്നെങ്കിലും നടന്നതായി കേട്ടുകേൾവി പോലുമില്ല.

തുലാം 10 മുതൽ മേടം വരെ കളിയാട്ടക്കാലമാണ്. കൊയ്ത്തു കഴിഞ്ഞ പാടത്തു നടന്നുവരുന്ന 'വയൽതിറകൾ' പണ്ടുകാലത്തെ പോലെ വ്യാപകമല്ലെങ്കിലും ഇന്നും നിലനിൽക്കുന്നു. പകർച്ചവ്യാധികളെ പ്രതിരോധിക്കാൻ തെയ്യം കെട്ടിയാടിക്കുക പഴയകാലത്ത് പതിവുണ്ടായിരുന്നു.

മതപരവും ജാതീയവുമായ പല പ്രാചീന ആചാരങ്ങളും അനുഷ്ഠാനങ്ങളും അപ്രത്യക്ഷ മായിക്കൊണ്ടിരിക്കുന്നു. 'അയിത്തം' ഇന്നില്ല. ജാതീയമായ തൊഴിൽ വിഭജനമോ തീണ്ടലോ ഒരിടത്തും ഇന്നു നിലനിൽക്കുന്നില്ല. കർഷക കുടുംബങ്ങൾ ആചരിച്ചുവന്ന 'നിറപുത്തരി' ഇല്ലാതായി. "ഗന്ധർവൻ പാട്ട്, കുറുന്തിനി, മലയൻകെട്ട്, കളംപാട്ട്, കണ്ണേറുപാട്ട്, കോതാമൂരി" തുടങ്ങിയ അനുഷ്ഠാനങ്ങളും

തെരണ്ടുകല്ല്യാണം, വണ്ണാത്തിമാറ്റ്, മന്ത്രിച്ചുകെട്ടൽ, ജപിച്ചൂതൽ, മുതലായ അനാചാരങ്ങളും മിക്കവാറും അസ്തമിച്ചിരിക്കുന്നു.

പാരമ്പര്യ അനുഷ്ഠാനകലകളിൽ പ്രഥമഗണനീയം തെയ്യം തന്നെ. വണ്ണാൻ, മലയൻ, വേലൻ മുതലായവർ കുലത്തൊഴിലായി അനുഷ്ഠിച്ചു വരുന്ന കലയാണ് തെയ്യംകെട്ടൽ. തലമുറകളായി കൈമാറിവന്ന ഈ സിദ്ധി അവർ ഇന്നും നിലനിർത്തുന്നു.

ഒതേനപ്പെരുവണ്ണാൻ(പനക്കാട്) കോരപ്പെരുവണ്ണാൻ(മുയ്യം) രാമപ്പെരുവണ്ണാൻ(കരിമ്പം) കണ്ണൻപണിക്കർ(വരടൂൽ) കേളപ്പൻ പെരുമലയൻ(കുറുമാത്തൂർ) മുതലായ മൺമറഞ്ഞ പ്രശസ്ത തെയ്യം കലാകാരന്മാർ ബാല്യംതൊട്ട് ജീവിതാന്ത്യംവരെ അരങ്ങു നിറഞ്ഞാടിയവരായിരുന്നു.

പ്രശസ്ത കഥകളി ആചാര്യൻ ഗുരു ചന്തുപ്പണിക്കരുടെ നേതൃത്വത്തിൽ ഒരു കഥകളി സംഘം 1930 കളിൽ കുറുമാത്തൂരിൽ പ്രവർത്തിച്ചിരുന്നു. കാനാ കണ്ണനാശാൻ, മഴൂർ നാരായണൻ നായർ മുതലായവർ ഈ സംഘത്തിലെ പ്രമുഖരായിരുന്നു. അന്തരിച്ച കുറുമാത്തൂർ മാധവൻ മികവുറ്റ കഥകളി നടനും തുള്ളൽകാരനുമായിരുന്നു.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ സാമൂഹ്യരാഷ്ട്രീയമാറ്റങ്ങളെ തുടർന്നു നാട്ടിലെമ്പാടും കലാസമിതികളും നാടകസമിതികളും ഗ്രന്ഥാലയങ്ങളും ഉയർന്നുവന്നു. ജനകീയകലകളുടെ വളർച്ചക്കനുകൂലമായ ഒരന്തരീക്ഷം സംജാതമായി. 1930 കളിൽ പൂമംഗലത്ത് എ.കെ. ഗോവന്ദനാശാൻ ഒരു നാടകക്കളരി നടത്തിയതായി പറഞ്ഞുവരുന്നു. ഉൾ നാടുകളിലെ കലാഭിരുചിയുള്ള യുവതീ യുവാക്കളെ കണ്ടെത്തുന്നതിന്ന് കലാസമിതികളുടെ പ്രവർത്തനം സഹായകമാകുന്നു.

നാടകരംഗത്തെ വളർച്ച കലാസമിതി വാർഷികങ്ങളിലൊതുങ്ങുന്നു. സാഹിത്യത്തിൻെറയും മറ്റു ലളിത കലകളുടെയും വളർച്ച ആശാവഹമല്ല. പൂരക്കളിക്ക് ഈ പഞ്ചായത്തിൽ വേരില്ല. കോൽക്കളി പലഭാഗങ്ങളിലും നില നിൽക്കുന്നുണ്ട്. ഒരുകാലത്ത് നമ്മുടെ നെൽവയലുകളിൽ മാറ്റൊലികൊണ്ട 'നാട്ടിപ്പാട്ടുകൾ'(ഞാറ്റു പാട്ടുകൾ) ഇന്ന് തിരോഭവച്ചിരിക്കുന്നു.

ജീവിതത്തിൻെറ സമസ്തമേഖലകളിലും കേരളത്തനിമ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ആധുനീക ഇലകട്രോണിക് മാധ്യമങ്ങളുടെ ഇരച്ചുകയറ്റവും ഉപഭോഗ സംസ്കാരത്തിൻെറ ആഡംബരവ്യാപനവും ഗ്രാമീണ ജീവിതത്തിൻെറ പരിശുദ്ധിയേയും ലാളിത്യത്തേയും ഒട്ടൊന്നുമല്ല ചോർത്തിക്കളഞ്ഞത്.

## ഗ്രന്ഥശാലകൾ, കലാസമിതികൾ

ഈ പഞ്ചായത്തിൽ 50 ലേറെ ഗ്രന്ഥശാലകളും വായനശാലകളും കലാകായിക സ്ഥാപനങ്ങളുമുണ്ട്. ഗ്രാമത്തിലെ ജനവിദ്യാഭ്യാസമടക്കമുള്ള പുരോഗമന പ്രവർത്തനങ്ങൾക്ക് ഊർജം പകരേണ്ട ഈ സ്ഥാപനങ്ങളിൽ പലതും ഇന്ന് നിർജീവമാണ്. നല്ലനിലയിൽ പ്രവർത്തിക്കുന്ന ഏതാനും നല്ല സമിതികളും ഈ പഞ്ചായത്തിലുണ്ട്.

മിക്ക ഗ്രന്ഥാലയങ്ങളിലും വേണ്ടത്ര പുസ്തകങ്ങളില്ല. വായനക്കാരുടെ എണ്ണം കുറഞ്ഞുവരുന്നു. പുസ്തകവിതരണമാകട്ടെ ചുരുങ്ങിവരുകയും ചെയ്യുന്നു.

മിക്കവാറും എല്ലാ മലയാള ദിനപത്രങ്ങളും വാരികകളും മാസികകളും ഒന്നു രണ്ടു ഇംഗ്ലീഷ് ദിനപത്രങ്ങളും പഞ്ചായത്തിൽ പ്രചരിക്കുന്നുണ്ട്. റേഡിയോ, ടെലിവിഷൻ മുതലായവയുടെ പ്രചാരം ഗ്രന്ഥ പാരായണത്തെ പ്രതികൂലമായി ബാധിക്കുന്നു. ലക്ഷ്യബോധമുള്ള വായന വളർത്തുന്നതിനു ബോധവൽക്കരണം ആവശ്യമാണ്. പുതിയ മാധ്യമങ്ങളുടെ കുത്തൊഴുക്കിൽപെട്ട് നശിച്ചുപോകുന്ന നമ്മുടെ തനതു കലകളെ ഉദ്ധരിക്കുനതിന് കലാസമിതികൾ മുന്നിൽനിന്ന് പ്രവർത്തിക്കണം.

### കായികരംഗം

ഈ പഞ്ചായത്തിൽ 15ഓളം സ്പോർട്സ് ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കായികരംഗത്ത് പറയത്തക്ക നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടില്ല. സ്പോർട്സിൽ പരിശീലനം നൽകുന്ന പ്രത്യേകസ്ഥാപനങ്ങളൊന്നും തന്നെയില്ല. വിദ്യാലയങ്ങളിലെ കായികനിലവാരവും അത്ര മെച്ചപ്പെട്ടതല്ല. യു.പി. സ്കൂളുകളിൽ കായികാധ്യാപകർ ഇല്ലാത്തതിനാൽ കുട്ടികളുടെ പരിശീലനത്തെ ബാധിക്കുന്നു.

ഫുട്ബാൾ, വോളിബാൾ, ക്രിക്കറ്റ് എന്നിവയാണ് പ്രധാന കളികൾ. നമ്മുടെ നാടൻ കളികളായ 'ഇട്ടിയും കോലും', 'തലപ്പന്ത്' മുതലായവ കളിക്കാനായി സ്കൂളുകൾക്ക് കളിസ്ഥലവും പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയവും അത്യാവശ്യമാണ്. പഞ്ചായത്തുതലത്തിൽ കായികമേള സംഘടിപ്പിക്കുന്നത് പ്രോത്സാഹജനകമായിരിക്കും.

**പ്രശ്നങ്ങൾ**

1. ഗ്രാമീണ കലാകായിക വിനോദങ്ങൾക്ക് പ്രോത്സാഹനമില്ല. നല്ലകളിക്കളങ്ങളുടെ അഭാവമുണ്ട്.
2. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം ലക്ഷ്യബോധമുള്ള വായനയെ പ്രധിരോധിക്കുന്നു.
3. ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ സജീവമല്ല.
4. കലാസാംസ്കാരികരംഗത്ത് പുത്തൻ പ്രതിഭകളെ കണ്ടെത്തുന്നില്ല.
5. ബോധവൽക്കരണം നടക്കുന്നില്ല.
6. അശ്ലീല സിനിമകളുടെ വ്യാപനം.(ഉദാ: ഉച്ചപ്പടം) യുവതീ യുവാക്കളെ വഴിതെറ്റിക്കുന്നു.
7. പഞ്ചായത്തു തലത്തിൽ കാലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് കോ-ഓർഡിനേഷനില്ല.
8. ചിത്രകതല, സംഗീതം, അഭിനയം എന്നിവകളിൽ പരിശീലനം നൽകുന്നില്ല. സമിതികളോ മറ്റു സ്ഥാപനങ്ങളോ ഇല്ല.

**സാദ്ധ്യതകൾ**

1. നാടൻപാട്ടുകൾ, നാടൻകലകൾ, നാട്ടറിവുകൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കലാസമിതികൾ ഏറ്റെടുക്കുക.
2. പഞ്ചായത്ത് തലത്തിൽ കലാകായികമേളകൾ സംഘടിപ്പിക്കുക.
3. സ്കൂളുകളോടനുബന്ധിച്ചും മറ്റും കളിസ്ഥലങ്ങളുണ്ടാക്കുക.
4. യു.പി. സ്കൂളുകളിൽ ഫിസിക്കൽ എഡ്യുക്കേഷൻ ടീച്ചർമാരെ നിയമിക്കുക.
5. ഇലക്ട്രോണിക് മാധ്യമങ്ങളെ ശരിയായി ഉപയോഗിക്കുവാനുള്ള ബോധവൽക്കരണം നടത്തുക.
6. ഗ്രന്ഥാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. കൂടുതൽ വായനക്കാരെ വളർത്തുക.
7. പൈങ്കിളി സാഹിത്യത്തിനും ലൈംഗീക സിനിമക്കും എതിരേ ബോധവൽക്കരണം നടത്തുക.
8. വർദ്ധിച്ചുവരുന്ന വിവാഹധൂർത്തിനും ആഡംബരത്തിനും ഉപഭോഗ സംസ്കാരവ്യാപനത്തിനുമെതിരെ സാംസ്കാരിക പ്രധിരോധം സംഘടിപ്പിക്കുക.

## വായനശാലകളും സ്പോർട്സ്-ആർട്സ് ക്ലബ്ബുകളും

1. ഗ്രാമീണവായനശാല, കൂനം.
2. കൃഷ്ണപ്പിള്ള സ്മാരക വായനശാല. ചവനപ്പുഴ.
3. എ.കെ.ജി. സ്മാരക വായനശാല. കുറുമാത്തൂർ.
4. യുവജന വായനശാല. പന്നിയൂർ.
5. പൊതുജന വായനശാല. മുണ്ടേരി.
7. പൊതുജന വായനശാല. മുയ്യം.
8. എ.കെ.ജി. വായനശാല. പള്ളിവയൽ.
9. കുഞ്ഞാലി സ്മാരക വായനശാല. കാലിക്കടവ്.

10. കൃഷ്ണപ്പിള്ള വായനശാല. ചെപ്പനൂൽ
11. പൊതുജന വായനശാല. വടക്കാഞ്ചേരി.
12. കാളിദാസൻ സ്മാരക വായനശാല. വൈത്തല.
13. നെഹ്റു സ്മാരക വായനശാല കുറുമാത്തൂർ.
14. പൊതുജന വായനശാല വരഡൂൽ.
15. ദേശീയ വായനശാല. ചെറുകര.
16. യുവജന വായനശാല. കരിമ്പം.
17. ഉബൈദ് സ്മാരക വായനശാല. പൂമങ്കലം.
18. നവോദയ വായനശാല. പാറാട്.
19. ജെ.പി. മന്ദിരം. മുണ്ടേരി.
20. സുപ്രഭ കലാനിലയം. ചവനപ്പുഴ.
21. യുവജന കലാവേദി. മഴൂർ.
22. ഗ്രാമീണ വായനശാല. മഴൂർ.
23. കെ.വി. സുധീഷ് സ്മാരക വായനശാല. കിഴക്കെ മഴൂർ.
24. കെ.കെ.എൻ. പരിയാരം സ്മാരക കലാസമിതി ആൻറ് ഗ്രന്ഥാലയം. പൂമംഗലം.
25. സഞ്ജയ് യൂത്ത് സെൻറർ. പൂമംഗലം.
26. പ്രിയദർശിനി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്. ചവനപ്പുഴ.
27. നവഭാവന ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്. ചെമ്പുല്ലാഞ്ഞി.
28. പ്രിയദർശിനി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്. കൂനം.
29. റയിൻബോ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്. പൂമംഗലം.
30. ഗ്രീൻയങ് ആർട്സ് ഫോറം. പൂമംഗലം.
31. ശങ്കരദാസൻ മെമ്മോറിയൽ വായനശാല. ചവനപ്പുഴ.
32. യുവധാര ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്. കൂനം.
33. ദീൻ ദയാൽജി സ്മാരക സേവാ സമിതി. മഴൂർ.
34. ജാസ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്. പൂമംഗലം.
35. കെ.കെ.എൻ. പിരയാരം സ്മാരക വായനശാല. പനക്കാട്
36. എ.കെ.ജി. സ്മാരക കലാസമിതി. കുറുമാത്തൂർ ഡയറി.
37. നവരംഗം കലാസമിതി. വരഡൂൽ.
38. സപ്തചേതന. വരഡൂൽ.
39. കൈരളി കലാകേന്ദ്രം. മുയ്യം.
40. ഭാവന തിയേറ്റേഴ്സ്. മുയ്യം.
41. റെഡ്സ്റ്റാർ. പള്ളിവയൽ.
42. സൂര്യ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്. ചെപ്പനൂൽ.
43. കലാസമിതി. മുണ്ടേരി.
44. എ.കെ.ജി. സ്മാരക വായനശാല. കീരയാട്.
45. വിന്നേഴ്സ്. കാരാക്കുടി.
46. എ.കെ.ജി. ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്. കാലിക്കടവ്.
47. ചാലാഞ്ചേർസ്. പനക്കാട്.
48. അൽ അമീൻ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്. പന്നിയൂർ-പള്ളിവയൽ.
49. ദീപം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്. ചോല.
50. ചേതക് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്. കൂനം.

51. ന്യൂ യുവശക്തി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്. കൂനം.
52. നഹ്റു യൂത്ത്സെൻറർ. ചെറുകര.
53. ക്രസൻറ് സ്പോർട്സ് ക്ലബ്ബ്. പുതുക്കണ്ടം.
54. യുവജന വായനശാല. കോട്ടുപുറം.
55. യുവജനസംഘം വായനശാല. കുറുമാത്തൂർ സെൻറർ.
56. യുവധാര. കരിമ്പം.
57. നെഹ്റു യൂത്ത്സെൻറർ. പൂമംഗലം.

## കുറുമാത്തൂർ പഞ്ചായത്തിലെ ആരാധനാലയങ്ങളുടെ പേര് വിവരം

1. ബലഭദ്രസ്വാമി ക്ഷേത്രം. മഴൂർ.
2. സോമേശ്വരി ക്ഷേത്രം. പൂമംഗലം.
3. തിരുവമ്പാടി ക്ഷേത്രം. മഴൂർ.
4. ശ്രീ കൃഷ്ണ ക്ഷേത്രം. ചവനപ്പുഴ.
5. ലക്ഷ്മി നാരായണ ക്ഷേത്രം. വരഡൂൽ.
6. പെരുമ്പ ക്ഷേത്രം. കുറുമാത്തൂർ.
7. കങ്കാണംചാൽ വിഷ്ണു ക്ഷേത്രം. പനക്കാട്.
8. ഭഗവതി ക്ഷേത്രം. വൈത്തല.
9. മേത്രക്കോവിൽ ക്ഷേത്രം. മഴൂർ.
10. ശ്രീ കൃഷ്ണ ക്ഷേത്രം. ഇരുവേശി.
11. ശ്രീ കൃഷണ ക്ഷേത്രം. വടക്കേടത്ത്-മുണ്ടേരി.
12. വരിക്കോട്ട ഇല്ലം ക്ഷേത്രം. പുല്ലാഞ്ഞിയോട്.
13. അനോന്തചാൽ ശ്രീ കൃഷ്ണ ക്ഷേത്രം. ചെപ്പനൂൽ.
14. അയ്യപ്പക്ഷേത്രം. കൂനം.
15. അയ്യപ്പക്ഷേത്രം. താന്നിക്കുന്ന്.
16. വേട്ടക്കൊരുമകൻ കോട്ടം. പന്നിയൂർ.
17. പുള്ളിവേട്ടക്കൊരുമാൻ കോട്ടം. വൈത്തല.
18. പയറ്റിയാൽ കോട്ടം. പന്നിയൂർ.
19. കളരിക്കൽ കോട്ടം. മഴൂർ.
20. ചോന്നമ്മ കോട്ടം. കൂനം.
21. കുന്നുമ്മൽ കോട്ടം. കീരിയാട്.
22. നെല്ലിയോട് കാവ്. മഴൂർ.
23. വെള്ളൂത്തൂൽ കാവ്. വടക്കാഞ്ചേരി.
24. മുച്ചിലോട്ട് കാവ്. കുറുമാത്തൂർ.
25. മുച്ചിലോട്ട് കാവ്. മുയ്യം.
26. കണ്ടത്തിൽ കാവ്. കരിമ്പം.
27. പുതിയ ഭഗവതി കാവ് വൈത്തല.
28. വളയങ്ങാടി കാവ്. ചവനപ്പുഴ.
29. വരഡൂൽ ചാമുണ്ഡിസ്ഥാനം. മുയ്യം.
30. ആശാരി കോട്ടം. വരഡൂൽ.
31. പുലയർ കോട്ടം. കവിടങ്ങാട്.
32. ചൊറുക്കളനാഗം. ചൊറുക്കള.

33. ആലയാട് ഭഗവതി ക്ഷേത്രം. പൂമംഗലം.
34. അയ്യപ്പമഠം. ചെറുകര.
35. ചുയിപ്പാൽ വയൽ ഭഗവതി സ്ഥാനം. കണിച്ചാമൽ.
36. ചൂളയിൽ അമ്പലം. പനക്കാട്.

## മുസ്ലിം പള്ളികൾ

1. പന്നിയൂർ ജുമാ മസ്ജിദ്. പള്ളിവയൽ
2. പുതുക്കണ്ടം ജുമാ മസ്ജിദ്.
3. ബദർ പള്ളി. എസ്.പി. ബസാർ.
4. രിഫാഇ മസ്ജിദ്. പന്നിയൂർ.
5. മദീനാ മസ്ജിദ്, കാരാക്കുടി റോഡ്.
6. പൂവം റഹ്മാനിയ പള്ളി.
7. നൂർ മസ്ജിദ്. മഴൂർ.
8. ഹലീലുള്ള മസ്ജിദ്. പൂമംഗലം.
9. ജുമാ മസ്ജിദ്. കൂനം.
10. വരടൂൽ മൊയ്തീൻ പള്ളി.
11. കുറുമാത്തൂർ ജുമാ മസ്ജിദ്.
12. ഫാറൂക്ക് ജുമാ മസ്ജിദ്, കുറുമാത്തൂർ കോട്ടുപുറം
13. പൊക്കുണ്ട് ജുമാ മസ്ജിദ്.
14. കീരിയാട് ജുമാ മസ്ജിദ്.
15. മുയ്യം ജുമാ മസ്ജിദ്.
16. കരിമ്പം ജുമാ മസ്ജിദ്.
17. ബാവുപ്പറമ്പ് ബദർപള്ളി.
18. ചൊറുക്കള ജുമാ മസ്ജിദ്.
19. മൊയ്തീൻ പള്ളി, കോട്ടപ്പുറം.
20. ബദർ പള്ളി, കുറുമാത്തൂർ സെൻറർ.
21. അൽ-മഖർ ജുമുഅ: മസ്ജിദ്, ദാറുൽ അമാൻ(കാലിക്കടവ്)

## കൃസ്ത്യൻ പള്ളികൾ

1. സെൻെറ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, കരിമ്പം.
2. ഫാ. സുക്കൂൾസ് കൃസ്ത്യൻ ചർച്ച്, പൂവ്വം.

# വനിതാക്ഷേമം



കുറുമാത്തൂർ പഞ്ചയാത്തിൽ തൊഴിലെടുക്കുന്ന സ്ത്രീകൾ ഭൂരിഭാഗവും കാർഷിക മേഖലയിലാണ്. മുൻകാലങ്ങളിൽ നിസ്സാര കാരണങ്ങളാൽ വിവാഹബന്ധം ഉപേക്ഷിക്കലും പുനർവിവാഹവും സർവ്വസാധാരണമായിരുന്നു. സ്ത്രീകളോടുള്ള അതിക്രമം വളരെ കൂടുതലായിരുന്നു. എന്നാൽ ഇന്ന് ഈ സ്ഥിതി ഏറെക്കുറെ അവസാനിച്ചിരിക്കുന്നു. അതിക്രമങ്ങൾ കുറെയെങ്കിലും റിപ്പോർട്ട് ചെയ്യപ്പെടുന്നതുകൊണ്ട് ജനശ്രദ്ധ പതിയുന്നുണ്ട്. എന്നിരുന്നാലും സ്ത്രീകളുടെ പിന്നോക്കാവസ്ഥ പലരംഗങ്ങളിലും തുടരുകയാണ്. അവരുടെ പരാശ്രയത്വം അവസാനിപ്പിക്കാനുള്ള നടപടികൾ തുടരേണ്ടതാണ്.

ഈ പഞ്ചായത്തിൽ 11433 സ്ത്രീകളുണ്ട്. ഇത് ആകെ ജനസംഖ്യയുടെ 51.01% മാത്രമാണ്. പുരുഷൻമാരെക്കാൾ സ്ത്രീകളായിരുന്നു എക്കാലവും എണ്ണത്തിൽ കൂടുതൽ. സ്ത്രീ-പുരുഷ അനുപാതം 1044:1000 ആണ്. ഇത് കേരള അനുപാതമായ 1036:1000ത്തിൽ അധികവും ജില്ലാ അനുപാതമായ 1101:1000ത്തിൽ താഴെയുമാണ്. വിദ്യാഭ്യാസരംഗത്ത് ആൺ–പെൺ അനുപാതം ഏകദേശം തുല്യമാണ് (സാങ്കേതിക വിദ്യാഭ്യാസമൊഴികെ). പക്ഷെ ഈ വർദ്ധിച്ച സ്ത്രീ വിദ്യാഭ്യാസം സമൂഹത്തിന് നേട്ടമാകുന്നില്ല. വിദ്യാഭ്യാസം നേടുന്നതുകൊണ്ടുമാത്രം സ്ത്രീകൾക്ക് സ്വയം പര്യപ്തമാകാൻ കഴിയുന്നില്ല. വിദ്യാഭ്യാസം വിവാഹത്തിനുള്ള ഒരു യോഗ്യതയായി മാത്രം കാണുന്ന സ്ഥിതിയുണ്ട്. മുസ്ലിം പട്ടികജാതി വിഭാഗങ്ങളിൽ ചെറിയ ശതമാനം പെൺകുട്ടികൾ വിദ്യാലയത്തിൽനിന്ന് കൊഴിഞ്ഞുപോകുന്നുണ്ട്. ബാല്യവിവാഹം ഇതിന്നൊരു കാരണമാണ്. തൊഴിൽമേഖലയിൽ വിദ്യാസമ്പന്നകളായ സത്രീകളുടെ പങ്കാളിത്തം കുറവാണ്. സർവ്വീസ് മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം 23% മാത്രമാണ്. ഗാർഹിക ജോലികൾ ചെയ്യുന്നവരാണ് ഏറിയ പങ്കും. സ്ത്രീകൾ തൊഴിലെടുക്കുന്ന പ്രധാന മേഖല കാർഷിക വൃത്തിതന്നെ. പക്ഷെ തൊഴിൽ ഭാഗികമാണ്. കെട്ടിട നിർമ്മാണം, ചെങ്കൽ മേഖല, അധ്യാപനം, പശുപരിപാലനം, കശുവണ്ടി ശേഖരണം എന്നീ തുറകളിലും സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. തൊഴിൽ മേഖലയിൽ കൂലിനിരക്ക് സ്ത്രീകൾക്ക് പുരുഷന്മാരെക്കാൾ കുറവാണ്. തഴപ്പായ നർമ്മാണം മാത്രമാണ് ഇവരുടെ ഇടയിലുള്ള പരമ്പരാഗത തൊഴിൽ.

**കൂലിനിരക്ക്**

| ഇനം | പുരുഷൻ | സ്ത്രീ |
|---|---|---|
| കൃഷി | 100 | 50 |
| കെട്ടിട നിർമ്മാണം | 125 | 60 |
| ചെങ്കൽ മേഖല | 80 | 60 |

രോഗാതുരതയിൽ സ്ത്രീകൾ പുരുഷന്മാരെക്കാൾ മുന്നിലാണ്. സ്ത്രീരോഗങ്ങൾക്ക് പി.എച്ച്.സി.യുടെയും തളിപ്പറമ്പ് താലൂക്ക് ആശുപത്രിയുടെയും സേവനം വളരെ പരിമിതമാണ്.

സ്ത്രീകൾ കുടുംബനാഥകളായ 25% കുടുംബങ്ങളുണ്ട്. പുരുഷന്മാരുടെ പൂർണ്ണ ആശയത്തിൽ കേവലം കുട്ടികളെ പരിചരിക്കുക, പാചകം തുടങ്ങിയ വീട്ടുജോലികൾ മാത്രംചെയ്ത് പോരുന്ന കുടുംബങ്ങളാണ് എണ്ണത്തിലധികവും അത്തരം സ്ത്രീകളെ ഭാഗികമായി ഉൽപാദന മേഖലകളിലേക്ക് (ഉദാ: പച്ചക്കറി, പശു, കോഴി, ആടുവളർത്തൽ) കൊണ്ടുവരാവുന്നതാണ്. സ്ത്രീകൾക്ക് വീട്ടുജോലികളിൽ പുരുഷൻമാരുടെ സഹായം വളരെ പരിമിതമായെ ലഭിക്കുന്നുള്ളൂ.

വിധവാ പെൻഷൻലഭിക്കുന്ന 126 സ്ത്രീകൾ പഞ്ചായത്തിലുണ്ട്. അർഹതയുള്ള മുഴുവൻ പേർക്കും ലഭിച്ചിട്ടില്ല.

പഞ്ചായത്തിൽ താഴെകൊടുക്കുന്ന ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റുകളുണ്ട്.

| വാർഡ് | തൊഴിൽ സംരംഭം | ആരംഭിച്ച വർഷം | അംഗങ്ങൾ | പ്രവർത്തനക്ഷമത |
|---|---|---|---|---|
| 3 | ഡയറിയൂണിറ്റ് | 1990-91 | 10 | പ്രവർത്തിക്കുന്നുണ്ട്. |
| 10 | ഡയറിയൂണിറ്റ് | 1992-93 | 10 | പ്രവർത്തിക്കുന്നുണ്ട്. |
| 8 | ഹോട്ടൽ | 1992-93 | 10 | 1995മുതൽ പ്രവർത്തിക്കുന്നില്ല. പൂട്ടിയിരിക്കുന്നു. |
| 3 | ഗാർമെൻറ് യൂണിറ്റ് | 1993-94 | 10 | പ്രവർത്തിക്കുന്നുണ്ട്. |
| 10 | റെക്സിൻ വർക്സ് | | 10 | പ്രവർത്തിക്കുന്നുണ്ട്. |
| 5,8 | പഴസംസ്കരണം | 1996-97 | 10 | പ്രവർത്തനം തുടങ്ങിയിട്ടില്ല. |

ആറ് യൂണിറ്റുകളിൽ ഒന്ന് ആരംഭഘട്ടത്തിലാണ്. നാലെണ്ണം പ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ഒരു യൂണിറ്റ് (ഹോട്ടൽ വ്യവസായം) ഇപ്പോൾ നടക്കുന്നില്ല. സ്ഥാപനം നടത്തുന്നതിലെ കഴിവുകേട്, നേതൃത്വഗുണമില്ലായ്മ, അംഗങ്ങളുടെ കൂട്ടായ പ്രവർത്തനത്തിൻെറ അഭാവം, ശരിയായ മേൽനോട്ടമില്ലായ്മ എന്നിവ ഈ സ്ഥാപനത്തിൻെറ പരാജയത്തിന് വഴിതെളിയിച്ചതായി കാണുന്നു.

പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. വായനശാലകൾ, ക്ലബ്ബുകൾ എന്നിവ വിരലിലെണ്ണാവുന്ന സ്ത്രീകൾ മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. കലാകായികരംഗത്തും സ്ഥിതി വ്യത്യസ്ഥമല്ല. സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ പൂർണ്ണസമയം ഇറങ്ങി പ്രവർത്തിക്കുന്ന സ്ത്രീകൾ ഇല്ല. ഏകദേശം 15 ഓളം സ്ത്രീകൾ ഭാഗികമായി ഈ രംഗത്തുണ്ട്. എല്ലവാർഡുകളിലും മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം നാമമാത്രമാണ്.

### പ്രശ്നങ്ങൾ

1. ജനസംഖ്യയിൽ കൂടുതൽ സ്ത്രീകളായിട്ടും പൊതുരംഗങ്ങളിൽ സ്ത്രീപങ്കാളിത്തം വളരെ കുറവാണ്.
2. മിക്ക മേഖലകളിലും പുരുഷാശ്രയത്വം നിലനിൽക്കുന്നു.
3. വായനശാലകൾ, ക്ലബ്ബുകൾ എന്നിവയിൽ സ്ത്രീ പങ്കാളിത്തം വളരെ പരിമിതമാണ്.
4. സ്ത്രീകൾക്ക് ചെയ്യാവുന്ന തൊഴിലുകളിൽ ഏർപ്പെടാനുള്ള താൽപര്യക്കുറവ്
5. ബാല്യവിവാഹം ഇപ്പോഴും നടന്നുവരുന്നുണ്ട്.
6. സ്ത്രീകൾക്ക് കുടുംബത്തിൻെറ ഉത്തരവാദിത്തംകൊണ്ട് പൊതുപ്രവർത്തനത്തിന് സമയം കിട്ടുന്നില്ല.
7. സ്ത്രീ തൊഴിലുകൾക്ക് കൂലി കുറവാണ്, പ്രത്യേകിച്ച് കാർഷിക രംഗത്ത്.
8. സ്ത്രീകൾ കൂടുതലായി സാങ്കേതിക പരിശീലന രംഗത്ത് വരുന്നില്ല.
9. പുരുഷന്മാരുടെ മദ്യപാനംമൂലം സ്ത്രീകൾക്ക് കഷ്ടപ്പാടുണ്ട്.
10. വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്കാവശ്യമായ മൂത്രപ്പുരകളും കക്കൂസുകളുമില്ല.

11. മഹിളാസമാജങ്ങൾ പ്രവർത്തനക്ഷമമല്ല.
12. ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

**സാധ്യതകൾ**

1. സ്ത്രീകളുടെ കൂലി നിരക്ക് ആകർഷമാക്കണം.
2. കാർഷിക രംഗത്ത് സ്ത്രീകളെ പിടിച്ചുനിർത്താനുള്ള പ്രവർത്തനങ്ങൾ ചെയ്യണം.
3. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ബോധവൽക്കരണം.
4. സ്വയം തൊഴിലിൽ ഏർപ്പെടാനുള്ള സ്ത്രീകളുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് പരിശീലനങ്ങൾ.
5. വീട്ടുപറമ്പിൽ പശു, കോഴി, ആടുവളർത്തൽ, പച്ചക്കറികൃഷി എന്നിവ ചെയ്യുക.
6. കലാ കായിക രംഗങ്ങളിൽ കൂടുതൽ പരിശീലനം.
7. കുടുംബത്തിന്റെ ഉത്തരവാദിത്തത്തിൽ കൂടുതൽ പുരുഷ പങ്കാളിത്തം.
8. മഹിളാസമാജങ്ങൾക്ക് കെട്ടിടങ്ങളും പ്രവർത്തന സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുക്കൽ.
9. ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റുകൾക്ക് മേൽ കൂടുതൽ ഫലപ്രദമായ മേൽനോട്ടം.
10. സ്കൂളുകളിൽ പെൺകുട്ടികൾക്ക് ആവശ്യമായ മൂത്രപ്പുരകൾ, കക്കൂസുകൾ സ്ഥാപിക്കൽ.



# സഹകരണം

20നൂറ്റാണ്ടിന്റെ രണ്ടാം ദശകാരംഭത്തിൽ തന്നെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം ഉടലെടുത്തുരുന്നു. 1914ൽ കുറുമാത്തൂരില്ലതെ പാട്ടക്കുടുയാന്മാരെ സംഘടിപ്പിച്ച് ആരംഭിച്ച ഐക്യനാണയ സംഘമാണ് ആദ്യത്തെ സംരംഭം. തുടർന്ന് 1916ൽ പൂമംഗലത്തും 1040ൽ മുയ്യത്തും ഐക്യനാണയ സംഘങ്ങൾ രൂപംകൊണ്ടു. പരിമിതമായ കടാശ്വാസ പദ്ധതികൾമാത്രം ലക്ഷ്യമാക്കിയിരുന്ന ഇവയെ സംയോജിപ്പിച്ചാണ് 27-11-1972ൽ കുറുമാത്തൂർ സർവീസ് സഹകരണ ബേങ്ക് ക്ലിപ്തം നമ്പർ. സി. 362 സ്ഥാപിക്കപ്പെട്ടത്.

പഞ്ചായത്തിൽ നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ താഴെ കൊടുക്കുന്നു.

## 1. കുറുമാത്തൂർ സർവീസ് സഹകരണ ബേങ്ക് ക്ലിപ്തം നമ്പർ. സി. 362.

കുറുമാത്തൂർ പഞ്ചായത്ത് പ്രവർത്തന പരിധിയായി നിശ്ചയിച്ചുകൊണ്ട് 1972ൽ സഹകരണ മേഖലയിൽ സ്ഥാപിക്കപ്പെട്ട ക്രഡിററ് സഹകരണ സ്ഥാപനമാണ്. ചൊറുക്കള ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇതിന്റെ പന്നിയൂർ ശാഖ പൂവത്ത് പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ജനങ്ങളുടെമുഖ്യ കാർഷിക ധനസഹായ സ്രോതസ്സായി പ്രവർത്തിക്കുന്ന ബേങ്ക്, വയ്പകൾ നല്കുകയും നിക്ഷേപങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു.

**പ്രശ്നങ്ങൾ**

1. ആവശ്യമായ ജീവനക്കാരില്ല.
2. ഡിപ്പാർട്ടുമെൻറിന്റെ തടസ്സവാദങ്ങൾ പുരോഗതിയെ തടയുന്നു.
3. ഫണ്ടുകളുടെ അപര്യാപ്തതമൂലം അംഗങ്ങളുടെ ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റാൻ കഴിയുന്നില്ല.
4. ബ്രാഞ്ചിന് സ്വന്തമായ ഓഫീസ് കെട്ടിടമില്ല.
5. വായ്പാ നിബന്ധനകൾ കാരണം സാധാരണ ജനങ്ങൾക്ക് വായ്പ ലഭിക്കുന്നതിന് തടസ്സമാകുന്നു.
6. കാർഷിക വായ്പാ വിനിയോഗം പൂർണ്ണമായും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കുന്നില്ല.
7. നിക്ഷേപങ്ങളിൽ ഏറിയ പങ്കും പഞ്ചായത്തിന് വെളിയിലുള്ള വാണിജ്യബേങ്കുകളിലേക്ക് വഴിമാറിപ്പോകുന്നു.

**സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ**

1. കണ്ണപ്പിലാവിൽ ബേങ്കിന്റെ ഒരു ശാഖയും കുറുമാത്തൂർ പൊക്കുണ്ടിൽ ഒരു സായാഹ്നശാഖയും ആരംഭിക്കുക.
2. ബേങ്കുകൾ നല്കുന്ന വായ്പകൾ സംബന്ധിച്ച് യഥാസമയം കൃഷിക്കാരെ അറിയിക്കാനുള്ള സംവിധാനം വേണം.
3. വായ്പ യഥാസമയം ആവശ്യത്തിന് ഉപയോഗിക്കുന്നതായി ഉറപ്പുവരുത്തണം.
4. പഞ്ചായതിലെ ജനങ്ങളുടെ വർദ്ധിച്ചുവരുന്ന കടാവശ്യങ്ങൾ നിർവഹിക്കാൻ ഉതകുംവിധം നിക്ഷേപം വർദ്ധിപ്പിക്കാൻ കഴിയണം.
5. വായ്പാ നിബന്ധനകൾ ഉദാരമാക്കണം.
6. വായ്പകൾ യഥാസമയം തിരിച്ചടക്കുന്ന അംഗങ്ങൾക്ക് പ്രോത്സാഹനം നൽകണം.

7. ഇടപാടുകാരും ജീവനക്കാരും തമ്മിൽ ഇന്നത്തേതിലുപരി സൗഹാർദ്ദം പുലർത്തണം.(അവലംബം ഗ്രാമസഭാ റിപ്പോർട്ട്).

8. സ്വയം തൊഴിൽ സംരംഭകർക്കും ചെറുകിട വ്യവസായങ്ങൾക്കും കൂടുതൽ വായ്പകൾ ഉദാരമായ വ്യവസ്ഥയിൽ നൽകണം.

## 2 കരിമ്പം ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 77 (ഡി)

ക്ഷീരോൽപാദന വിപണന രംഗത്ത് പഞ്ചായത്തിലെ ഏകസ്ഥാപനമായ കരിമ്പം ക്ഷീരോല്പാദന സഹകരണ സംഘം 1980 മുതൽ കരിമ്പം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു. കരിമ്പം, പൊക്കുണ്ട്, മുയ്യം എന്നീ സംഭരണ കേന്ദ്രങ്ങളിൽനിന്നും പ്രതിദിനം 300 ലിറ്റർ പാൽ സംഭരിച്ച് മുഴുവൻ പ്രാദേശികമായിത്തന്നെ വിൽപന നടത്തിവരുന്നു. പഞ്ചായത്തിലെ പാലുൽപാദനത്തിൻെറയും ഉപഭോഗത്തിൻെറയും വളരെ ചെറിയഭാഗം മാത്രമേ(10%) സംഘത്തിലൂടെ നിർവഹിക്കപ്പെടുന്നുള്ളൂ.

അഭ്യസ്തവിദ്യരായ വനിതകളുടെ തൊഴിൽസംരംഭമെന്ന നിലയിൽ ക്ഷീരവികസന വകുപ്പിൻെറ സഹകരണത്തോടെ പൊക്കുണ്ട് ആസ്ഥാനമായി ഒരു ക്ഷിരോൽപന്ന നിർമ്മാണ യൂനിറ്റ് പ്രവർത്തിച്ചുവരുന്നു. നാല് സ്ത്രീകൾ ജോലിചെയ്തുവരുന്ന ഇവിടെനിന്ന് പലതരത്തിലുള്ള പാൽ ഉല്പന്നങ്ങൾ നിർമ്മിച്ചുവരുന്നു.

ക്ഷിരോല്പാദക സഹകരണ സംഘത്തിലൂടെ കാലിത്തീററ ഉല്പാദകർക്ക് തവണ വ്യവസ്ഥയിൽ നൽകിവരുന്നു. ഡി.ആർ.ഡി.എ.യുടെ ഊർജ്ജിത കന്നുകുട്ടി പരിപാലന പദ്ധതിപ്രകാരം പകുതിവിലക്ക് കാലിത്തീറ്റ വിതരണം ചെയ്തുവരുന്നു. തീറ്റപ്പുൽകൃഷി, സൈലേജ് നിർമ്മാണം, തൊഴുത്ത് നിർമ്മാണം എന്നിവയ്ക് ക്ഷീരവികസന വകുപ്പ് നല്കിവരുന്ന സഹായങ്ങൾ സംഘത്തിലൂടെ വിതരണം ചെയ്യുന്നുണ്ട്.

പ്രശ്നങ്ങൾ

1. സ്വന്തമായി കെട്ടിടമില്ല.
2. ആവശ്യമായ ജീവനക്കാരില്ല.
3. ആവശ്യമായ ഘട്ടങ്ങളിൽ പാലിൻെറ ലഭ്യതക്കുറവും ലഭ്യതയുള്ള വിപണി കണ്ടെത്താൻ കഴിയാത്തതും പ്രവർത്തനത്തിന് തടസ്സമാകുന്നു.

സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് സംഭരണവും വിതരണവും വിപുലീകരിക്കണം.
2. മാതൃകാ ഡയറി യൂനിറ്റുകൾ സ്വയംതൊഴിൽ സംരംഭങ്ങളായി പ്രതിവർഷം 200എങ്കിലും പുതുതായി അനുവദിക്കണം.
3. സൗകര്യപ്രദമായ തൊഴുത്തുകൾ പണിയാൻ പ്രതിവർഷം 100 ഉല്പാദകർക്കെങ്കിലും സാമ്പത്തിക സഹായം ആവശ്യമാണ്.
4. ലാഭകരമായ പാലുല്പാദനത്തിനായി തീറ്റപ്പുൽകൃഷി വ്യാപകമാക്കണം. പഞ്ചായത്ത് പുറമ്പോക്ക് ഭൂമികളടക്കം ഇതിന് ഉപയോഗപ്പെടുത്തണം.
5. ക്ഷീരവിപണന മേഖലയിലെ എല്ലാ ആനുകൂല്യങ്ങളും ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം ക്ഷിരസംഘങ്ങളിലൂടെ നടപ്പാക്കണം.
6. നാടൻ പാലുല്പന്നങ്ങളുടെ ഗുണമേൻമ ബോദ്ധ്യപ്പെടുത്തി, വിപണി കണ്ടെത്തി സ്വയം തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കണം.
7. ക്ഷീരസംഘത്തോടൊപ്പം കൃത്രിമ ബീജ സങ്കലന കേന്ദ്രം പ്രവർത്തിപ്പിക്കണം.
8. മൃഗാസ്പത്രി സ്ഥാപിച്ച് ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുക.
9. കന്നുകാലി ഇൻഷൂറൻസ് വ്യാപകമാക്കുക.
10. കർഷകരെ ഈ മേഖലയിൽ ഉറപ്പിച്ചു നിർത്താൻ കഴിയും വിധം പ്രോത്സാഹജനകമായ പദ്ധതി ആവിഷ്കരിക്കണം.
11. കന്നുകാലിത്തീറ്റ, ധാതുലവണങ്ങൾ എന്നിവ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കണം.

സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | ആരംഭിച്ച വർഷം | അംഗങ്ങൾ | പിരിഞ്ഞു കിട്ടിയ ഓഹരി മൂല ധനം | ജീവനക്കാർ | | ലാഭം/നഷ്ടം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | കുറുമാത്തൂർ സർവീസ് സഹകരണ ബാങ്ക് | 1972 | 6927 | 18,88204/ | 1 | 8 | ലാഭം | ക്രെഡിറ്റ് സംഘം |
| 2 | കരിമ്പം ക്ഷീരോല്പാദക സഹകരണ സംഘം | 1982 | 252 | 3220/- | – | 4 | „ | – |
| 3 | തളിപ്പറമ്പ് ഇ.ടി.സി. സഹകരണ കൺസ്യൂമർ സ്റ്റോർ ലി. നമ്പർ സി 349 കരിമ്പം | 1971 | 261 | 1550/- | – | 1 | „ | – |
| 4 | വടക്കാഞ്ചേരി ചകിരിത്തൊഴിലാളി സഹകരണ സംഘം | 1995 | – | – | – | – | – | പ്രവർത്തനം തടങ്ങിയില്ല. |
| 5 | പൂമംഗലം യു.പി.സ്കൂൾ ഗ്രൂപ്പ് കോ.ഓപ്പ്. സൊസൈറ്റി | – | – | – | -- | – | – | – |
| 6 | കുറുമാത്തൂർ ഗവ: ഹൈസ്കൂൾ കോ.ഓപ്പ് സൊസൈറ്റി | 1986 | 32 | 285 | – | – | ലാഭം | – |
| 7 | ജില്ലാ പന്നിവളർത്ത് സഹകരണ സംഘം (മലബാർ മീറ്റ്) | – | – | – | -- | – | -- | കോഴിവളർത്തകേന്ദ്രമായി പ്രവർത്തിക്കുന്നു. |
| 8 | കുറുമാത്തൂർ വനിതാ സഹകരണ സംഘം | – | – | – | – | – | – | പ്രവർത്തിക്കുന്നില്ല |
| 9. | കുറുമാത്തൂർ സെറി കൾച്ചർ സഹകരണ സംഘം | – | – | – | – | – | – | „ |
| 10. | പന്നിയൂർ സഹകരണ കൺസ്യൂമർ സ്റ്റോർ | – | – | – | – | – | – | „ |

# 3. ഇതര സംഘങ്ങൾ

ആന്തൂർ പഞ്ചായത്ത് വനിതാ വ്യവസായ സഹകരണ സംഘത്തിൻെറ ഒരു ടി.വി. അസംബ്ലിംഗ് യൂനിറ്റ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തനം കാര്യക്ഷമമല്ല.

ജില്ലാ പന്നിവളർത്ത് സഹകരണ സംഘത്തിൻെറ കീഴിൽ മലബാർ മീറ്റ് എന്ന പേരിൽ കുറുമാത്തൂർ പൊക്കുണ്ടിൽ ഒരു മീറ്റ് ഡ്രസ്സിംഗ് യൂനിറ്റ് ഉണ്ട്. ഇപ്പോൾ ഇത് പ്രവർത്തനരഹിതമാണ്.

**സാദ്ധ്യതകൾ നിർദ്ദേശങ്ങൾ**

1. ഗ്രാമത്തിൻെറ എല്ലാ സാമ്പത്തിക പ്രശ്നങ്ങളും കൈകാര്യം ചെയ്യാൻ കഴിയുംവിധം വിവിധ സഹകരണ സംഘങ്ങളെ ശക്തമാക്കണം.
2 . സ്കൂൾ സഹഹകരണ സംഘങ്ങളിലൂടെ പാഠപുസ്തകങ്ങൾക്ക് പുറമേ വിദ്യാർത്ഥികൾക്കാവശ്യമായ യൂനിഫോമുകൾ, ബാഗുകൾ, നോട്ടുബുക്കുകൾ, കുടകൾ മുതലായവ വിതരണം ചെയ്യാൻ കഴിയണം.
3. പഞ്ചായത്തിൽ സുലഭമായ കാർഷിക വിഭവങ്ങളുടെസംസ്കരണത്തിനും അവയിലൂടെ ഉപഭോഗ വസ്തുക്കളുടെ നിർമ്മിതിക്കും വേണ്ടിയുള്ള യൂനിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.
4. മുയ്യം, ചെപ്പനൂൽ, വടക്കാഞ്ചേരി പ്രദേശങ്ങൾ അടിസ്ഥാനമാക്കി കൈത്തറി സഹകരണസംഘം സ്ഥാപിക്കുക.
5. പഞ്ചായത്തിൽ സുലഭമായി കണ്ടുവരുന്ന വനിതാ ഗാർമെൻറ്സ് യൂനിറ്റുകളേയും അവയിലെ ജീവനക്കാരേയും ഏകോപിപ്പിച്ച് വനിതാ സഹകരണ സംഘത്തിൻെറ കീഴിൽ കൊണ്ടുവരണം.
6. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ സഹകരണ സംഘം രൂപീകരിക്കണം.
7. ടി.വി. അസംബ്ലിംഗ് യൂനിറ്റിന് പ്രവർത്തിക്കാനാവശ്യമായ സാധനസാമഗ്രികളും സാമ്പത്തിക സഹായവും ലഭ്യമാക്കണം.
8. തളിപ്പറമ്പ് ബ്ലോക്ക് ഖാദി പ്രൊഡ്യൂസേഴ്സ് ഇൻറസ്ട്രീയൽ കോ.ഓപ്പ്.സൊസൈറ്റിയുടെ വേളിപ്പാറ യൂനിറ്റ് പുനരുദ്ധരിക്കണം.

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

കുറുമാത്തൂർ പഞ്ചായത്തിലെ പട്ടികജാതിക്കാർ ഭൂരിഭാഗവും പുലയൻ വിഭാഗത്തിൽപ്പെടുന്ന കർഷകത്തൊഴിലാളികളാണ്. അടിച്ചമർത്തപ്പെട്ട ഈ വിഭാഗം കർഷകസമരങ്ങളിലൂടെയും ഭൂപരിഷ്കരണം വഴിയുമാണ് ഉയിർത്തെഴുന്നേറ്റത്. ഇന്ന് ഈ വിഭാഗത്തിൽപ്പെട്ട ഒട്ടേറെപ്പേർ കാർഷികരംഗംവിട്ട് മറ്റുതൊഴിലുകളിലേർപ്പെട്ടിട്ടുണ്ട്. (ഉദാ: ചെങ്കല്ല് വെട്ട്, കെട്ടിടനിർമ്മാണം തുടങ്ങിയവ). പട്ടിക ജാതിവിഭാഗത്തിൽ വണ്ണാൻ, മലയൻ, വള്ളുവൻ, പുള്ളുവൻ എന്നീ വിഭാഗങ്ങളും ഉണ്ട്. വണ്ണാൻ, മലയൻ എന്നീ വിഭാഗങ്ങൾ പരമ്പരയായി തെയ്യം കലാകാരന്മാരും "ചെറുജന്മാ"വകാശികളുമായിരുന്നു. എന്നാൽ ഇന്ന് ഈ തൊഴിൽ തുടരുന്നവർ വിരളമാണ്.

ഇന്ന് തീണ്ടലോ മറ്റ് അനാചാരങ്ങളോ ആചരിക്കപ്പെടുന്നില്ല. ജാതിപരമായ ഉച്ചനീചത്വം നിലവിലില്ല. ഈ വിഭാഗക്കാരുടെ വിവാഹച്ചടങ്ങുകൾക്കും മറ്റും അന്യവിഭാഗക്കാരും പങ്കെടുക്കാറുണ്ട്. എങ്കിലും പട്ടികജാതി വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ ഇനിയും പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. ഭൂരിഭാഗം പേരും സാമ്പത്തികസ്ഥിതിയിലും ആരോഗ്യപരിപാലനരംഗത്തും പിന്നോക്കം നിൽക്കുന്നു. അഭ്യസ്തവിദ്യരുടെ ഇടയിൽ തൊഴിലില്ലാത്തവർ ധാരാളമുണ്ട്. സ്വയം തൊഴിൽ കണ്ടെത്തൽ ഈ വിഭാഗത്തിന് വിജയപ്രദമായിട്ടില്ല. 57 പട്ടികജാതികുടുംബങ്ങൾക്ക് 1992 നുശേഷം ഐ.ആർ.ഡി.പി. ധനസഹായം നൽകിയിട്ടുണ്ട്. പക്ഷെ അതുവഴി സാമ്പത്തിക സ്ഥിതി ഉയർത്താൻ മിക്കകുടുംബങ്ങൾക്കും സാധിച്ചിട്ടില്ല.

കുറുമാത്തൂർ പഞ്ചായത്തിൽ 767 പട്ടിക ജാതിക്കാരും 3 പട്ടിക വർഗ്ഗക്കാരും ഉണ്ട്. (1991 ലെ സെൻസസ്) ഇതിൽ 465 പേർ 6 പട്ടികജാതി കോളനികളിലായി അധിവസിക്കുന്നു.

പട്ടിക-1. പട്ടികജാതിക്കാരുടെ സ്ഥിതി വിവരകണക്ക്

| ക്രമനമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | | | | ജനസംഖ്യ | |
|---|---|---|---|---|---|---|---|---|
| | | | ഓട് | ഓല | മറ്റു | ആകെ | പു | സ്ത്രീ |
| 1. | 1 | എസ്.പി. ബസാർ | 10 | 2 | -- | 12 | | |
| 2. | 7 | ഭണ്ഡാരപ്പാറ | 17 | – | | 17 | | |
| 3. | 7 | അടുക്കം | 10 | – | 1 | 11 | 225 | 240 |
| 4. | 8 | പാറാട് | 11 | - | – | 11 | | |
| 5. | 8 | ചെപ്പനൂൽ | 14 | 1 | – | 15 | | |
| 6. | 10 | കുറുമാത്തൂർ ഡയറി | 9 | 5 | - | 14 | | |
| 7. | മറ്റുപ്രദേശങ്ങളിൽ താമസിക്കുന്നവർ | | 48 | – | -- | 48 | 165 | 147 |
| | ആകെ | | 118 | | 91 | 127 | 380 | 387 |

**പട്ടികജാതി വിദ്യാർത്ഥികൾ**

(ഹൈസ്കൂൾതലം)

| | |
|---|---|
| ആൺകുട്ടികൾ | 112 |
| പെണ്കുട്ടികൾ | 81 |
| ആകെ | 193 |

ജനസംഖ്യയിൽ സ്ത്രീകൾ കൂടുതലാണെങ്കിലും സ്കൂളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണം കുറവാണ്. പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്കാണ് ഇതിന് കാരണം.

പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്.(പട്ടികകാണുക) കുടിവെള്ളം, വൈദ്യുതി എന്നിവ ആവശ്യമുള്ള കോളനികളുണ്ട്. ചില കോളനികളിലേക്ക് റോഡുകളില്ല. ഉള്ളവ ഗതാഗത യോഗ്യമല്ല. കുടിലുകൾ മാറ്റി സാനിറ്ററി കക്കൂസുകൾ, കുളിമുറി മുതലായ സൗകര്യങ്ങളോടുകൂടിയ വീടുകൾ ഇനിയും പണിയാനുണ്ട്.

വീട്, കക്കൂസ് എന്നിവക്ക് ലഭിക്കുന്ന ധനസഹായം അപര്യാപ്തമാണ്.

പട്ടിക-2. പട്ടികജാതി കോളനികളിലെ സൗകര്യങ്ങൾ

| ക്രമ നമ്പർ | കോളനിയുടെപേര് | ഗതാഗത സൗകര്യം | വൈദ്യുതി | കുടിവെള്ളം | സാംസ്കാരിക കേന്ദ്രം |
|---|---|---|---|---|---|
| 1. | എസ്.പി. ബസാർ | പരിമിതം | ഇല്ല | ഉണ്ട് | ഇല്ല |
| 2. | ഭണ്ഡാരപ്പാറ | പരിമിതം | ഇല്ല | പരിമിതം | ഇല്ല |
| 3. | അടുക്കം | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 4. | പാറാട് | പിരിമിതം | ഉണ്ട് | ഉണ്ട് | ഇല്ല |
| 5. | ചെപ്പനൂൽ | പരിമിതം | ഉണ്ട് | പരിമിതം | ഇല്ല |
| 6. | കുറുമാത്തൂർ | ഉണ്ട് | ഇല്ല | പരിമിതം | ഇല്ല |

**പ്രശ്നങ്ങൾ**

1. ഭണ്ഡാരപ്പാറ, പാറാട്, കാരാക്കൊടി, എസ്.പി. ബസാർ, ചെപ്പനൂൽ എന്നീ പട്ടികജാതി അധിവാസ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്.
2. കോളനികളിൽ ഭൂരിഭാഗം കുടുംബങ്ങൾക്കും കക്കൂസില്ല.
3. അടുക്കം കോളനിയിലേക്ക് ഗതാഗത സൗകര്യമില്ല.
4. ഭണ്ഡാരപ്പാറ, ചെപ്പനൂൽ, കുറുമാത്തൂർഡയറി, പാറാട് എന്നീ കോളനികളിലേക്കുള്ള റോഡുകൾ ഗതാഗതക്ഷമമല്ല.
5. ഭണ്ഡാരപ്പാറ, എസ്.പി. ബസാർ, കുറുമാത്തൂർഡയറി എന്നീ കോളനികൾ വൈദ്യുതീകരിച്ചിട്ടില്ല.
6. വൈദ്യുതി എത്തിയ കോളനികളിൽ നിർദ്ധന കുടുംബങ്ങൾക്ക് വയറിങ്ങ് സാമ്പത്തിക സഹായം ആവശ്യമാണ്.
7. കുറുമാത്തൂർ ഡയറിയിലുള്ള പട്ടികജാതി കുടുംബങ്ങളുടെ ഭൂമിക്ക് ഇതേവരെ പട്ടയം ലഭിച്ചിട്ടില്ല.
8. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമാണ്.
9. സ്വന്തമായി വീടോ വീടുവെക്കാൻ സ്ഥലമോ ഇല്ലാത്ത കുടുംബങ്ങളുണ്ട്.
10. ആരോഗ്യ സംരക്ഷണസംവിധാനമില്ല.
11. വായ്പകളും ധനസഹായങ്ങളും ലക്ഷ്യം നേടുന്നില്ല. ചിലപ്പോഴെങ്കിലും ദുരുപയോഗപ്പെടുത്തുന്നു.

**സാധ്യതകൾ**

1. കുടിവെള്ളപ്രശ്നം പരിഹരിക്കാൻ സ്ഥിരംസംവിധാനം വേണം.
2. വീടുകളും കക്കൂസുകളും നിർമ്മിക്കാനും സ്ഥലം വാങ്ങാനും കൂടുതൽ ധനസഹായം.
3. കോളനികളിലേക്ക് റോഡുണ്ടാക്കുക, നിലവിലുള്ള റോഡുകൾ ടാർചെയ്യുക.
4. വൈദ്യുതീകരിച്ചിട്ടില്ലാത്ത കോളനികൾ വൈദ്യുതീകരിക്കുക. വൈദ്യുതീകരിക്കാനും വീടുകൾക്ക് വയറിങ്ങിനും ധനസഹായം അനുവധിക്കുക.
5. പട്ടികജാതിക്കാരായ കർഷകർക്ക് സാമ്പത്തിക സഹായം അനുവദിക്കുക.
6. യുവതീ യുവാക്കൾക്ക് പച്ചക്കറി കൃഷിയിൽ പ്രോത്സാഹനം നൽകുക.
7. പട്ടികജാതി കലാകാരന്മാർക്ക് പാരമ്പര്യ കലകളിൽ പ്രോത്സാഹനവും സംരക്ഷണവും നൽകുക.
8. കോളനികളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ധനസഹായവും ടി.വി തുടങ്ങിയ വാർത്താമാധ്യമങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
9. കുറുമാത്തൂർ ഡയറിയിലെ കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കണം.
10. പൊതുശ്മശാന സൗകര്യം ഉണ്ടാക്കണം.

# വിഭവസമാഹരണം

വിഭവസമാഹരണത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് കുറുമാത്തൂർ. സേവന നികുതികൾ ഇല്ല. വിനോദനികുതിയിനത്തിലെ അല്പം വരുമാനവും ഇപ്പോഴില്ല. ബസ്സ്റ്റാൻറ്, ഷോപ്പിംഗ് കോംപ്ലക്സ്, വ്യവസായ എസ്റ്റേറ്റ്, മാർക്കറ്റ് എന്നിവയും ഇല്ല. നികുതിയേതര വരുമാനങ്ങൾ തുലോം കമ്മിയാണ്.

സമഗ്രവികസനം ഫലപ്രദമാക്കണമെങ്കിൽ വരുമാനം വലിയതോതിൽ വർദ്ധിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള വരുമാന ശ്രോതസ്സുകൾ ചോർന്നുപോകാതെ ശേഖരിക്കുകയും പുതിയവ കണ്ടെത്തുകയും ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും വേണം.

പഞ്ചായത്തിലെ കഴിഞ്ഞ അഞ്ചുകൊല്ലത്തെ വരവുചെലവ് കണക്കുകൾ താഴെ കൊടുക്കുന്നു.

| വർഷം | ആകെ വരവ് | ആകെ ചെലവ് |
|---|---|---|
| 1991-92 | 99,99,147.00 | 9,01,768.00 |
| 1992-93 | 12,65,921.00 | 10,03,306.00 |
| 1993-94 | 15,73,870.00 | 22,84,111.00 |
| 1994-95 | 19,38,862.00 | 23,15,361.00 |
| 1995-96 | 24,38,345.00 | 21,05,851.00 |

വിവിധ തുറകളിലുള്ള വരവും ചെലവും കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

വരവ്

| ഇനം | 1985-86 | 1991-92 | 1995-96 |
|---|---|---|---|
| 1. കെട്ടിടനികുതി | 33188.00 | 93850.00 | 218241.00 |
| 2. വിനോദ നികുതി | - | - | 25311.00 |
| 3. തൊഴിൽനികുതി | 25733.00 | 72222.00 | 137857.00 |
| 4. ലൈസൻസ് ഫീസ് | 6274.00 | 11192.00 | 14349.00 |
| 5. ലേലവരുമാനം | 10,150.00 | 90,280.00 | 758765.00 |
| 6. ഉപാധിരഹിതഫണ്ട് | - | 201000.00 | 299740.00 |
| 7. ഗ്രാൻറുകൾ | 78002.00 | 200240.00 | 626317.00 |
| 8. ജെ.ആർ.വൈ. | - | 2,82,747.00 | 179973.00 |
| ആകെ | | | |

ചെലവുകൾ

| ഇനം | 1985-86 | 1991-92 | 1995-96 |
|---|---|---|---|
| 1. എസ്റ്റാബ്ലിഷ്മെൻറ് | 66456.00 | 262142.00 | 416306.00 |
| 2. പൊതുമരാമത്ത് | 57718.00 | 310646.00 | 1454891.00 |
| 3. വിദ്യാഭ്യാസം-സംസ്കാരം | 6978.00 | 27513.00 | 89585.00 |
| 4. ജലവിതരണം | - | - | 73799.00 |
| 5. കിണർ റിപ്പേർ | - | 5558.00 | 1000.00 |

| | | | |
|---|---|---|---|
| 6. ആരോഗ്യം | 390.00 | 3697.00 | 1625.00 |
| 7. ശ്മശാന നിർമ്മാണം | 27556.00 | – | 17355.00 |
| 8. കേരളോൽസവം | – | 4800.00 | 5000.00 |
| 9. തെരുവ് വിളക്ക് | 11652.00 | 10533.00 | 11232.00 |
| 10. ചെറുകിട ജലസേചനം | 2400.00 | – | 11545.00 |
| 11. സാമൂഹ്യക്ഷേമം | – | 2425.00 | 1789.00 |
| 12. പഞ്ചായത്ത് സ്വത്തുകളുടെ സംരക്ഷണം | 2779.00 | 9715.00 | 21734.00 |
| ആകെ | | | |

മേൽ കൊടുത്ത കണക്കുകളിൽനിന്ന് വരുമാനം ക്രമാനുഗതമായി കൂടിയിട്ടുണ്ടെങ്കിലും ചെലവുകളും അതുപോലെ വർദ്ധിച്ചിട്ടുണ്ടെന്ന് കാണാവുന്നതാണ്. ചെലവിനത്തിൽ 70% മരാമത്ത് പണികൾക്കും, 20% എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിലും ആണ് പഞ്ചായത്തിൻെറ തനത് നികുതി വരുമാനം. എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾക്ക് നികുതിയില്ല.

പ്രധാന വിഭവങ്ങൾ താഴെ പറയുന്നവയാണ്:

1. കാർഷിക ഭൂമിയും വിഭവങ്ങളും.
2. ജലവിഭവം.
3. പൂഴിശേഖരണം.
4. പഞ്ചായത്ത് പുറമ്പോക്ക് ഭൂമികൾ
5. സർക്കാർ റിസർവ് ഭൂമി (ചെങ്കൽപാറ)
6. സ്വകാര്യ ചെങ്കൽ, കരിങ്കൽ ക്വാറികൾ
7. സ്വകാര്യ തരിശുഭൂമി,
8. പാഴായിപ്പോകുന്ന മനുഷ്യവിഭവം

മേൽ പറഞ്ഞ വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.

## ധനകാര്യസ്ഥാപനങ്ങൾ

കുറുമാത്തൂർ സർവ്വീസ് സഹകരണ ബേങ്കും അതിൻെ പൂവം ശാഖയും നോർത്ത് മലബാർ ഗ്രാമീൺ ബേങ്കിൻെ പൊക്കുണ്ട് ശാഖയുമാണ് പഞ്ചായത്തിലുള്ള ധനകാര്യ സ്ഥാപനങ്ങൾ.

## പഞ്ചായത്ത് ഭരണ സംവിധാനം

പഞ്ചായത്തിന് ഇന്ന് സ്വന്തമായി ആഫീസ് ഉണ്ടെങ്കിലും ഭരണസമിതിക്കും ജീവനക്കാർക്കും ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഇല്ല. കെട്ടിടമാകട്ടെ, സുരക്ഷിതവുമല്ല. അടിയന്തിരമായും പുതിയ ആഫീസ് കെട്ടിടം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതോടുകൂടി നിലവിലുള്ള ജീവനക്കാരുടെ ജോലിഭാരം വർദ്ധിച്ചിരിക്കുന്നു. അതിനനുസരിച്ച് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കേണ്ടതാണ്. സമയബന്ധിതമായി പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിന് ഇത് ആവശ്യമാണ്.

**പ്രശ്നങ്ങൾ**

1. വിദേശത്ത് ജോലിചെയ്യുന്നവരുടെ വരുമാനം പ്രത്യുല്പാദനപരമായി ഉപയോഗപ്പെടുത്തുന്നില്ല.

2. മനുഷ്യവിഭവശേഷി സന്നദ്ധ പ്രവർത്തനങ്ങൾക്ക് ഉപയുക്തമാവുന്നില്ല.

3. ഭൂമി വിലകുറച്ച് കരണങ്ങൾ റജിസ്ട്ര് ചെയ്യുന്നതുമൂലം സ്റ്റാമ്പ് ഡ്യൂട്ടി വരുമാനങ്ങൾ കുറയുന്നു,

4. നികുതി നിർണ്ണയം കുറ്റമറ്റതല്ല.

5. പുറമ്പോക്ക് ഭൂമികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

6. പഞ്ചായത്തിലുണ്ടായിരുന്ന ഒരു സിനിമാതീയേറ്റർ ഇന്ന് ഇല്ലാതായിരിക്കുകയാണ്.

7. സർക്കാർ ഗ്രാൻറുകൾ നിശ്ചിത തോതിൽ യഥാസമയം ലഭിക്കുന്നില്ല.

**സാധ്യതകൾ**

1. നികുതി നിർണ്ണയം കുറ്റമറ്റതും കാര്യക്ഷമവുമാക്കണം.

2. ഒരു പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ഏർപ്പെടുത്തണം.

3. വിദേശ മലയാളികളുടെ വരുമാനം ചെറുകിട വ്യവസായ മേഖലയിൽ മുതലിറക്കാനുള്ള പരിശ്രമം. അതിനു സാദ്ധ്യതയില്ലാത്തപ്പോൾ നിക്ഷേപം ദേശീയ സമ്പാദ്യ പദ്ധതിയിലേക്കോ സർവീസ് ബാങ്കിലേക്കോ ആകർഷിപ്പിക്കണം.

4. കുറുമാത്തൂർ ബേങ്കിന് കണ്ണംവയലിൽ ഒരു ശാഖയും പൊക്കുണ്ടിലോ ഇ.ടി.സി.ക്ക് സമീപമോ ഒരു സായാഹ്നശാഖയും വേണം.

5. ഗ്രാമീൺ ബേങ്കിൻെ ശാഖ പന്നിയൂരിൽ സ്ഥാപിക്കണം.

6. സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

7. സർക്കാർ പഞ്ചായത്ത് ഭൂമികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തണം.

8. സർക്കാർ ഗ്രാന്റുകൾ നിയമം/ചട്ടങ്ങൾ അനുശാസിക്കുന്ന തോതിൽ യഥാ സമയം ലഭ്യമാക്കണം.

9. പഞ്ചായത്തിന് പുതിയ ആഫീസ് കെട്ടിടവും ജോലിഭാരത്തിനനുസിരിച്ച് പുതുക്കിയ സ്റ്റാഫ് പാറ്റേണു ആവശ്യമാണ്.

---

# കേരളം



# കുറുമാത്തൂർ പഞ്ചായത്ത് (വാർഡുകൾ)




TIME OFFSET PRINTERS, TPBA. PH:202225